# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നീലേശ്വരം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കാസറഗോഡ്-671123**

**ഇ-മെയിൽ: doksd.ksad@kerala.gov.in**

**ഫോൺ : 04994-256690**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി 4/770/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 13/12/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
നീലേശ്വരം മുനിസിപ്പാലിറ്റി

സർ,

**വിഷയം : നീലേശ്വരം മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീലേശ്വരം മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഇ.മെയിൽ)
2) സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ് തിരുവനന്തപുരം ( ഉപരിപത്രം സഹിതം)
3) റീജിയണൽ ജോയന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ് , കോഴിക്കോട് (ഉപരിപത്രം സഹിതം)
4)കാര്യാലയപകർപ്പ്

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി 4/770/2021 തീയ്യതി: 13/12/2021

## കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നാരായണ കമ്മത്ത് .പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 11-10-2021 | 26-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-10-2021 | 26-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

വിനോദ് കുമാർ.സി. ഓഡിറ്റ് ഓഫീസർ
തോമസ്.കെ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രഘുനാഥൻ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിൽ കുമാർ. എം. സീനിയർ ഗ്രേഡ് ഓഡിറ്റർ
ബിന്ദു.വി.വി, ഓഡിറ്റർ

ഹരി വേണുഗോപാലൻ .കെ.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രൊഫ. കെ.പി. ജയരാജൻ | ചെയർമാൻ | 01-04-2019 | 31-03-2020 |
| മനോജ് കുമാർ. ടി. | സെക്രട്ടറി | 01-04-2019 | 05-12-2019 |
| ശിവജി. സി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സി.അബ്ദുൾ റഫീഖ് | ഹെൽത്ത് ഓഫീസർ | 01-04-2019 | 05-08-2019 |
| സുബൈർ. കെ.പി. | ഹെൽത്ത് ഓഫീസർ | 06-08-2019 | 31-03-2020 |
| ഗണേശൻ. കെ | മുനിസിപ്പൽ എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| രേഷ്മ. കെ.പി. | കൃഷി ഓഫീസർ | 01-04-2019 | 08-10-2019 |
| ഷിജോ. കെ.എ | കൃഷി ഓഫീസർ | 09-10-2019 | 31-03-2020 |
| അനുമോൾ. പി.ജെ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| പ്രമോദ്. കെ. | പ്രൊജക്ട് ഓഫീസർ നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2019 | 31-03-2020 |
| ഡോ. ജമാൽ അഹമ്മദ്. എ. | മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) | 01-04-2019 | 31-03-2020 |
| ഡോ.പ്രിയ.കെ. ടി. | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.രമേശൻ .പി.വി. | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-05-2019 |
| ഡോ. രതീഷ്.പി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-06-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.പ്രദീപ് കുമാർ.പി.വി | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| സാജൻ ജോസഫ് | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ബാബു. എ). | പട്ടിക വർഗ്ഗ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| സതീഷ് കുമാർ. പി.വി | പട്ടിക ജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ജോസ് ബാബു | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| റംലാബിബി. സി.കെ. | പ്രിൻസിപ്പാൾ- ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ | 01-04-2019 | 31-05-2019 |
| അബ്ദുൾലത്തീഫ്. എൻ | പ്രിൻസിപ്പാൾ- ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ | 01-06-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Thomas. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 28-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 28-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 12-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sunilkumar. M (Senior Grade Auditor, On 28-11-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 28-11-2021) | 1-3 |
| 4 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Sunilkumar. M (Senior Grade Auditor, On 28-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 09-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Raghunadhan. K (Asst. Audit Officer, On 29-11-2021)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 29-11-2021) | 1-5 |
| 6 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി<br>Written By: Vinoth Kumar C (Audit Officer, On 29-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 29-11-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Raghunadhan. K (Asst. Audit Officer, On 29-11-2021)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 29-11-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Bindu.V.V (Auditor, On 29-11-2021)<br>Last Updated By: Bindu.V.V (Auditor, On 29-11-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Vinoth Kumar C (Audit Officer, On 29-11-2021)<br>Last Updated By: Narayana Kammath P (Senior Deputy Director, On 13-12-2021) | 1-9 |
| 10 | വസ്തു നികുതി-പൊതു അപാകതകൾ<br>Written By: Hari Venugopalan K V (Auditor, On 28-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 12-12-2021) | 1-10 |
| 11 | തൊഴിൽ നികുതി-അപാകതകൾ<br>Written By: Hari Venugopalan K V (Auditor, On 28-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 12-12-2021) | 1-11 |
| 12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ<br>Written By: Hari Venugopalan K V (Auditor, On 28-11-2021)<br>Last Updated By: Hari Venugopalan K V (Auditor, On 28-11-2021) | 1-12 |
| 13 | ചെക്ക് റിട്ടേൺ മെമ്മോ ലഭിച്ചിട്ടും നിയമനടപടി സ്വീകരിച്ചില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 28-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 12-12-2021) | 1-13 |
| 14 | ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിച്ച തുക നഗരസഭാ ഫണ്ടിലേക്ക് അടക്കുന്നില്ല.<br>Written By: Vinoth Kumar C (Audit Officer, On 29-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 13-12-2021) | 1-14 |
| 15 | ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല. | 1-15 |

| | | |
|---|---|---|
| | Written By: Raghunadhan. K (Asst. Audit Officer, On 29-11-2021)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 29-11-2021) | |
| 16 | ആർജിത അവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനുമുൻപേ ജീവനക്കാർക്ക് ആർജിത അവധി സറണ്ടർ അനുവദിച്ചു- അപാകത.<br>Written By: Raghunadhan. K (Asst. Audit Officer, On 29-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 12-12-2021) | 1-16 |
| 17 | ആദായനികുതി റിട്ടേൺ യഥാസമയം ഫയൽ ചെയ്തില്ല-ഫൈൻ തുക ഒടുക്കിയത്<br>Written By: Raghunadhan. K (Asst. Audit Officer, On 29-11-2021)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 29-11-2021) | 1-17 |
| 18 | കൊട്ടുമ്പുറം-ചീർമ്മക്കാവ് റോഡിലെ വൈദ്യുതി തൂൺ മാറ്റി സ്ഥാപിക്കൽ - തുക ചെലവഴിച്ചത്<br>Written By: Raghunadhan. K (Asst. Audit Officer, On 29-11-2021)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 29-11-2021) | 1-18 |
| 19 | കാര്യക്കോട് അംഗൻവാടി റോഡിലെ വൈദ്യുതി തൂൺ മാറ്റി സ്ഥാപിക്കൽ -തുക ചെലവഴിച്ചത്<br>Written By: Raghunadhan. K (Asst. Audit Officer, On 29-11-2021)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 29-11-2021) | 1-19 |
| 20 | ചാത്തമത്ത് നിർദ്ദിഷ്ട ഗ്യാസ് ക്രിമിറ്റോറിയത്തിന് സമീപത്തെ വൈദ്യുതി തൂൺ മാറ്റി സ്ഥാപിക്കൽ -തുക ചെലവഴിച്ചത്<br>Written By: Raghunadhan. K (Asst. Audit Officer, On 29-11-2021)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 29-11-2021) | 1-20 |
| 21 | കടിഞ്ഞിമൂല GWLPസ്കൂളിന് സമീപത്തെ വൈദ്യുതി തൂൺ മാറ്റി സ്ഥാപിക്കൽ -തുക ചെലവഴിച്ചത്<br>Written By: Raghunadhan. K (Asst. Audit Officer, On 29-11-2021)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 29-11-2021) | 1-21 |
| 22 | നീലായി കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം-തുക ചെലവഴിച്ചത്<br>Written By: Raghunadhan. K (Asst. Audit Officer, On 29-11-2021)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 29-11-2021) | 1-22 |
| 23 | നിർദ്ദിഷ്ട ഇ.എം.എസ് സ്റ്റേഡിയത്തിലെ എച്ച്.ടി/എൽ.ടി ലൈൻ മാറ്റൽ പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 29-11-2021)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 29-11-2021) | 1-23 |
| 24 | നഗരസഭാ വാഹനങ്ങളുടെ ടയർ മാറ്റുന്നതിന് തുക ചെലവഴിച്ചത്<br>Written By: Raghunadhan. K (Asst. Audit Officer, On 29-11-2021)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 29-11-2021) | 1-24 |
| 25 | നഗരസഭാ വാഹനത്തിന്റെ അറ്റകുറ്റപ്പണി തുക ചെലവഴിച്ചത്<br>Written By: Raghunadhan. K (Asst. Audit Officer, On 29-11-2021)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 29-11-2021) | 1-25 |
| 26 | വാർഡ് ശുചീകരണത്തിന് തുക ചെലവഴിച്ചത്-ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 29-11-2021)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 29-11-2021) | 1-26 |
| 27 | നഗരസഭാ ഓഫീസിൽ ഇന്റർകോം സ്ഥാപിക്കൽ പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 29-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 12-12-2021) | 1-27 |
| 28 | 2019-20 വർഷത്തിൽ മുൻകൂർ നൽകിയത് | 1-28 |

| | | |
|---|---|---|
| | ക്രമീകരിക്കാത്തത്<br>Written By: Raghunadhan. K (Asst. Audit Officer, On 29-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 12-12-2021) | |
| 29 | 2019-20 ന് മുമ്പുള്ള സാമ്പത്തിക വർഷങ്ങളിൽ മുൻകൂർ നൽകിയത് നാളിതുവരെ ക്രമീകരിക്കാത്തത്<br>Written By: Raghunadhan. K (Asst. Audit Officer, On 29-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 12-12-2021) | 1-29 |
| 30 | 2016-17,2017-18 വർഷത്തിൽ മുൻകൂർ നൽകിയത് ക്രമീകരിക്കാത്തത്, ക്യാരി ഓവർ ചെയ്യാതെ ഒഴിവാക്കി.<br>Written By: Raghunadhan. K (Asst. Audit Officer, On 29-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 12-12-2021) | 1-30 |
| 31 | പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിനു ചുമത്തിയ പിഴ - തുക പിൻവലിച്ച് നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചു.<br>Written By: Vinoth Kumar C (Audit Officer, On 29-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 29-11-2021) | 1-31 |
| 32 | മരാമത്ത് പ്രവൃത്തികളുടെ കരാർ ഒപ്പിടാൻ കരാർ തുകയ്ക്ക് ആനുപാതികമായ മൂല്യമുള്ള മുദ്ര പേപ്പർ ഉപയോഗിച്ചില്ല.<br>Written By: Vinoth Kumar C (Audit Officer, On 29-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 29-11-2021) | 1-32 |
| 33 | സ്ട്രക്ചറൽ ഡിസൈൻ & സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് കൺസൾട്ടൻസി ചാർജ് നൽകിയപ്പോൾ ആദായനികുതി ഈടാക്കിയിട്ടില്ല.<br>Written By: Vinoth Kumar C (Audit Officer, On 29-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 29-11-2021) | 1-33 |
| 34 | ജി.എസ്.ടി ഘടകം എസ്റ്റിമേറ്റിൽ ഉൾപ്പടുത്തിയപ്പോൾ നിരക്കിൽ കുറവുണ്ടായിട്ടില്ല.<br>Written By: Vinoth Kumar C (Audit Officer, On 29-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 12-12-2021) | 1-34 |
| 35 | നിക്ഷേപ പ്രവർത്തികൾക്ക് കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക തിരികെ നല്കിയത്, സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 28-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 12-12-2021) | 1-35 |
| 36 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് -അർഹതപ്പെട്ട തുക നൽകിയിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 28-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 12-12-2021) | 1-36 |
| 37 | പഠനമുറി നിർമ്മാണം-ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Hari Venugopalan K V (Auditor, On 28-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 12-12-2021) | 1-37 |
| 38 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ-രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Hari Venugopalan K V (Auditor, On 28-11-2021)<br>Last Updated By: Hari Venugopalan K V (Auditor, On 28-11-2021) | 1-38 |
| 39 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വയോജങ്ങൾക്ക് കട്ടിൽ - രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Hari Venugopalan K V (Auditor, On 28-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 12-12-2021) | 1-39 |
| 40 | | 1-40 |

| | | |
|---|---|---|
| | നീലേശ്വരം താലൂക്ക് ആശുപത്രി എക്സറേ യൂണിറ്റ് സ്ഥാപിക്കൽ<br>Written By: Thomas. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 12-12-2021) | |
| 41 | താലൂക്ക് ആശുപത്രിയിലേയ്ക്ക് ലാബ് റീ ഏജന്റ് വാങ്ങൽ- ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.<br>Written By: Thomas. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 28-11-2021) | 1-41 |
| 42 | ബഡ്സ് സ്കൂളിന് ഫർണിച്ചർ വാങ്ങൽ -അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 12-12-2021) | 1-42 |
| 43 | സ്വച്ഛ് ഭരത് മിഷൻ (നഗരം) - ഖരമാലിന്യപരിപാലനം പദ്ധതി - ഫണ്ട് നഷ്ടപ്പെടുത്തി.<br>Written By: Raghunadhan. K (Asst. Audit Officer, On 29-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 12-12-2021) | 1-43 |
| 44 | പി.എം.എ.വൈ. ഭവന പദ്ധതി.<br>Written By: Raghunadhan. K (Asst. Audit Officer, On 29-11-2021)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 29-11-2021) | 1-44 |
| 45 | ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നില്ല-തീർപ്പാക്കുവാനവശേഷിക്കുന്നത് 524 ഖണ്ഡികകൾ<br>Written By: Thomas. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 28-11-2021) | 1-45 |
| 46 | ചെയർമാന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Raghunadhan. K (Asst. Audit Officer, On 29-11-2021)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 29-11-2021) | 1-46 |
| 47 | നഗരസഭ പെൻഷൻഫണ്ട്- അവലോകനം<br>Written By: Raghunadhan. K (Asst. Audit Officer, On 29-11-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 12-12-2021) | 1-47 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 28-11-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 28-11-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 28-11-2021) | 4-3 |
| 4 | മൊബലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Thomas. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 28-11-2021) | 4-4 |
| 5 | വായ്പ /വായ്പാ തിരിച്ചടവ്<br>Written By: Thomas. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 28-11-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |

| | | |
|---|---|---|
| | Written By: Thomas. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 28-11-2021) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Thomas. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 28-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 28-11-2021) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 28-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Thomas. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 28-11-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Thomas. K (Asst. Audit Officer, On 28-11-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 28-11-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പെമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | നം. 01<br>തിയതി :16.02.2019 | നം. 01<br>തിയതി :28.03.2020 |
| മുന്നിരിപ്പ് | 32099150.30 | 41399061 |
| വരവ് | 410302050 | 355145471 |
| ആകെ | 442401200 | 396544532 |
| ചെലവ് | 425140574 | 356958116 |
| നീക്കിയിരിപ്പ് | 17260626.30 | 39586416 |

## 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

നഗരസഭയുടെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക വിശദമായി പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1).2018-19 വർഷത്തെ വാർഷിക കണക്കിൻമേലുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല. പരിഹരിച്ചവയുടെ വിശദ വിവരം അക്കൗണ്ട്സിനോട് കൂടെ കുറിപ്പു ഫയലാക്കി ഉള്ളടക്കം ചെയ്തിട്ടില്ല. (കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2007 , ചട്ടം 58)

2).ബാലൻഷീറ്റിൽ ഷെഡ്യൂൾ B-2ൽ ബാധ്യത ഇനത്തിൽ(Earmarked Funds) ഉൾപ്പെടുത്തിയ 17,56,299/-രൂപയുടെയും, 236690/-രൂപയുടെയും കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3).ദുരിതാശ്വാസ നിധിയിനത്തിൽ 14,837 രൂപ ബാങ്ക് (Nileshwar Co-Op Urban Bank) ബാലൻസുണ്ട്. എന്നാൽ ഈ തുക ബാലൻഷീറ്റിൽ B-2 ൽ (Earmarked Fund) ഉൾപ്പടുത്തിയിട്ടില്ല.

4).അഡ്വാൻസ് രജിസ്റ്റർ സംഗ്രഹമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് അഡ്വാൻസുകൾ ക്യാരി ഓവർ ചെയ്തിട്ടില്ല. 2018-19, 2019-20-ൽ രജിസ്റ്റർ ക്ലോസ് ചെയ്തിട്ടില്ല. ആയതിനാൽ ഷെഡ്യൂൾ B-18പ്രകാരമുള്ള നീക്കിയിരിപ്പ് അഡ്വാൻസുകളുടെ വിശദ വിവരങ്ങൾ (പേര്, ഉദ്ദേശം, റസീറ്റ് നം, തിയതി) നഗരസഭയിൽ ലഭ്യമല്ല. കൂടാതെ 2019-20 വർഷം ഡെപ്പോസിറ്റ് പ്രവത്തികൾക്കായി KSEB, GWD എന്നീ സ്ഥാപനങ്ങൾക്ക് നൽകിയ 11,79,931 രൂപയുടെയും, 2018-19 വർഷം ഡെപ്പോസിറ്റ് പ്രവത്തികൾക്കായി KSEB, KWA, GWD എന്നീ സ്ഥാപനങ്ങൾക്ക് നൽകിയ 11,96,302 രൂപയുടെയും വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിലെ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

5).(A)താഴെ കൊടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ട് റീ-കൺസിലിയേഷൻ ചെയ്തിരിക്കുന്നത് ആറ് മാസത്തിലധികം പഴക്കമുള്ള ചെക്കുകളും ഉൾപ്പെടുത്തിയാണ്.

| കോഡ് | ബാങ്ക് | AFS പ്രകാരം തുക | 31.03.2017-ലെCB പാസ്ബുക്ക് പ്രകാരം |
|---|---|---|---|
| 450210100 | SBI-O/F-1 | 2,09,57,857 | 2,09,35,641 |

(B).റീക്കൺസിലിയേഷൻ- 450230200 Kasragod District Co-Op Bank-300(I).

എ) മേൽ അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ ശരിയല്ല. 31.03.2020 ൽ ചെലവ് ബാങ്ക് ചാർജ്ജ് ഇനത്തിൽ 40 രൂപ ഉണ്ട്, ആയത് ചെലവിൽ ഉൾപ്പെടുത്തിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം 1,998 രൂപയാണ് നീക്കിയിരിപ്പ് തുക, എന്നാൽ പാസ് ബുക്ക് പ്രകാരം 1,958രൂപയാണ് നീക്കിയിരിപ്പ്.

6).ബാലൻഷീറ്റിൽ ഷെഡ്യൂൾ B-7ൽ ബാധ്യത ഇനത്തിൽ(Deposits Received) ഉൾപ്പെടുത്തിയ 32,66,053/-രൂപയുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ (ഡെപ്പോസിറ്റ് രജിസ്റ്ററടക്കം) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലെയിം ചെയ്തിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ നഗരസഭാ

ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഇപ്രകാരം നഗരസഭാ ഫണ്ടിലേക്ക് മാറ്റാതെ വർഷങ്ങളായി നഗരസഭയ്ക്ക് ലഭിച്ച ഡെപ്പോസിറ്റുകൾ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-7 ഡെപ്പോസിറ്റ് റിസീവ്ഡിൽ തന്നെയാണ് നിലനിർത്തിയിരിക്കുന്നത്.

7).വസ്തുനികുതി- 2018-19 വർഷം 1,80,45,022 രൂപ അക്രുവൽ വരുമാനമായി രേഖപ്പെടുത്തിയിരുന്നു എന്നാൽ 2019-20-ൽ 1,06,14,691 രൂപയാണ് അക്രുവൽ വരുമാനമായി രേഖപ്പെടുത്തിയിട്ടുള്ളത്.അക്രുവൽ വരുമാനം രേഖപ്പെടുത്തുന്നതിലുണ്ടായ ഈ കുറവിന് കാരണം വിശദമാക്കിയിട്ടില്ല. അക്രൂവൽ വരുമാനം രേഖപ്പെടുത്താൻ ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. വസ്തു നികുതി പിരിവ്, ബാക്കി എന്നിവയുടെ കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലും സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തികളിൽ Sundry Debtors (Receivable ) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

വസ്തുനികുതി കണക്കുകൾ - Property Tax From Residential Building, Property Tax From Non Residential Building എന്നിങ്ങനെ തരം തിരിച്ചിട്ടില്ല.

8).അസി-എഞ്ചിനീയറുടെ പേരിൽ ഇ-ടെണ്ടറിംഗിനുള്ള 67293236488 (എസ്.ബി.ഐ) അക്കൗണ്ടിൽ 2019-20 വർഷം ടെണ്ടർ ഫോം ഇനത്തിൽ വരവ് വന്ന തുക വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

9).തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/2008 /ത.സ്വ.ഭ.വ പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാത്കൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണ്എന്ന് നിഷ്കർഷിക്കുന്നു. പഞ്ചായത്തിലെ തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാത്കൃത ബാങ്കായ എസ് ബി ഐ ബാങ്കിലും, നീലേശ്വരം കോർപ്പറേറ്റീവ് ബാങ്കിലും ആണ് നിക്ഷേപിക്കുന്നത്. കൂടാതെ ഓൺലൈൻ ട്രാൻസാക്ഷനായി എസ് ബി ഐ ബാങ്കിലും അക്കൗണ്ട് സൂക്ഷിക്കുന്നു.

10).2019-20 ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ലഭിച്ചിട്ടുള്ള ഗ്രാന്റുകൾ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്. കൂടാതെ ചില ഫണ്ടുകൾ പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും അതിന്റെ നീക്കിയിരുപ്പുകൾ ബാലൻസ് ഷീറ്റിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട് എന്നാൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ലഭിച്ച ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പുള്ള തുക ബി-4-ൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു,

| ബാങ്കിന്റെ പേര് & Code | 31.3.2019-ലെ നീക്കിയിരിപ്പ് തുക |
|---|---|
| ICICI Swachabharath Mission- 450620200 | 40,88,688 |
| Kerala Gramin Bank (AUEGS)- 450620100 | 9,598 |
| South Indian BANK (PMAY) Savings- 450610400 | 35,228 |
| Nileshwar Co-Op Bank- MNOLHS- 450430400 | 1,786 |
| EMS Nileshwar Co-Op Bank- 450430200 | 1,15,701 |
| SBT SGRY- 450430100 | 12,784 |
| South Indian Bank Ltd (NULM)- 450220100 | 2,74,430 |

മേൽ അക്കൗണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ അതത് ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

11).KURDFC-ലോൺ വിവരങ്ങൾ RP-25-Secured Loans (Code-330500202)-ൽ ലോൺ വരവ് 320100100-Grants,Contributions For Specific Purposes- Central Goverment എന്ന ഹെഡിൽ ഉൾപ്പെടുത്തുകയാണ്

ചെയ്തിട്ടുള്ളത്.ഈ അപാകതകൾ കാരണം ലോൺ ബാധ്യത ബാലൻസ്ഷീറ്റിൽ B-5 ൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. ലോൺ രജിസ്റ്റർ പ്രകാരം ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | 2019-20-ൽ ലഭിച്ച ലോൺ തുക | ആകെ | 2019-20-ൽ തിരിച്ചടച്ച ലോൺ തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (മുതൽ) |
|---|---|---|---|---|
| 1,60,00,000 | 5,30,00,000 | 6,90,00,000 | 55,33,333 | 6,34,66,667 |

12).ജേർണൽ ബുക്കിന്റെ പരിശോധനയിൽ ധാരാളം കറക്ഷൻ എൻട്രികൾ വരുത്തിയിട്ടുള്ളതായി കാണുന്നു. ജേണൽ വൗച്ചറുകൾ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി വയ്ക്കുന്ന പതിവ് നഗരസഭയിൽ ഇല്ല. ജേണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ, തെളിവുകൾ, ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ അധികാരപ്പെടുത്തലുകൾ, ജേണലുകൾക്ക് ആധാരമായ കൗൺസിലിന്റെ തീരുമാനങ്ങൾ എന്നിവ സൂക്ഷിക്കുന്ന പതിവും നഗരസഭയിൽ ഇല്ല. സാഖ്യാ സോഫ്റ്റ് വെയറിൽ വരവുചെലവുകൾ രേഖപ്പെടുത്തുമ്പോഴും ജേർണൽ എൻട്രികൾ വരുത്തുമ്പോഴും കൃത്യമായ ഹെഡുകൾ തിരഞ്ഞെടുക്കാത്തതുകൊണ്ടും സമയബന്ധിതമായി അക്കൗണ്ടിങ്ങ് എൻട്രികൾ വരുത്താതുകൊണ്ടുമാണ് ഇത്തരത്തിൽ വളരെ കൂടുതലായി കറക്ഷൻ ജേർണൽ എൻട്രികൾ ആവശ്യമായിവരുന്നത്. അക്കൗണ്ടിങ്ങ് എൻട്രികൾ കൃത്യതയോടെ ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

13).സാമ്പത്തിക വർഷാവസാനം പൂർത്തിയായതും എന്നാൽ പണം നല്കാൻ കഴിയാതിരുന്നതുമായ പ്രോജക്ടുകളുമായി ബന്ധപ്പെട്ട ചെലവുകൾ (ക്യൂ ബിൽ) ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

14).2019-20 വർഷം, 180809900-Miscellaneous Receipts-എന്ന ഹെഡിൽ 8,83,927രൂപ വരവ് വന്നിട്ടുണ്ട്. ഈ തുക ആരിൽ നിന്ന് ?, എന്ത് ആവശ്യത്തിന് ലഭിച്ചു ? എന്ന വിവരം ലഭിച്ചിട്ടില്ല. "Miscellaneous Receipts"എന്ന് ചേർത്ത് തുകകൾ വരവിലെടുക്കുകയാണ് ചെയ്തിട്ടുള്ളത്.

14).നഗരസഭാ റഗുലർ ജീവനക്കാരുടെ പെൻഷൻഫണ്ട്.

1996 ലെ കേരളാ മുനിസിപ്പൽ (ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി സെക്രട്ടറി സർക്കാർ ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ് ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും, പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നഗരകാര്യ ഡയറക്ടർ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നൽകുന്ന തുക ഈ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ റഗുലർ ജീവനക്കരുടെ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി ഇത്തരത്തിലുള്ള മുനിസിപ്പൽ പെൻഷൻ ഫണ്ട് ഇല്ല. നിലവിൽ നഗരസഭയുടെ തനത് ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നീലേശ്വരം ശാഖയിലുള്ള അക്കൗണ്ടിൽ (നം.67182813170) നിന്നാണ് പെൻഷൻ സംബന്ധിച്ച ഇടപാടുകൾ നടത്തുന്നത്.

15).നഗരസഭാ കണ്ടിൻജന്റ് ജിവനക്കാരുടെ പെൻഷൻഫണ്ട്.

1996 ലെ കേരളാ മുനിസിപ്പൽ (കണ്ടിൻജന്റ് ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(1) പ്രകാരം നഗരസഭയിലെ കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ വിതരണത്തിന് നീലേശ്വരം നഗരസഭയിൽ പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടില്ല. ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരുടെയും അതാത് മാസത്തെ മൊത്തവേതനത്തിന്റെ 15% തുക പെൻഷൻ വിഹിതമായി പിരിച്ച് ഈ ഫണ്ടിൽ ഒടുക്കേണ്ടതാണ്. നിലവിൽ നഗരസഭയിൽ ഈ വിഹിതം പിരിക്കുന്നില്ല. പെൻഷൻ ഫണ്ട് അക്കൗണ്ട് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

16).സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല.

17).മുൻകൂർ നൽകിയ തുക (ബി-18) സമയബന്ധിതമായി ക്രമീകരിക്കാൻ നടപടിയില്ല. Miscellaneous Advance എന്ന ഹെഡിൽ (460100700) ചേർത്തിരിക്കുന്ന 13,58,908/- രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

18).ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ, ആസ്തികളുടെ തേയ്മാനം, പെൻഷൻ തുകകൾ എന്നിവ രേഖപ്പെടുത്തിയതിന് ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

വികസന ഫണ്ട് എസ്.സി.പി, ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് (റോഡ്, നോൺ റോഡ്) എന്നീ ഫണ്ടുകളിൽ നിന്നും 312100200- കാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന കണക്കിലേക്ക് 31.03.2020-ന് തുകകൾ മാറ്റിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ കണക്കാക്കിയതിന്റെ വിവരങ്ങൾ/രേഖകൾ എന്നിവ പരിശോധനയ്ക്ക്ഹാജരാക്കിയിട്ടില്ല. കൂടാതെ ആസ്തികൾക്ക് തേയ്മാനം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തേയ്മാനം കണക്കാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

19).Receipt And Payment സ്റ്റേറ്റ്മെന്റിന്റെ സംഗ്രഹം പ്രകാരം RP-16 -ൽ 1,45,01,769 രൂപ കാണിക്കുന്നു. എന്നാൽ ഇതിന്റെ ഷെഡ്യൂൾ പ്രകാരം RP-16 -ൽ 10,00,000 രൂപ മാത്രമെയുള്ളൂ. ഷെഡ്യൂൾ പ്രകാരം RP-45-ലെ 1,35,01,769 രൂപ കൂടി കൂട്ടുമ്പോളാണ് RP-16 -ൽ സംഗ്രഹത്തിൽ കാണിച്ച 1,45,01,769 രൂപ ആകുന്നുള്ളൂ. ആയത് പരിശോധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2019-20 |
|---|---|
| മുന്നിരിപ്പ് | 71966992.49 |
| വരവ് | 180270760.00 |
| ആകെ | 252237752.49 |
| ചെലവ് | 196611412.00 |
| നീക്കിയിരിപ്പ് | 55626340.49 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

**എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2019-20)**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 34628679 | 34628679 | 28409806 | 6218873 | 82.04% |
| വികസനഫണ്ട് എസ്.സി.പി. | 0 | 6441000 | 6441000 | 4272809 | 2168191 | 66.3% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 390000 | 390000 | 65000 | 325000 | 16.66% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 13590000 | 13590000 | 3821484 | 9768516 | 28.11% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 12696000 | 12696000 | 7257163 | 5438837 | 58.16% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 57634000 | 57634000 | 18538142 | 39095858 | 32.16% |
| ആകെ | 0 | 125379679 | 125379679 | 62364404 | 63015275 | 49.74% |

കുറിപ്പ്: സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 55,46,275/- രൂപ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. 2019-20 വർഷത്തെ പദ്ധതി ചെലവുകൾക്കായി ട്രഷറിയിൽ സമർപ്പിച്ച് ക്യൂവിൽ ആയ 2.50 കോടി രൂപയുടെ ബില്ലുകൾ 2020-21 വർഷം മാറിയിട്ടുണ്ട്.

**ബി)ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22863531 | | 22863531 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4272809 | | 4272809 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 65000 | | 65000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 3821484 | | 3821484 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 7257163 | | 7257163 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 18538142 | | 18538142 | 0 |
| **ബി ഫണ്ട്** | | | | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 0 | 270000 | 270000 | 270000 | 0 |
| തൊഴിലുറപ്പ് - പദ്ധതി 100 ദിന ഇൻസെന്റീവ് | 0 | 0 | 0 | 0 | 0 |
| ട്രഷറി TSB ജനറൽ പർപ്പസ് | 23915850 | 19442040 | 43357890 | 27774992 | 15582898 |
| **കേന്ദ്രാവിഷ്കൃത പദ്ധതി** | | | | | |
| PMAY (വായ്പ ഉൾപ്പടെ) | 5337750 | 77895429 | 83233179 | 83197951 | 35228 |
| എൻ.യു.എൽ.എം | 209247 | 373933 | 583180 | 308750 | 274430 |
| സ്വച്ഛ് ഭരത് മിഷൻ (ICICI) | 5030936 | 188958 | 5219894 | 1131206 | 4088688 |
| SBI എസ്.ജി.ആർ വൈ | 12784 | 0 | 12784 | 0 | 12784 |
| **സംസ്ഥാനാവിഷ്കൃത പദ്ധതി** | | | | | |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (AUEGS) | 5029818 | 135671 | 5165489 | 5155891 | 9598 |
| EMS ഭവന പദ്ധതി -നീലേശ്വരം SCB | 111208 | 4493 | 115701 | 0 | 115701 |
| MN ലക്ഷം വീട്- പദ്ധതി -നീലേശ്വരം SCB | 1717 | 69 | 1786 | Nil | 1786 |
| ശുചിത്വ മഷൻ ഫണ്ട്- സിൻഡിക്കേറ്റ് ബാങ്ക് | 9676128 | 266857 | 9942985 | -- | 9942985 |
| **തനത്ഫണ്ട്** | | | | | |
| തനത് ഫണ്ട് SBI | 20591382 | 20763925 | 41355307 | 20397450 | 20957857 |
| SBI E-മണൽ | 1119445 | 4284360 | 5403805 | 3674790 | 1729015 |
| നീലേശ്വരം സർവ്വീസ് സഹകരണ ബാങ്ക് A/C No.978 | 638305.49 | 25787 | 664092.49 | 0 | 664092.49 |
| **മറ്റുള്ളവ** | | | | | |
| കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക് | 1920 | 78 | 1998 | 40 | 1958 |
| നീലേശ്വരം സഹകരണ അർബൻ ബാങ്ക് (ദുരിതാശ്വാസ നിധി) | 14330 | 507 | 14837 | 0 | 14837 |
| SBI Service Tax E-Payment | 1 | 304000 | 304001 | 304001 | 0 |
| SBI EPF E-Payment | 1109 | 205152 | 206261 | 206261 | 0 |
| Provident Fund Account ട്രഷറി | 222613 | 2500000 | 2722613 | 528170 | 2194443 |

## 1-5 പദ്ധതി അവലോകനം

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .**

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 284 | 130 | - | 154 | 45.77% |

**നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം**

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2019-20വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 16 | 12083305 | 12 | 9418288 | 78% |
| 2 | ഹെൽത്ത് ഓഫീസർ | 12 | 10392933 | 4 | 1473430 | 14.% |
| 3 | മുനിസിപ്പൽ എഞ്ചിനിയർ | 190 | 125116604 | 62 | 38102936 | 30% |
| 4 | കൃഷി ഓഫീസർ | 2 | 3778302 | 2 | 2846641 | 75% |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 7531000 | 7 | 5035920 | 67% |
| 6 | പ്രോജക്ട് ഓഫീസർ-നഗര ദാരിദ്ര്യ നിർമാർജന സെൽ | 8 | 9345587 | 6 | 1664543 | 18% |
| 7 | പ്രിൻസിപ്പാൾ-ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ | 15 | 4084058 | 8 | 2515026 | 62% |
| 8 | വെറ്റിനറി സർജ്ജൻ | 4 | 5360710 | 4 | 4709450 | 88% |
| 9 | മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) | 9 | 4215106 | 9 | 4122097 | 98% |
| 10 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 1050000 | 2 | 1050000 | 100% |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 5 | 2133671 | 4 | 1968790 | 92% |
| 12 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 1274430 | 1 | 250900 | 20% |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 200000 | 1 | 200000 | 100% |
| 14 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 65000 | 1 | 65000 | 100% |
| 15 | പട്ടിക ജാതി വികസന ഓഫീസർ | 8 | 4118820 | 7 | 2461284 | 60% |
| | **ആകെ** | **284** | **190749526** | **130** | **75884305** | **39.78%** |

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 5029818 | 135671 | 5165489 | 407000 | 9598 |
| ഗുണഭോക്താക്കൾക്കുള്ള വേതനം | | | | 4748891 | |
| ആകെ | 5029818 | 135671 | 5165489 | 5155891 | 9598 |

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 791 പദ്ധതികളുൾപ്പെടുന്ന 5,50,00,000 രൂപ (5 Crore 50 Lakhs) അടങ്കലുള്ള ആക്ഷൻ പ്ലാൻ നഗരസഭ തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 305 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 15049 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം നഗരസഭ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1920 | 2 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4008600 | 474 |
| വിധവാപെൻഷൻ | 10738200 | 1727 |
| വാർദ്ധക്യകാലപെൻഷൻ | 13722300 | 2582 |
| വികലാംഗപെൻഷൻ | 2942700 | 509 |
| അവിവാഹിതകളായ 50 വയസ്സിനമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 811800 | 81 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 270000 | 9 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.2021 ന് 3.00 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 31,287/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

**പൊതു നിയന്ത്രണം**

നീലേശ്വരം നഗരസഭാ കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | സൂപ്രണ്ട് | 1 |
| 3 | റവന്യൂ ഇൻസ്പെക്ടർ | 1 |
| 4 | എച്ച്സി/ആർ.ഐ | 1 |
| 5 | സീനിയർ ക്ലർക്ക് | 7 |
| 6 | ക്ലർക്ക്/ബിൽകലക്ടർ | 7 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | എച്ച്.ഐ ഗ്രേഡ്-1 | 1 |
| 9 | ജെ.എച്ച്.ഐ ഗ്രേഡ്-1 | 1 |
| 10 | ജെ.എച്ച്.ഐ ഗ്രേഡ്-11 | 3 |
| 11 | കണ്ടിജന്റ് ജീവനക്കാർ | 7 |

02.07.2018 ലെ ഉത്തരവ് നം G1-14562/10 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. നഗരസഭയുടെ ദൈനംദിനപ്രവർത്തനത്തിൽ നിരവധി സോഫ്റ്റ്വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച നൽകുമ്പോൾ സോഫ്റ്റ് വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സമ്പന്ധിച്ച് പരാമർശങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം ഭരണസമിതി 18 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 27 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 12 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 20 പ്രാവശ്യവും ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 31 പ്രാവശ്യവും മരാമത്ത് സ്റ്റാന്റിങ്ങ് 19 പ്രാവശ്യവും വിദ്യാഭ്യാസം-കല-കായികം സ്റ്റാന്റിങ്ങ് 17 പ്രാവശ്യവും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. നഗരസഭയുടെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നുണ്ട്.

നഗരസഭാ കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 3 തവണ (22.10.2019, 19.11.2019, 01.02.2020) ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ

രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

**കൺട്രോൾ ഓവർ അക്കൗണ്ട്**

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡിയറി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. നഗരസഭകളിൽ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല. നിലവിൽ ഒരു സീനിയർ ക്ലാർക്കിനാണ് അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ചുമതല. അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച് മതിയായ പരിശീലനം ഈ ജീവനക്കാർക്ക് ലഭിക്കാത്തത് പല പോരായ്മകൾക്കും കാരണമാകുന്നുണ്ട്. അംഗീകരിക്കപ്പെടേണ്ട ജേർണൽ എൻട്രികൾ അതാതു സമയത്തെ മേലുദ്യോഗസ്ഥൻമാർ അംഗീകരിക്കുന്നില്ല. റസീറ്റ് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്. ഓരോ അക്കൗണ്ടിങ്ങ് രേഖളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചെലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ചെയർമാന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

**പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം**

നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട്. വിവിധ വരവുകൾ യഥായമയം തന്നെ ബാങ്ക് അക്കൗണ്ടുകളിൽ വരവു വെക്കുന്നുണ്ട്. നഗരസഭയിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് നഗരസഭയിൽ പണം സ്വികരിച്ചു വരുന്നത്.

**ഡി.സി.ബി വരവുകളിൻ മേലുള്ള നിയന്ത്രണം**

ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വികരിക്കേണ്ടതാണ്.

**നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം**

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് വസ്തു നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. വസ്തു നികുതി ഇനത്തിൽ വൻതുക പിരിഞ്ഞുകിട്ടാനുണ്ട്. തൻവർഷം 78.74 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

**കൺട്രോൾ ഓവർ പ്രൊക്യൂർമെന്റ്.**

നഗരസഭയിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. നഗരസഭയിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2019-2020 വർഷത്തിൽ ആകെ 8 തവണ യോഗം ചേർന്നിട്ടുണ്ട്.

സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

**കൺട്രോൾ ഓവർ പേറോൾ**

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നില്ല. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല.

ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. NPS പെൻഷൻ പദ്ധതിയിലുൾപ്പടുന്ന ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും കൃത്യമായി ഈടാക്കുന്നുണ്ട്.

**രജിസ്റ്ററുകളുടെ സൂക്ഷിപ്പിൻമേലുള്ള നിയന്ത്രണം**

നഗരസഭയിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയത് അടിയന്തിരമായും എഴുതി സൂക്ഷിക്കേണ്ടതാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സുക്ഷിക്കുന്നില്ല. ജീവനക്കാരുടെ ജോലി വിഭജനത്തിൽ ഓരോ സെക്ഷനും പേഴ്സണൽ രജിസ്റ്റർ എഴുതി സുക്ഷിക്കേണ്ടതും ആയത് എല്ലാ മാസവും സെക്ഷൻ മേധാവികൾക്ക് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുമാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

**ആസ്തികളിൻമേലുള്ള നിയന്ത്രണം**

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

## <u>1-10 വസ്തു നികുതി-പൊതു അപാകതകൾ</u>

1. വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I 18-പ്രകാരം പ്രയർ പീരിയഡ് ഐറ്റംസ് എന്ന ഹെഡിൽ വസ്തു നികുതി ഇനത്തിൽ 9,96,412/-രൂപ വരവായി ചേർത്തിട്ടുള്ളതായി കാണുന്നു. ഡാറ്റാ പ്യൂരിഫിക്കേഷൻ മൂലം അധിക നികുതി ഈടാക്കിയതു മൂലമാണ് വ്യതാസം ഉണ്ടായിട്ടുള്ളത് എന്ന് അന്വേഷണകുറിപ്പിനുള്ള മറുപടിയിൽ അറിയിച്ചു. ഇത്തരത്തിൽ വരുന്ന വ്യത്യാസം ഏതേത് കെട്ടിട നമ്പരുമായി ബന്ധപ്പെട്ടതാണ് എന്ന വിശദാംശങ്ങളടക്കം റികൺസൈൽ ചെയ്ത് കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

2.2018-19 വർഷം 1,80,45,022 രൂപ അക്രുവൽ വരുമാനമായി രേഖപ്പെടുത്തിയിരുന്നു എന്നാൽ 2019-20-ൽ 1,06,14,691 രൂപയാണ് അക്രുവൽ വരുമാനമായി രേഖപ്പെടുത്തിയിട്ടുള്ളത്. അക്രുവൽ വരുമാനം രേഖപ്പെടുത്തുന്നതിലുണ്ടായ ഈ കുറവിന് കാരണം വിശദമാക്കിയിട്ടില്ല. വസ്തു നികുതി ഡിമാന്റ് റജിസ്റ്റർ, വസ്തു നികുതി അരിയർ ഡിമാന്റ് റജിസ്റ്റർ, എന്നിവ തയ്യാറാക്കി പരിശോധനയ്ക്കായി നൽകിയില്ല. വസ്തു നികുതി ഡിമാന്റ്, അരിയർ ഡിമാന്റ് എന്നിവ കണക്കാക്കുന്നതിന് യാതൊരു രേഖകളും നഗരസഭ സൂക്ഷിയ്ക്കുന്നില്ല. സാംഖ്യ അക്കൌണ്ട് പ്രകാരം കളക്ഷൻ രേഖപ്പടുത്തുന്നതും കൃത്യതയില്ലാതെ തൻവർഷ ഡിമാന്റ് അക്കൌണ്ടിൽ രേഖപ്പെടുത്തുന്നതും കാരണം ധനകാര്യ പത്രികയിലെ തൻവർഷ വരവിനും കുടിശ്ശിക ഡിമാന്റ് തുകകൾക്കും കൃത്യതയില്ല. ഇക്കാരണത്താൽ നഗരസഭയ്ക്ക് ലഭിക്കേണ്ട എല്ലാ നികുതി വരുമാനവും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനോ കൃത്യമായ നഷ്ടം തിട്ടപ്പെടുത്തുന്നതിനോ കഴിയുന്നില്ല. തൻവർഷ ഡിമാന്റായ 1,06,14,691/ ന്റെ കൃത്യതയും ഉറപ്പാക്കാനാവുന്നില്ല. സഞ്ചയ ഡിമാന്റ് പ്രകാരം വർഷാരംഭത്തിൽ സാംഖ്യയിൽ ഡിമാന്റ് രേഖപ്പടുത്തുന്നില്ല. വർഷാവസാനത്തെ സഞ്ചയ ഡിമാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വർഷാവസാനമാണ് നിലവിൽ വസ്തു നികുതി ഡിമാന്റ് രേഖപ്പടുത്തുന്നത്. വർഷാരംഭത്തിലുള്ള സഞ്ചയ

ഡി.സി.ബി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ വർഷാരംഭത്തിൽ തന്നെ തൻവർഷ ഡിമാന്റ് സാംഖ്യയിൽ ചേർക്കേണ്ടതാണ്.

3.വസ്തു നികുതി വരവുമായി ബന്ധപ്പെട്ട് 12-10-2021 തീയതിയിലെ 2019-20 വർഷത്തെ സഞ്ചയ DCB സ്റ്റേറ്റ്മെന്റും 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള DCB യും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | 2019-20 വർഷം | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
|---|---|---|---|---|
| സഞ്ചയ DCB സ്റ്റേറ്റ്മെന്റ് പ്രകാരം | വസ്തുനികുതി | 11060789 | 7926550 | 3134239 |
| | വസ്തുനികുതി- കുടിശ്ശിക | 6922758 | 2048874 | 4873884 |
| | ആകെ | 17983547 | 9975424 | 8008123 |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | വസ്തുനികുതി | 10614691 | 3692948 | 6921743 |
| | വസ്തുനികുതി- കുടിശ്ശിക | 6951221 | 1843810 | 5107411 |
| | ആകെ | 17565912 | 5536758 | 12029154 |

തൻവർഷ വസ്തുനികുതി വരവിൽ സഞ്ചയ വരവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവും തമ്മിലുള്ള വ്യത്യാസം ഏതേതു കെട്ടിട നമ്പരുമായി ബന്ധപ്പെട്ടതാണ് എന്ന വിശദാംശങ്ങളടക്കം റികൺസൈൽ ചെയ്ത് കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

4.വസ്തുനികുതി രജിസ്റ്ററുകൾ സൂക്ഷിയ്ക്കുന്നതിലും കുടിശ്ശിക ഈടാക്കുന്നതിലും സാരമായ അപാകതകൾ ഉള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് മുൻകൈ എടുക്കേണ്ടതുമാണ്.

## 1-11 തൊഴിൽ നികുതി-അപാകതകൾ

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധവാർഷിക വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ ഏതാനും ചില അപാകതകൾ കാണുകയുണ്ടായി. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

**1) തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത.**

2019-20 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിലെ ഓഫീസ് മേധാവി/സ്ഥാപന ഉടമ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | ജോലി ചെയ്യുന്ന സ്ഥാപനം | നികുതി അടവാക്കേണ്ടുന്ന കാലയളവ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടിയിരുന്ന നികുതി | കുറവു വന്ന തുക |
|---|---|---|---|---|---|---|---|
| 1 | ഉഷ കെ പി, പി ടി എസ് | കൃഷി ഭവൻ, നീലേശ്വരം | 2019-20 ഒന്നാം അർദ്ധ വർഷം | 76,000/- | 600/- | 750/- | 150/- |
| 2 | ബിന്ദു പി കെ, എൻ ടി ടി | ചിന്മയ വിദ്യാലയം, നീലേശ്വരം | 2019-20 ഒന്നാം അർദ്ധ വർഷം | 54,300/- | 180/- | 450/- | 270/- |
| 3 | മായ അനീഷ്, കമ്പ്യൂട്ടർ ടീച്ചർ | ചിന്മയ വിദ്യാലയം, നീലേശ്വരം | 2019-20 ഒന്നാം അർദ്ധ വർഷം | 60,000/- | 300/- | 600/- | 300/- |
| 4 | ശ്രീവിദ്യ, പി ആർ ടി | ചിന്മയ വിദ്യാലയം, നീലേശ്വരം | 2019-20 ഒന്നാം അർദ്ധ വർഷം | 30,000/- | 180/- | 300/- | 120/- |
| 5 | നവനീത, പി ആർ ടി | ചിന്മയ വിദ്യാലയം, നീലേശ്വരം | 2019-20 ഒന്നാം അർദ്ധ വർഷം | 60,000/- | 300/- | 600/- | 300/- |
| 6 | രാജൻ എം പി, ഡ്രൈവർ | ചിന്മയ വിദ്യാലയം, നീലേശ്വരം | 2019-20 ഒന്നാം അർദ്ധ വർഷം | 54,000/- | 300/- | 450/- | 150/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | യമുന, ആയ | ചിന്മയ വിദ്യാലയം, നീലേശ്വരം | 2019-20 ഒന്നാം അർദ്ധ വർഷം | 33,150/- | 180/- | 300/- | 120/- |
| 8 | സതി വി വി, ആയ | ചിന്മയ വിദ്യാലയം, നീലേശ്വരം | 2019-20 ഒന്നാം അർദ്ധ വർഷം | 30,150/- | 180/- | 300/- | 120/- |
| 9 | ബാലകൃഷ്ണൻ, ഡ്രൈവർ | ചിന്മയ വിദ്യാലയം, നീലേശ്വരം | 2019-20 ഒന്നാം അർദ്ധ വർഷം | 54,000/- | 300/- | 450/- | 150/- |
| 10 | സി വി മോഹനൻ, ഡ്രൈവർ | ചിന്മയ വിദ്യാലയം, നീലേശ്വരം | 2019-20 ഒന്നാം അർദ്ധ വർഷം | 54,000/- | 300/- | 450/- | 150/- |
| 11 | പവിത്ര ബി, പി ആർ ടി | ചിന്മയ വിദ്യാലയം, നീലേശ്വരം | 2019-20 ഒന്നാം അർദ്ധ വർഷം | 60,000/- | 300/- | 600/- | 300/- |
| 12 | സരിത ആർ കെ, പി ആർ ടി | ചിന്മയ വിദ്യാലയം, നീലേശ്വരം | 2019-20 ഒന്നാം അർദ്ധ വർഷം | 60,000/- | 300/- | 600/- | 300/- |
| 13 | ശ്രുതി, പി ആർ ടി | ചിന്മയ വിദ്യാലയം, നീലേശ്വരം | 2019-20 ഒന്നാം അർദ്ധ വർഷം | 60,000/- | 300/- | 600/- | 300/- |
| 14 | സായൂജ്യ, പി ആർ ടി | ചിന്മയ വിദ്യാലയം, നീലേശ്വരം | 2019-20 ഒന്നാം അർദ്ധ വർഷം | 60,000/- | 120/- | 600/- | 480/- |
| 15 | ഗണപതി ഭട്ട്, അക്കൗണ്ടന്റ് | ചിന്മയ വിദ്യാലയം, നീലേശ്വരം | 2019-20 ഒന്നാം അർദ്ധ വർഷം | 54,000/- | 300/- | 450/- | 150/- |
| 16 | നരേന്ദ്രൻ, മ്യൂസിക് ടീച്ചർ | ചിന്മയ വിദ്യാലയം, നീലേശ്വരം | 2019-20 ഒന്നാം അർദ്ധ വർഷം | 30,000/- | 180/- | 300/- | 120/- |
| | | | | | | ആകെ | 3,480/- |

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്ന തുക മേൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും വകുപ്പ് തല നടപടികളിലൂടെ ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**2) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ടേൺഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|
| 1 | മണപ്പുറം ഫിനാൻസ്, നീലേശ്വരം ബ്രാഞ്ച് | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | ശ്രീ ഗോകുലം ചിറ്റ് & ഫിനാൻസ് ലിമിറ്റഡ്, നീലേശ്വരം | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | കൊശമറ്റം ഫിനാൻസ്, നീലേശ്വരം | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 4 | മുത്തൂറ്റ് മൈക്രോ ഫിനാൻസ്, നീലേശ്വരം | 2019-20 ഒന്നാം അർദ്ധ വർഷം |
| 5 | നീലേശ്വരം അർബൻ സഹകരണ ബാങ്ക്, നീലേശ്വരം ബ്രാഞ്ച് | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 6 | കാനറ ബാങ്ക്, നീലേശ്വരം ബ്രാഞ്ച് | 2019-20 ഒന്നാം അർദ്ധ വർഷം |
| 7 | നീലേശ്വരം സർവ്വീസ് സഹകരണ ബാങ്ക്, ഹെഡ് ഓഫീസ് നീലേശ്വരം | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 8 | നീലേശ്വരം സർവ്വീസ് സഹകരണ ബാങ്ക്, തൈക്കടപ്പുറം ബ്രാഞ്ച് | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 9 | ഇന്ത്യൻ ഓവർസീസ് ബാങ്ക്, നീലേശ്വരം ബ്രാഞ്ച് | 2019-20 ഒന്നാം അർദ്ധ വർഷം |

| | | |
|---|---|---|
| 10 | ഹോസ്ദുർഗ് താലൂക്ക് മർക്കന്റയിൽ സഹകരണ സംഘം, നീലേശ്വരം | 2019-20 ഒന്നാം അർദ്ധ വർഷം |
| 11 | മണപ്പുറം ഗോൾഡ് ലോൺ, നീലേശ്വരം | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 12 | കാസറഗോഡ് ജില്ലാ സഹകരണ ഹൗസിങ്ങ് സൊസൈറ്റി, നീലേശ്വരം | 2019-20 ഒന്നാം അർദ്ധ വർഷം |
| 13 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, നീലേശ്വരം ബ്രാഞ്ച് | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 14 | ബാങ്ക് ഓഫ് ഇന്ത്യ, നീലേശ്വരം ബ്രാഞ്ച് | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 15 | മുത്തൂറ്റ് ഫിനാൻസ് കോർപ്പറേഷൻ, നീലേശ്വരം ബ്രാഞ്ച് | 2019-20 ഒന്നാം അർദ്ധ വർഷം |
| 16 | ബാങ്ക് ഓഫ് ബറോഡ, നീലേശ്വരം ബ്രാഞ്ച് | 2019-20 രണ്ടാം അർദ്ധ വർഷം |
| 17 | മാക്സ് വാല്യൂ ക്രെഡിറ്റ് & ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡ്, നീലേശ്വരം | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 18 | നീലേശ്വരം റൂറൽ കോപ്പറേറ്റീവ് ഹൗസിങ്ങ് സൊസൈറ്റി | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 19 | കെ എസ് എഫ് ഇ, നീലേശ്വരം ബ്രാഞ്ച് | 2019-20 രണ്ടാം അർദ്ധ വർഷം |
| 20 | യൂണിമണി ഫിനാൻഷ്യൽ സർവീസ് ലിമിറ്റഡ്, നീലേശ്വരം | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 21 | എച്ച് ഡി എഫ് സി ബാങ്ക്, നീലേശ്വരം മാർക്കറ്റ് ബ്രാഞ്ച് | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 22 | ശ്രീവത്സം ഓഡിറ്റോറിയം | 2019-20 രണ്ടാം അർദ്ധ വർഷം |
| 23 | പാലിച്ചോൻ ഓഡിറ്റോറിയം, തൈക്കടപ്പുറം | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 24 | വൈകുണ്ഠം ഓഡിറ്റോറിയം, കോട്ടപ്പുറം | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 25 | റോട്ടറി ക്ലബ്ബ് ഹാൾ, നീലേശ്വരം | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 26 | വ്യാപാര ഭവൻ ഓഡിറ്റോറിയം, നീലേശ്വരം | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 27 | ആരാധന ഓഡിറ്റോറിയം, പേരോൽ | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 28 | എൻ എസ് എസ് ഓഡിറ്റോറിയം, നീലേശ്വരം | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 29 | ഇൻഡസ് മിനി കൺവെൻഷൻ സെന്റർ, മൂന്നാം കുറ്റി | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 30 | ഹിന്ദുസ്ഥാൻ പെട്രോളിയം, നീലേശ്വരം | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 31 | എൻ ജി എം പ്രഭു ഇന്ത്യൻ ഓയിൽ പെട്രോൾ പമ്പ്, നീലേശ്വരം മാർക്കറ്റ് | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 32 | പെട്രോൾ ബങ്ക്, നീലേശ്വരം | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിലെ ഓഫീസ് മേധാവി/സ്ഥാപന ഉടമ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകൾ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|
| 1 | നീലേശ്വരം വനിതാ സർവ്വീസ് സഹകരണ സംഘം | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | ജേസീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, നീലേശ്വരം | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | എൻ എസ് സി ബാങ്ക്, രാജാ റോഡ് ബ്രാഞ്ച് | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 4 | നീലേശ്വരം സർവ്വീസ് സഹകരണ ബാങ്ക്, | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |

| | | |
|---|---|---|
| | തൈക്കടപ്പുറം ബ്രാഞ്ച് | |
| 5 | ബി എസ് എൻ എൽ ടെലിഫോൺ എക്സ്ചേഞ്ച്, നീലേശ്വരം | 2019-20 രണ്ടാം അർദ്ധ വർഷം |
| 6 | സരസ്വതി വിദ്യാമന്ദിരം, പള്ളിക്കര | 2019-20 ഒന്നം രണ്ടും അർദ്ധ വർഷം |
| 7 | ഡോ. വരുൺസ് ഡെന്റൽ ക്ലിനിക്ക്, നീലേശ്വരം | 2019-20 ഒന്നം രണ്ടും അർദ്ധ വർഷം |
| 8 | റീജ്യണൽ അഗ്രിക്കൾച്ചറൽ റിസേർച്ച് സെന്റർ | 2019-20 ഒന്നം രണ്ടും അർദ്ധ വർഷം |

മേൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**4) ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.**

2019-20 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ പ്രകാരം ചില ജീവനക്കാർക്ക് ശാരീരിക അവശത ഉണ്ടെന്ന കാരണത്താൽ നികുതി അടവാക്കുന്നതിൽ ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ റിട്ടേണിനൊപ്പം സമർപ്പിച്ചിട്ടില്ല. വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | ജോലി ചെയ്യുന്ന സ്ഥാപനം | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|---|
| 1 | കെ എം തമ്പാൻ, സീനിയർ ക്ലാർക്ക് | ഹിന്ദു മത ധർമ്മ സ്ഥാപന വകുപ്പ്, നീലേശ്വരം | 2019-20 ഒന്നം രണ്ടും അർദ്ധ വർഷം |
| 2 | പ്രമോദ് കെ, പ്യൂൺ | നീലേശ്വരം അർബൻ സഹകരണ ബാങ്ക് | 2019-20 ഒന്നം രണ്ടും അർദ്ധ വർഷം |
| 3 | മാത്തുക്കുട്ടി പി ടി, സീനിയർ ക്ലാർക്ക് | ഡയറി എക്സ്റ്റെൻഷൻ ഓഫീസ്, നീലേശ്വരം | 2019-20 ഒന്നം രണ്ടും അർദ്ധ വർഷം |
| 4 | ജയദേവൻ പി, ബ്രാഞ്ച് മാനേജർ | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, നീലേശ്വരം ബ്രാഞ്ച് | 2019-20 ഒന്നം രണ്ടും അർദ്ധ വർഷം |
| 5 | ബിജോ എ ജെ, അസിസ്റ്റന്റ് മാനേജർ | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, നീലേശ്വരം ബ്രാഞ്ച് | 2019-20 ഒന്നം രണ്ടും അർദ്ധ വർഷം |
| 6 | ശോഭന ടി വി, പ്യൂൺ | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, നീലേശ്വരം ബ്രാഞ്ച് | 2019-20 ഒന്നം രണ്ടും അർദ്ധ വർഷം |
| 7 | സതീശൻ കെ വി, ക്ലർക്ക് | കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക്, നീലേശ്വരം ബ്രാഞ്ച് | 2019-20 ഒന്നം രണ്ടും അർദ്ധ വർഷം |
| 8 | റസാഖ് എൻ, എച്ച് എ | പി എച്ച് സി, തൈക്കടപ്പുറം | 2019-20രണ്ടാം അർദ്ധ വർഷം |
| 9 | നളിനി എം വി, ക്ലാർക്ക് | സബ് രജിസ്ട്രാർ ഓഫീസ്, നീലേശ്വരം | 2019-20രണ്ടാം അർദ്ധ വർഷം |
| 10 | വി വി ഗോപി, ജൂനിയർ അക്കൗണ്ടന്റ് | കേരള സംസ്ഥാന സഹകരണ ബാങ്ക്, ഈവനിംങ്ങ് ബ്രാഞ്ച് നീലേശ്വരം | 2019-20രണ്ടാം അർദ്ധ വർഷം |
| 11 | രാകേഷ് എം, പ്യൂൺ | കേരള സംസ്ഥാന സഹകരണ ബാങ്ക്, ഈവനിംങ്ങ് ബ്രാഞ്ച് നീലേശ്വരം | 2019-20രണ്ടാം അർദ്ധ വർഷം |

മേൽപരാമർശിച്ച ജീവനക്കാരിൽ നിന്നും ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾ പരിശോധിച്ച് പരാമർശിത രേഖകൾ/വിശദീകരണങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.08/22.10.2021)

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും മുനിസിപ്പാലിറ്റി അനുവദിച്ച ലൈസൻസുകളുടെ അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1) വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.**

മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ ചെയ്യേണ്ടതുമാണ്. മുനിസിപ്പാലിറ്റിയിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 5078 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | | ഇനം | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം- 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 4,321 |
| | 2 | 100 ച. മീറ്റർ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 287 |
| | 3 | 200 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 3 |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 20 |
| II | 1 | ബാങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 7 |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ | 148 |
| III | | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ്, റിസോർട്ട് | 111 |
| IV | 1 | വ്യവസായം-ചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി ഷെഡ്, തടിമില്ല് | 158 |
| | 2 | ഇതര വ്യവസായം | 23 |

എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 1471 എണ്ണം മാത്രമാണ്. മുനിസിപ്പാലിറ്റിയിലെ മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

**2) ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.**

മുനിസിപ്പാലിറ്റിയിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുത്തിട്ടുള്ള കച്ചവട സ്ഥാപനങ്ങളിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിലെ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കെട്ടിട നം | സ്ഥാപന ഉടമയുടെ പേര് | ഡിമാന്റ് |
|---|---|---|---|
| 1 | VII-123 | മധു | 360/- |
| 2 | VIII-124,125 | മധു | 150/- |
| 3 | VIII-314 A | വിനോദ് കുമാർ പി | 850/- |
| 4 | X-168 | അനീഷ് പി വി | 150/- |
| 5 | XII-409 C | കുഞ്ഞിരാമൻ പി | 500/- |
| 6 | XV-159 | മാനേജർ , എൻ.കെ ബി എം ഹോസ്പിറ്റൽ ലബോറട്ടറി | 1,000/- |
| 7 | XV-160 | മാനേജർ , എൻ കെ ബി എം ഹോസ്പിറ്റൽ ഫാർമസി | 500/- |
| 8 | XXXI-181 E,F,G,H | അഹമ്മദ് കുഞ്ഞി | 1,500/- |
| 9 | XXIII-346 E | നിമ്മി മോഹൻദാസ് | 1,000/- |
| 10 | XXII-371 | നാരായണൻ എം | 300/- |
| 11 | XXIV-124 | ഉഷാകുമാരി കെ എ | 300/- |
| 12 | XXIV-582 | എം കരുണാകരൻ | 1,000/- |
| 13 | XXV-110 | അബ്ദുൾ ലത്തീഫ് കെ പി | 500/- |
| 14 | XXV-123 | മുഹമ്മദ് കെ പി | 300/- |
| 15 | XXV-174 | അബ്ദുൾ ഖാദർ എ വി | 300/- |

| | | | |
|---|---|---|---|
| 16 | XXVI-31 | മുഹമ്മദ് പി വി | 500/- |
| 17 | XXVI-263 | എം ഖയറുന്നിസ | 500/- |
| 18 | XXVIII-137A | രഞ്ജിത്ത് കുമാർ എം | 500/- |
| 19 | XXIX-25 | രവി വി വി | 500/- |
| 20 | XXIX-91 | കെ സന്തോഷ് കുമാർ | 500/- |
| 21 | XXIX-130D | കുഞ്ഞായിഷ ഇ കെ | 1000/- |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾ പരിശോധിച്ച് പരാമർശിത രേഖകൾ/വിശദീകരണങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.28/23.10.2021)

## 1-13 ചെക്ക് റിട്ടേൺ മെമ്മോ ലഭിച്ചിട്ടും നിയമനടപടി സ്വീകരിച്ചില്ല.

നഗരസഭ അക്കൗണ്ടിലേക്ക് വിവിധ വരവിനങ്ങളിലായി ലഭിച്ച ബാങ്ക് ചെക്കുകൾ പണമായി മാറാതെ "ചെക്ക് റിട്ടേൺ മെമ്മോ" ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ചെക്ക് നം, തീയ്യതി | തുക | വിവരണം | രസീത് നം. |
|---|---|---|---|---|
| 1 | 299102/29.02.2020 | 1,250/- | തൊഴിൽ നികുതി-ഫെഡറൽ ബാങ്ക്, നീലേശ്വരം ശാഖ | 119060-400044 |
| 2 | 663359/05.10.2019 | 23,400/- | വസ്തു നികുതി-മാനേജർ, ഐഡിയ സെല്ലുലർ ലിമിറ്റഡ് | 119060-400019 |
| 3 | 0558693/21.03.2018 | 1,250/- | ജീവനക്കാരുടെ തൊഴിൽ നികുതി- മധുസൂധനൻ കെ, ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ, ബ്ലോക്ക് ഓഫീസ് നീലേശ്വരം | 117060-500103 |
| 4 | 7506918/23.03.2018 | 1,250/- | ജീവനക്കാരുടെ തൊഴിൽ നികുതി- താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, നീലേശ്വരം | 117060-200014 |
| 5 | 958537/13.05.2016 | 400/- | ജീവനക്കാരുടെ തൊഴിൽ നികുതി- പ്രീത പി വി, ബി എസ് എൻ എൽ | 116064-00006 |
| 6 | 277636/28.04.2017 | 182/- | ജീവനക്കാരുടെ തൊഴിൽ നികുതി - വിനോദ് കുമാർ (തൊഴിൽ നികുതി ബാലൻസ് ) | 117060-500005 |
| 7 | 147740553/27.06.2019 | 5,446/- | വസ്തു നികുതി(കുടിശ്ശിക) 28/290 C | 11960-900001 |
| 8 | 6622242/15.09.2017 | 5,750/- | ജീവനക്കാരുടെ തൊഴിൽ നികുതി - ജി എൽ പി എസ് പേരോൽ( 5 ജീവനക്കാരുടെ) | 117060-500035 |
| 9 | 342688/07.02.2020 | 38,750/- | ജീവനക്കാരുടെ തൊഴിൽ നികുതി - നീലേശ്വരം റെയിൽവേ ജീവനക്കാർ | 119060-500078 |
| ആകെ | | 77,678 | | |

2007ലെ മുനിസിപ്പാലിറ്റി അക്കൗണ്ടിംഗ് ചട്ടങ്ങളിലെ ചട്ടം 20 (1, 2) പ്രകാരം നഗരസഭ അക്കൗണ്ടിലേക്ക് ലഭിക്കുന്ന ചെക്കുകൾ മടങ്ങിയാൽ, ബന്ധപ്പെട്ട രസീത് ക്യാൻസൽ ചെയ്ത് ചെക്ക് നൽകിയ വ്യക്തിയിൽ നിന്നും പണമായോ, ഡിഡി ആയോ ബാങ്ക് ചാർജസ് ഉൾപ്പെടെ വീഴ്ച്ച വരുത്തിയ തുക ഈടാക്കി പുതിയ രസീത് നൽകാവുന്നതാണ്. അല്ലാത്ത പക്ഷം നിയമനടപടി സ്വീകരിക്കാവുന്നതാണ്. ഇതിൻ പ്രകാരം ബാങ്കിൽ നിന്നും ചെക്ക് പണമായി മാറാതെ മടങ്ങുകയാണെങ്കിൽ, ചെക്ക് റിട്ടേൺ മെമ്മോ ലഭിച്ച് 30 ദിവസത്തിനുള്ളിൽ അപരാധിക്ക് നിയമപ്രകാരമുള്ള നോട്ടീസ് നൽകേണ്ടതാണ്. നോട്ടീസ് ലഭിച്ച് 30 ദിവസത്തിനുള്ളിലും തുക ലഭിക്കാത്ത പക്ഷം 1881ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് വകുപ്പ് 138

പ്രകാരമോ, ഇൻഡ്യൻ പീനൽ കോഡിലെ വകുപ്പ് 420 പ്രകാരമോ ക്രിമിനൽ കേസോ, 1908ലെ കോഡ് ഓഫ് സിവിൽ പ്രൊസീജ്യറിലെ ഓർഡർ 37 പ്രകാരം സമ്മറി സ്യൂട്ട് ആയി സിവിൽ കേസോ ഫയൽ ചെയ്ത് പലിശ സഹിതം വീഴ്ച വരുത്തിയ തുക ഈടാക്കാവുന്നതാണ്.

എന്നാൽ, നഗരസഭാ അക്കൗണ്ടിലേക്ക് വിവിധ വ്യക്തികളിൽ നിന്നും ലഭിച്ച 77,678/-രൂപയുടെ ചെക്കുകൾ പണമായി മാറാതെ "ചെക്ക് റിട്ടേൺ" മെമ്മോ ലഭിച്ചിട്ടും നാളിതുവരെ യാതൊരു നിയമനടപടിയും സ്വീകരിച്ചിട്ടില്ല.

**1-14 ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിച്ച തുക നഗരസഭാ ഫണ്ടിലേക്ക് അടക്കുന്നില്ല.**

ഇ- ടെണ്ടർ മുഖേ നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോമിന്റെ വില സ്വീകരിക്കുന്നതിനായി നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ, നീലേശ്വരം ശാഖയിൽ ഒരു അക്കൗണ്ട് (അക്കൗണ്ട് നം 67293236488) ആരംഭിച്ചിട്ടുണ്ട്. 06.02.2015 ന് ആരംഭിച്ച ഈ അക്കൗണ്ടിൽ ഇ ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ 18.10.2021 വരെ ലഭിച്ച 10,75,527/- രൂപയുണ്ട്. ടെണ്ടർ ഫോമിന്റെ വിലയായി ഈ അക്കൗണ്ടിൽ വരവുവന്ന തുക നഗരസഭയ്ക്ക് അക്കൗണ്ട് ആരംഭിച്ചതിനുശേഷം നാളിതുവരെ കൈമാറിയിട്ടില്ല. ഈ അക്കൗണ്ടിലുള്ള തുക നഗരസഭയ്ക്ക് കൈമാറേണ്ടതാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടത്തുമ്പോൾ ലഭിക്കുന്ന ടെണ്ടർ ഫോമിന്റെ വില യഥാസമയം നഗരസഭയ്ക്ക് കൈമാറേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം- 35 തീയതി 26.10.2021)

**1-15 ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല.**

I. നഗരസഭാ ഓഫീസിലെ ചുവടെ പറയുന്ന റഗുലർ ജീവനക്കാരുടെ ശമ്പള പരിഷ്കരണങ്ങൾ അംഗീകാരം വാങ്ങിയിട്ടില്ല.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക | അംഗീകാരം വാങ്ങാനുള്ള ശമ്പള പരിഷ്കരണം |
|---|---|---|
| 1 | ശിവജി.സി.കെ, സൂപ്രണ്ട് | ജി.ഒ (പി) നം 145/2006/Fin തീയതി 25.02.2006, ജി.ഒ (പി) നം85/2011/Fin തീയതി 26.02.2011, ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016, ജി.ഒ (പി) നം 27/2021/Fin തീയതി 10.02.20201. |
| 2 | പുരുഷോത്തമൻ. കെ. വി, ഹെഡ് ക്ലാർക്ക് | ജി.ഒ (പി) നം 145/2006/Fin തീയതി 25.02.2006, ജി.ഒ (പി) നം85/2011/Fin തീയതി 26.02.2011, ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016, ജി.ഒ (പി) നം 27/2021/Fin തീയതി 10.02.2021. |
| 3 | നാരായണി.ടി, ജെ.എച്ച്.ഐ.ഗ്രേഡ്-1 | ജി.ഒ (പി) നം85/2011/Fin തീയതി 26.02.2011, ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016, ജി.ഒ (പി) നം 27/2021/Fin തീയതി 10.02.2021. |
| 4 | ഹരീഷ് കുമാർ. പി, സീനിയർ ക്ലാർക്ക് | ജി.ഒ (പി) നം85/2011/Fin തീയതി 26.02.2011, ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016, ജി.ഒ (പി) നം 27/2021/Fin തീയതി 10.02.2021. |
| 5 | രാജൻ. ടി.വി, ജെ.എച്ച്.ഐ.ഗ്രേഡ്-2 | ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016, ജി.ഒ (പി) നം 27/2021/Fin തീയതി 10.02.2021. |
| 6 | ജമ്ന.സി, സീനിയർ ക്ലാർക്ക് | ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016, ജി.ഒ (പി) നം 27/2021/Fin തീയതി 10.02.2021. |
| 7 | മനോജ് കുമാർ.കെ, റവന്യൂ ഇൻസ്പെക്ടർ | ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016, ജി.ഒ (പി) നം 27/2021/Fin തീയതി 10.02.2021. |
| 8 | സീമ.എൻ, സീനിയർ ക്ലാർക്ക് | ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016, ജി.ഒ (പി) നം 27/2021/Fin തീയതി 10.02.2021. |
| 9 | രേഷ്മ.എ, സീനിയർ ക്ലാർക്ക് | ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016, ജി.ഒ (പി) നം 27/2021/Fin തീയതി 10.02.2021. |
| 10 | ഗീത. ആർ, ഓഫീസ് അറ്റൻഡന്റ് | ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016, ജി.ഒ (പി) നം 27/2021/Fin തീയതി 10.02.2021. |

(മേൽ പരാമർശിച്ച ജീവനക്കാരെ കൂടാതെ നഗരസഭയിലെ മുഴുവൻ ജീവനക്കാരുടെയും ശമ്പളം ജി.ഒ (പി) നം 27/2021/Fin തീയതി 10.02.2021 പ്രകാരം പരിഷ്കരിച്ചതും അംഗീകാരം വാങ്ങിയിട്ടില്ല.)

II) നഗരസഭാ ഓഫീസിലെ ചുവടെ പറയുന്ന കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം ജി.ഒ (എം.എസ്) നം 118/2016/LSGD തീയതി 17.08.2016, ജി.ഒ (എം.എസ്) നം 89/2021/ധന തീയതി 12.08.2021 എന്നിവ പ്രകാരം

നിർണ്ണയം നടത്തിയത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക |
|---|---|---|
| 1 | രാജൻ. പി.വി | സാനിറ്റേഷൻ വർക്കർ |
| 2 | ഷീജ.കെ | സാനിറ്റേഷൻ വർക്കർ |
| 3 | സലോമി.പി.ജെ | സാനിറ്റേഷൻ വർക്കർ |
| 4 | മറിയം. എം | സാനിറ്റേഷൻ വർക്കർ |
| 5 | തമ്പാൻ.വി.വി | സാനിറ്റേഷൻ വർക്കർ |
| 6 | തങ്കമണി. എം | സാനിറ്റേഷൻ വർക്കർ |
| 7 | മെബിൻ. എ.പി | സാനിറ്റേഷൻ വർക്കർ |

ഈ ജീവനക്കാരുടെ ശമ്പള നിർണ്ണയങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. - 32 തീയതി 25.10.2021).

**1-16 ആർജിത അവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനുമുൻപേ ജീവനക്കാർക്ക് ആർജിത അവധി സറണ്ടർ അനുവദിച്ചു- അപാകത.**

05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ നഗരസഭയിലെ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. നഗരസഭാ സെക്രട്ടറിയുടെ 01.06.2021ലെ ഉത്തരവ് നമ്പർ ജി-1/4318/21 പ്രകാരം ചുവടെ പരാമർശിക്കുന്ന ജീവനക്കാർക്ക് 9,91,349/- രൂപ ആർജിത അവധി സറണ്ടർ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. ചെക്ക് നമ്പർ 311466/01.06.2021 പ്രകാരം ഈ തുക നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും മാറിയിട്ടുണ്ട്.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക. | ആർജിത അവധി സറണ്ടർ ഇനത്തിൽ അനുവദിച്ച തുക. |
|---|---|---|
| 1 | ശിവജി.സി.കെ, സൂപ്രണ്ട് | 63845 |
| 2 | പ്രകാശൻ.എ.കെ, എച്ച്.ഐ.ഗ്രേഡ്-1 | 73676 |
| 3 | മനോജ് കുമാർ.കെ, റവന്യൂ ഇൻസ്പെക്ടർ | 60907 |
| 4 | നാരായണി.ടി. ജെ.എച്ച്.ഐ.ഗ്രേഡ്-1 | 55370 |
| 5 | സ്മിത.പി.പി, ജെ.എച്ച്.ഐ.ഗ്രേഡ്-2 | 49042 |
| 6 | കെ.വി.ബീനാകുമാരി, ജെ.എച്ച്.ഐ.ഗ്രേഡ്-2 | 49042 |
| 7 | പ്രമോദ്.കെ, സീനിയർ ക്ലാർക്ക് | 56726 |
| 8 | അഭിലാഷ്.ടി.വി, സീനിയർ ക്ലാർക്ക് | 46669 |
| 9 | ഹരീഷ് കുമാർ.പി, സീനിയർ ക്ലാർക്ക് | 46669 |
| 10 | പ്രകാശ് .സി, സീനിയർ ക്ലാർക്ക് | 46669 |
| 11 | ജമ്ന.സി, സീനിയർ ക്ലാർക്ക് | 44409 |
| 12 | രേഷ്മ.എ, സീനിയർ ക്ലാർക്ക് | 44409 |
| 13 | സീമ.എൻ, സീനിയർ ക്ലാർക്ക് | 44409 |
| 14 | രാജൻ.ടി.വി, ജെ.എച്ച്.ഐ.ഗ്രേഡ്-2 | 50285 |
| 15 | രാകേഷ് കൃഷ്ണൻ.എ.വി, ക്ലാർക്ക് | 33335 |

| | | | |
|---|---|---|---|
| 16 | റഷീദ.എ.ജി, ക്ലാർക്ക് | | 32431 |
| 17 | അഖില.ടി.എസ്, ക്ലാർക്ക് | | 31527 |
| 18 | അൻവർസാദത്ത്.എം.പി, ക്ലാർക്ക് | | 31527 |
| 19 | ജോഷ്ന.വി.കെ, ക്ലാർക്ക് | | 30736 |
| 20 | ശ്രീനജിത്ത്.കെ.എം, ക്ലാർക്ക് | | 30736 |
| 21 | ഗീത.ആർ, ഓഫീസ് അറ്റൻഡന്റ് | | 38194 |
| 22 | യമുന.എം, ഓഫീസ് അറ്റൻഡന്റ് | | 30736 |
| | ആകെ | | 9,91,349/- |

മേൽ പരാമർശിച്ച തുക കൂടാതെ മോഹനൻ.പി.പി, എച്ച്.ഐ.ഗ്രേഡ്-1 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ ഇനത്തിൽ ചെക്ക് നമ്പർ 311526/19.07.2021 പ്രകാരം 73,676/- രൂപയും തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായ് ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം ആർജിത അവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ സറണ്ടർ അനുവദിച്ചിട്ടില്ല.

26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന പ്രകാരം സർക്കാർ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01.06.2021 മുതൽ 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായ് ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ നഗരസഭയിലെ ജീവനക്കാർക്ക് ആർജിത അവധി സറണ്ടർ അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയിക്ക് (നം. 31 തിയതി 25.10.2021) നൽകിയ മറുപടിയിൽ ജി.ഒ (പി)നം 152/2020/ധന തീയതി 05.11.2020പ്രകാരം ആർജിത അവധി സറണ്ടർ അനുവദിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ 01.06.2020ന് അവസാനിച്ചതിനാലും ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നഗരസഭയിൽ ലഭിക്കാതിരുന്നതിനാലുമാണ് ജീവനക്കാർക്ക് ആർജിത അവധി സറണ്ടർ അനുവദിച്ചത് എന്ന് വിശദീകരിക്കുകയുണ്ടായി. സാമ്പത്തിക നിയന്ത്രണത്തിന്റെ ഭാഗമായി സർക്കാർ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ എല്ലാ വകുപ്പുകൾക്കും ബാധകമാണ്. ഇത്തരം നിയന്ത്രണങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-17 ആദായനികുതി റിട്ടേൺ യഥാസമയം ഫയൽ ചെയ്തില്ല-ഫൈൻ തുക ഒടുക്കിയത്

വൗച്ചർ നം.21900239/27.6.2019 – 42368/- രൂപ

ഫയൽ നം.എ1-7722/18

നീലേശ്വരം നഗരസഭയുടെ 2007,2016,2017,2018 വർഷങ്ങളിൽ ഈടാക്കിയ ആദായനികുതി ഒടുക്കിയതിന് റിട്ടേൺ സമയപരിധിക്കകം ഫയൽ ചെയ്യാതിരുന്നതിനാൽ മേൽ കാലയളവിൽ ഫൈൻ തുക ഒടുക്കണമെന്ന് ആദായനികുതി വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. ആദായനികുതി വകുപ്പ് ഓഫീസർ(ടി.ഡി.എസ്) കണ്ണൂർ കത്ത് നം.ITO(TDS)/Default/CHNN0091F/2019-20/1083/തിയ്യതി.30.4.2019 പ്രകാരം യഥാക്രമം 8375/- രൂപ, 26368/-രൂപ, 1400/-രൂപ, 14600/-രൂപ എന്നിങ്ങനെയാണ് ഫൈൻ തുക നിശ്ചയിച്ചത്, ആകെ 50943/-രൂപ 30.6.2019 നകം അടവാക്കണമെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. 2007 ൽ ഗ്രാമപഞ്ചായത്തായിരുന്ന സമയത്ത് ഒടുക്കേണ്ട 8375/-രൂപ ഒഴിവാക്കി ബാക്കി 42368/-രൂപ അടക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം.(3)/17.6.2019 പ്രകാരം അനുമതി നൽകി. ഈ തുക ഈ കാലയളവിലെ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

വൗച്ചർ നം.21900239/27.6.2019 പ്രകാരം 42368/- രൂപ ഒടുക്കിയിട്ടുണ്ട്. ചെക്ക് നം,721098/27.6.2019. ഈ കാലയളവിലെ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈ തുക ഈടാക്കിയിട്ടുണ്ടോ എന്ന് ഓഡിറ്റ് എൻക്വയറി നം.05/20.10.2021 പ്രകാരം ആവശ്യപ്പെട്ടതിന് 25.10.2021 ന് മറുപടി നൽകിയിട്ടുണ്ട്. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കാൻ നടപടി സ്വീകരിക്കുമെന്നാണ് മറുപടി നൽകിയിരിക്കുന്നത്. 42368/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്കി രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-18 കൊട്ടമ്പുറം-ചീർമ്മക്കാവ് റോഡിലെ വൈദ്യുതി തൂൺ മാറ്റി സ്ഥാപിക്കൽ - തുക ചെലവഴിച്ചത്

വൗച്ചർ നം.21900203/15.6.2019- 22057/-രൂപ

ചെക്ക് നം.721084/15.6.2019

നീലേശ്വരം നഗരസഭാ പരിധിയിലെ കൊട്ടമ്പുറം-ചീർമ്മക്കാവ് റോഡിൽ നീതി സ്റ്റോറിന് മുന്നിലായി റോഡിന് നടുവിൽ ഉള്ള വൈദ്യുതി തൂൺ മാറ്റി സ്ഥാപിക്കുന്നതിന്

മേൽ വൗച്ചർ പ്രകാരം ആകെ 22057/-രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് നീലേശ്വരം സെക്ഷനിലാണ് തുക ഒടുക്കിയിട്ടുള്ളത്. അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് നീലേശ്വരം സെക്ഷന്റെ 12.4.2019 ലെ കത്ത് പ്രകാരം 22057/- രൂപ ഒടുക്കണമെന്ന് ആവശ്യപ്പെട്ടത് പ്രകാരമാണ് തുക ചെലവഴിച്ചത്. മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം.(2)/5.3.2019

ഈ തുക ചെലവഴിച്ചതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് നീലേശ്വരം സെക്ഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റ്, അതിന് ഭരണസമിതി അംഗീകാരം നൽകിയത് സംബന്ധമായ രേഖകൾ, തുക ഒടുക്കിയതിന്റെ രശീതി, പ്രവർത്തി പൂർത്തീകരിച്ചതിന് വൈദ്യുതി ബോർഡ് നൽകിയ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.11/22.10.2021 പ്രകാരം ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 25.10.2021 ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഒഴികെയുള്ള രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ഇത് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 22057/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 കാര്യങ്കോട് അംഗൻവാടി റോഡിലെ വൈദ്യുതി തൂൺ മാറ്റി സ്ഥാപിക്കൽ -തുക ചെലവഴിച്ചത്

വൗച്ചർ നം.21900708/4.11.2019- 15188/-രൂപ

ചെക്ക് നം.886952/4.11.2019

നീലേശ്വരം നഗരസഭാ പരിധിയിലെ കാര്യങ്കോട് അംഗൻവാടി റോഡിൽ ഉള്ള വൈദ്യുതി തൂൺ മാറ്റി സ്ഥാപിക്കുന്നതിന് മേൽ വൗച്ചർ പ്രകാരം ആകെ 15188/-രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് നീലേശ്വരം സെക്ഷനിലാണ് തുക ഒടുക്കിയിട്ടുള്ളത്. അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് നീലേശ്വരം സെക്ഷന്റെ 28.9.2019 ലെ കത്ത് നം.ഡി.ബി/2019-20/90 പ്രകാരം 15188/- രൂപ ഒടുക്കണമെന്ന് ആവശ്യപ്പെട്ടത് പ്രകാരമാണ് ചെലവ് നടത്തിയത്.

ഈ തുക ചെലവഴിച്ചതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് നീലേശ്വരം സെക്ഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റ്, അതിന് ഭരണസമിതി അംഗീകാരം നൽകിയത് സംബന്ധമായ രേഖകൾ, വൈദ്യുതി ബോർഡുമായി ഒപ്പ് വെച്ച കരാർ, തുക ഒടുക്കിയതിന്റെ രശീതി, പ്രവർത്തി പൂർത്തീകരിച്ചതിന് വൈദ്യുതി ബോർഡ് നൽകിയ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.12/22.10.2021 പ്രകാരം ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 25.10.2021 ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഒഴികെയുള്ള രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ഇത് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 15188/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 ചാത്തമത്ത് നിർദ്ദിഷ്ട ഗ്യാസ് ക്രിമിറ്റോറിയത്തിന് സമീപത്തെ വൈദ്യുതി തൂൺ മാറ്റി സ്ഥാപിക്കൽ -തുക ചെലവഴിച്ചത്

വൗച്ചർ നം.21900917/31.1.2020- 21371/-രൂപ

ചെക്ക് നം.887041/31.1.2020

നീലേശ്വരം നഗരസഭയിലെ ചാത്തമത്ത് പ്രവൃത്തി നടക്കുന്ന ഗ്യാസ് ക്രിമിറ്റോറിയത്തിന് സമീപത്തുള്ള വൈദ്യുതി തൂൺ മാറ്റി സ്ഥാപിക്കുന്നതിന് മേൽ വൗച്ചർ പ്രകാരം ആകെ 21371/-രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് നീലേശ്വരം സെക്ഷനിലാണ് തുക ഒടുക്കിയിട്ടുള്ളത്. അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് നീലേശ്വരം സെക്ഷന്റെ 31.1.2020 ലെ കത്ത് നം.ഡി.ബി6/ECSC/NLR/2019-20/143 പ്രകാരം 21371/- രൂപ ഒടുക്കണമെന്ന് ആവശ്യപ്പെട്ടത് പ്രകാരമാണ് ചെലവ് നടത്തിയത്.

ഈ തുക ചെലവഴിച്ചതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് നീലേശ്വരം സെക്ഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റ്, അതിന് ഭരണസമിതി അംഗീകാരം നൽകിയത് സംബന്ധമായ രേഖകൾ, വൈദ്യുതി ബോർഡുമായി ഒപ്പ് വെച്ച കരാർ, തുക ഒടുക്കിയതിന്റെ രശീതി, പ്രവർത്തി പൂർത്തീകരിച്ചതിന് വൈദ്യുതി ബോർഡ് നൽകിയ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.13/22.10.2021 പ്രകാരം ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 25.10.2021 ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഒഴികെയുള്ള രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ഇത് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 21371/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 കടിഞ്ഞിമൂല GWLPസ്കൂളിന് സമീപത്തെ വൈദ്യുതി തൂൺ മാറ്റി സ്ഥാപിക്കൽ -തുക ചെലവഴിച്ചത്

വൗച്ചർ നം.21901031/4.3.2020- 24785/-രൂപ

ചെക്ക് നം.968691/4.3.2020

നീലേശ്വരം നഗരസഭയിലെ കടിഞ്ഞിമൂല GWLP സ്കൂളിന് സമീപത്തുള്ള വൈദ്യുതി തൂൺ മാറ്റി സ്ഥാപിക്കുന്നതിന് മേൽ വൗച്ചർ പ്രകാരം ആകെ 24785/-രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് പടന്നക്കാട് സെക്ഷനിലാണ് തുക ഒടുക്കിയിട്ടുള്ളത്. അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് പടന്നക്കാട് സെക്ഷന്റെ 19.2.2020 ലെ കത്ത് നം.DB36/2019-20/DW/ നീലേശ്വരം നഗരസഭ/235 പ്രകാരം 24785/- രൂപ ഒടുക്കണമെന്ന് ആവശ്യപ്പെട്ടത് പ്രകാരമാണ് ചെലവ് നടത്തിയത്.

ഈ തുക ചെലവഴിച്ചതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് പടന്നക്കാട് സെക്ഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റ്, അതിന് ഭരണസമിതി അംഗീകാരം നൽകിയത് സംബന്ധമായ രേഖകൾ, വൈദ്യുതി ബോർഡുമായി ഒപ്പ് വെച്ച കരാർ, തുക ഒടുക്കിയതിന്റെ രശീതി, പ്രവർത്തി പൂർത്തീകരിച്ചതിന് വൈദ്യുതി ബോർഡ് നൽകിയ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.14/22.10.2021 പ്രകാരം ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 25.10.2021 ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഒഴികെയുള്ള രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ഇത് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 24785/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 നീലായി കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം-തുക ചെലവഴിച്ചത്

വൗച്ചർ നം.21900998/18.2.2020 - 17922/-രൂപ

ചെക്ക് നം.968676/18.2.2020

നീലേശ്വരം നഗരസഭയിലെ നീലായി കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണത്തിനായി ECS ഇനത്തിൽ 13380/- രൂപ, CD തുക ഇനത്തിൽ 2000/-രൂപ, GSTഇനത്തിൽ 2408/-രൂപ, Flood Cess 134/- രൂപ എന്നിങ്ങനെ ആകെ 17922/-രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ചോയ്യംകോട് സെക്ഷനിലാണ് തുക ഒടുക്കിയിട്ടുള്ളത്. അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ചോയ്യംകോട് സെക്ഷന്റെ 15.1.2020 ലെ കത്ത് പ്രകാരം 17922/- രൂപ ഒടുക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ചാണ് ചെലവ് നടത്തിയത്.

ഈ തുക ചെലവഴിച്ചതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് പടന്നക്കാട് സെക്ഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റ്, അതിന് ഭരണസമിതി അംഗീകാരം നൽകിയത് സംബന്ധമായ രേഖകൾ, വൈദ്യുതി

ബോർഡുമായി ഒപ്പ് വെച്ച കരാർ, തുക ഒടുക്കിയതിന്റെ രശീതി, പ്രവർത്തി പൂർത്തീകരിച്ചതിന് വൈദ്യുതി ബോർഡ് നൽകിയ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.15/22.10.2021 പ്രകാരം ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 25.10.2021 ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഒഴികെയുള്ള രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ഇത് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 17922/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 നിർദ്ദിഷ്ട ഇ.എം.എസ് സ്റ്റേഡിയത്തിലെ എച്ച്.ടി/എൽ.ടി ലൈൻ മാറ്റൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പ്രൊജക്ട് നം.168/19-20

അടങ്കൽ - 118155/-രൂപ – പ്ലാൻ ജനറൽ - ചെലവ് - 118155/-രൂ

ബിൽ നം.07/2019-20/7.6.2019 – 118155/- രൂപ

നീലേശ്വരം നഗരസഭയുടെ കീഴിലുള്ള ഇ.എം.എസ് സ്റ്റേഡിയനിർമ്മാണവുമായി ബന്ധപ്പെട്ട് എച്ച്.ടി/എൽ.ടി വൈദ്യുതിലൈൻ മാറ്റുന്നതിന് 2018-19 വർഷത്തിൽ പദ്ധതി രൂപീകരിച്ചു. അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് നീലേശ്വരം സെക്ഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 5,76,590/- രൂപയാണ് ചെലവ് തുക. അതിൽ 4,58,435/-രൂപ 2018-19 വർഷത്തിൽ 3.4.2018ന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് നീലേശ്വരം സെക്ഷനിൽ ഒടുക്കിയിട്ടുണ്ട്. ബാക്കി തുക 118155/- രൂപ നൽകുന്നതിന് പദ്ധതി സ്പിൽ ഓവർ ആയി തുടരുകയും 2019-20 വർഷത്തിൽ നൽകുകയും ചെയ്തു. കത്ത് നം.ഡി.ബി.47/2018-19/ഡി.ഡബ്ല്യു/66/തിയ്യതി-27.7.2018 പ്രകാരം അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് നീലേശ്വരം സെക്ഷൻ ബാക്കി 118155/- രൂപ ഒടുക്കുവാൻ ആവശ്യപ്പെട്ടു. ബിൽ നം.07/2019-20/7.6.2019 പ്രകാരം 118155/- രൂപ നീലേശ്വരം സെക്ഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി.

ഈ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.20/22.10.2021 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 118155/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 നഗരസഭാ വാഹനങ്ങളുടെ ടയർ മാറ്റുന്നതിന് തുക ചെലവഴിച്ചത്

**1)വൗച്ചർ നം.21900026/5.4.2019 - 11400/-രൂപ**

ചെക്ക് നം.648715/5.4.2019

ഫയൽ നം.E1-1683/2011

നീലേശ്വരം നഗരസഭയുടെ KL-14-F-6530 നമ്പർ ജീപ്പിന്റെ 2 ടയറുകൾ മാറ്റുന്നതിന് ആകെ 11400/-രൂപ മേൽവൗച്ചർ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ശ്രീദേവി സർവ്വീസ് സ്റ്റേഷൻ നീലേശ്വരത്തിന്റെ ഇൻവോയ്സ് നം.210/12.3.2019 പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത്. ഈ ചെലവ് നടത്തിയതിന് ആധാരമായി മാറ്റിയ 2 ടയറുകളും ഉപയോഗക്ഷമമല്ല എന്ന് പൊതുമരാമത്ത് മെക്കാനിക്കൽ ഡിവിഷൻ അനുവദിച്ച എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് , സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

**2)വൗച്ചർ നം.21900587/1.10.2019 - 9900/-രൂപ**

ചെക്ക് നം.810298/1.10.2019

ഫയൽ നം.H1/E1-1683/2011

നീലേശ്വരം നഗരസഭയുടെ KL-60-C-7781 നമ്പർ വാഹനത്തിന്റെ 2 ടയറുകൾ മാറ്റുന്നതിന് ആകെ 9900/-രൂപ മേൽവൗച്ചർ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ശ്രീദേവി സർവ്വീസ് സ്റ്റേഷൻ നീലേശ്വരത്തിന്റെ ഇൻവോയ്സ് നം.375/19.9.2019 പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത്. ഈ ചെലവ് നടത്തിയതിന് ആധാരമായി മാറ്റിയ 2 ടയറുകളും ഉപയോഗക്ഷമമല്ല എന്ന് പൊതുമരാമത്ത് മെക്കാനിക്കൽ ഡിവിഷൻ അനുവദിച്ച എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് , സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

**3)വൗച്ചർ നം.21900588/1.10.2019 - 9900/-രൂപ**

ചെക്ക് നം.810298/1.10.2019

ഫയൽ നം.H1/E1-6150/17

നീലേശ്വരം നഗരസഭയുടെ KL-60-N-1216 നമ്പർ വാഹനത്തിന്റെ 2 ടയറുകൾ മാറ്റുന്നതിന് ആകെ 9900/-രൂപ മേൽവൗച്ചർ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ശ്രീദേവി സർവ്വീസ് സ്റ്റേഷൻ നീലേശ്വരത്തിന്റെ ഇൻവോയ്സ് നം.333/7.8.2019 പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത്. ഈ ചെലവ് നടത്തിയതിന് ആധാരമായി മാറ്റിയ 2 ടയറുകളും ഉപയോഗക്ഷമമല്ല എന്ന് പൊതുമരാമത്ത് മെക്കാനിക്കൽ ഡിവിഷൻ അനുവദിച്ച എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് , സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.16/22.10.2021 പ്രകാരം ക്രമ നം.(1),(2),(3) പ്രകാരം ടയറുകൾ മാറ്റിയതിന് പൊതുമരാമത്ത് മെക്കാനിക്കൽ ഡിവിഷൻ അനുവദിച്ച എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് , സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക ആകെ 31200/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 നഗരസഭാ വാഹനത്തിന്റെ അറ്റകുറ്റപ്പണി തുക ചെലവഴിച്ചത്

വൗച്ചർ നം.21900295/12.7.2019 - 42311/-രൂപ

ചെക്ക് നം.721117/12.7.2019

ഫയൽ നം.E1-1683/2011

സൂചന:-കേരളാ മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ - ചട്ടം10 (7).

നീലേശ്വരം നഗരസഭയുടെ KL-60-C-7781 നമ്പർ വാഹനത്തിന്റെ അറ്റകുറ്റപ്പണി നടത്തിയതിന് ആകെ 42311/-രൂപ മേൽവൗച്ചർ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. അമ്മാസ് ഓട്ടോമൊബൈൽസ് ചെറുവത്തൂരിന്റെ 11.6.2019 ലെ ടാക്സ് ഇൻവോയ്സ് പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത്. മേൽ സൂചനാ ചട്ടം പ്രകാരം അറ്റകുറ്റപ്പണിയുടെ പ്രതീക്ഷിത ചെലവ് 10000/-രൂപയ്ക്ക് മുകളിലാണെങ്കിൽ ക്വട്ടേഷൻ മുഖേന മാത്രം നടത്തേണ്ടതാണ്. കൂടാതെ കസ്റ്റോഡിയൻ ഓഫീസർ,മുനിസിപ്പൽ എഞ്ചിനീയർ എന്നിവരിലാരെങ്കിലും പ്രതീക്ഷിതചെലവ് കണക്കാക്കേണ്ടതാണ്.

ഈ ചെലവ് നടത്തിയതിന് ആധാരമായി പ്രവർത്തിയുടെ പ്രതീക്ഷിതചെലവ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയത്, എസ്റ്റിമേറ്റിന് പൊതുമരാമത്ത് മെക്കാനിക്കൽ ഡിവിഷൻ അംഗീകാരം നൽകിയതിന്റെ രേഖകൾ, ക്വട്ടേഷൻ ക്ഷണിച്ചതുമായി ബന്ധപ്പെട്ട രേഖകൾ, ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.17/22.10.2021 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 42311/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 വാർഡ് ശുചീകരണത്തിന് തുക ചെലവഴിച്ചത്-ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

1)വൗച്ചർ നം.21900742/8.11.2019 – 120000/-രൂപ - ചെക്ക് നം.886972/8.11.2019

2)വൗച്ചർ നം.21900743/8.11.2019 – 40000/-രൂപ - ചെക്ക് നം.886973/8.11.2019

ഫയൽ നം.H1-1357/19

തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പിന്റെ സർക്കുലർ നം.100/ഡിസി1/2019 പ്രകാരം വാർഡ്തല ശുചീകരണത്തിന് ഓരോ വാർഡിനും ശുചിത്വമിഷൻ ഫണ്ട് 10000/-രൂപയും, എൻ.എച്ച്.എം ഫണ്ട് 10000/-രൂപയും, തനത് ഫണ്ട് തുകയായി 5000/- രൂപയും ചേർത്ത് ആകെ 25000/- രൂപ അനുവദിക്കാവുന്നതാണ്. ശുചിത്വമിഷൻ ഫണ്ട് ലഭിക്കാൻ കാലതാമസം വരുന്നതിനാൽ തനത് ഫണ്ടിൽ നിന്നുള്ള 5000/- രൂപ ഓരോ വാർഡിനും അനുവദിക്കാൻ ബഹു.നഗരസഭാ ചെയർമാൻ 28.102019ൽ മുൻകൂർ അനുമതി നൽകി.നടപടിക്രമം നം.എച്ച്1-1357/19/തിയ്യതി-5.11.2019 പ്രകാരം 32 വാർഡുകളിലെ സാനിറ്റേഷൻ സമിതി അക്കൗണ്ടുകളിലേക്ക് 5000/-രൂപ വീതം നൽകുന്നതിന് അനുമതി നൽകി. മേൽ 2 വൗച്ചറുകളിലായി ആകെ 160000/-രൂപ സാനിറ്റേഷൻ സമിതി അക്കൗണ്ടുകളിലേക്ക് നൽകി.

ഈ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട 32 വാർഡ് സാനിറ്റേഷൻ കമ്മിറ്റികളുടെ മിനിട്സ്, ബാങ്ക് പാസ്സ് ബുക്ക്, ചെലവ് വൗച്ചറുകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.18/22.10.2021 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 160000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 നഗരസഭാ ഓഫീസിൽ ഇന്റർകോം സ്ഥാപിക്കൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പ്രൊജക്ട് നം.131/19-20

അടങ്കൽ - 140000/-രൂപ – പ്ലാൻ ജനറൽ - ചെലവ് - 140000/-രൂ

ബിൽ നം.05/2019-20/22.5.2019 – 140000/- രൂപ

ഫയൽ നം.R2-6342/18

നീലേശ്വരം നഗരസഭാ ഓഫീസിൽ ഇന്റർകോം -EPABX System-സംവിധാനം സ്ഥാപിക്കുന്നതിന് 6.7.2018 ലെ നഗരസഭ സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. 2018-19 വർഷത്തിൽ ഇതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അസി.എഞ്ചിനീയർ, പൊതുമരാമത്ത് ഇലക്ട്രോണിക്സ് ഡിവിഷൻ,കാഞ്ഞങ്ങാടിനോട് ആവശ്യപ്പെട്ടു. ഇവർ അസി.എക്സി.എഞ്ചിനീയർ, പൊതുമരാമത്ത് ഇലക്ട്രോണിക്സ് സബ്ബ്ഡിവിഷൻ കണ്ണൂരിലേക്ക് കത്ത് കൈമാറുകയും ചെയ്തു. 13.8.2018 ലെ കത്ത് നം.എ2-538/18 പ്രകാരം അസി.എക്സി.എഞ്ചിനീയർ, പൊതുമരാമത്ത് ഇലക്ട്രോണിക്സ് സബ്ബ്ഡിവിഷൻ കണ്ണൂർ ഈ പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചു. ആകെ 140000/- രൂപയാണ് തുക. 8.10.2018 ലെ ഭരണസമിതി തീരുമാനം നം.3(1) പ്രകാരം എസ്റ്റിമേറ്റ് അംഗീകരിച്ച് പദ്ധതി തയ്യാറാക്കി പ്രവൃത്തി നടത്താൻ നടപടി സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. 2019-20 വർഷത്തിൽ ഈ പ്രവൃത്തിക്കായി പദ്ധതി രൂപീകരിച്ചു.

അസി.എക്സി.എഞ്ചിനീയർ, പൊതുമരാമത്ത് ഇലക്ട്രോണിക്സ് സബ്ബ്ഡിവിഷൻ കണ്ണൂർ, കത്ത് നം.എ2-405/19 പ്രകാരം ഇന്റർകോം -EPABX System-സംവിധാനം സ്ഥാപിക്കുന്നതിന് 140000/- രൂപ "8443-00-108-PW DEPOSIT" എന്ന ശീർഷകത്തിൽ എക്സി.എഞ്ചിനീയർ, പൊതുമരാമത്ത് ഇലക്ട്രോണിക്സ് ഡിവിഷൻ, തൃശ്ശൂരിന്റെ പേരിൽ BIMS വഴി ഡെപ്പോസിറ്റ് ചെയ്യാൻ ആവശ്യപ്പെട്ടു. ബിൽ നം.05/2019-20/22.5.2019 പ്രകാരം 140000/- രൂപ എക്സി.എഞ്ചിനീയർ, പൊതുമരാമത്ത് ഇലക്ട്രോണിക്സ് ഡിവിഷൻ, തൃശ്ശൂരിന് കൈമാറി.

ഈ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.19/22.10.2021 പ്രകാരം ആവശ്യപ്പെട്ടതിന് അസി.എക്സി.എഞ്ചിനീയർ, പൊതുമരാമത്ത് ഇലക്ട്രോണിക്സ് ഡിവിഷൻ, കണ്ണൂർ നൽകിയ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. പക്ഷെ ഭൗതികപരിശോധന നടത്തിയപ്പോൾ ഇന്റർകോം -EPABX System-സംവിധാനം സ്ഥാപിച്ചിട്ടുണ്ടെങ്കിലും നിലവിൽ പ്രവർത്തനക്ഷമമല്ല. ഇന്റർകോം -EPABX System-സംവിധാനം പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. അതുവരെ ചെലവ് തുക 1,40,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 2019-20 വർഷത്തിൽ മുൻകൂർ നൽകിയത് ക്രമീകരിക്കാത്തത്

സൂചന(1)സർക്കാർ ഉത്തരവ് (അച്ചടി) നം.419/11/ഫിൻ/തിയ്യതി 4.10.2011/ഫിനാൻസ് (എക്സ്പെൻഡിച്ചർ-ബി) വകുപ്പ്.

സൂചന(2)ആർട്ടിക്കിൾ-99, കെ.എഫ്.സി-വാല്യം-1

2019-20 വർഷത്തിൽ വിവിധ അടിയന്തിര പ്രവർത്തനങ്ങൾ നടത്തുന്നതിന് നഗരസഭയിലെ വിവിധ ജീവനക്കാർക്ക് മുൻകൂർ ആയി തുക അനുവദിച്ചിട്ടുണ്ട്. പക്ഷെ നാളിതുവരെയായി ഈ തുക ക്രമീകരിച്ചിട്ടില്ല എന്ന് ഓഡിറ്റ് പരിശോധനയിൽ കാണുന്നു. ആകെ 3,67,000/- രൂപ മുൻകൂർ അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം./ തിയ്യതി | മുൻകൂർ തുക അനുവദിച്ചത് | മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | എന്താവശ്യത്തിന് | ചെക്ക് നം./ തിയ്യതി |
|---|---|---|---|---|---|
| 1 | 21900370/ 23.7.19 | 10000 | രാജൻ.ടി.വി-JHI-II | കാലവർഷക്കെടുതി അടിയന്തിര പ്രവർത്തി | 810235/23.7.19 |
| 2 | 21900461/ 29.8.19 | 13000 | നാരായണി-JHI-I | KL-60N-8461- IZUZU വാഹനം ക്ലച്ച് ഡിസ്ക് മാറ്റുന്നത്. | 810263/29.8.19 |
| 3 | 21900462/ | 10000 | രാജൻ.ടി.വി-JHI-II | ഓർച്ച റോഡിൽ | 810264/29.8.19 |

| | | | | | |
|---|---|---|---|---|---|
| | 29.8.19 | | | അപകടാവസ്ഥയിലായ മരം മുറിച്ച് നീക്കൽ | |
| 4 | 21900577/ 1.10.19 | 5000 | സുബൈർ.കെ.പി JHI-I | ഹരിത അവാർഡ്-കോഴിക്കോട് യാത്രക്ക് നൽകിയത് | 810294/1.10.19 |
| 5 | 21900578/ 1.10.19 | 25000 | സുബൈർ.കെ.പി JHI-I | സ്വച്ഛതാ കി.സേവ-2019 ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് നൽകിയത് | 004526/1.10.19 |
| 6 | 21900756/ 22.1..19 | 75000 | സുബൈർ.കെ.പി JHI-I | 2019 നവമ്പർ-സ്കൂൾ കലോത്സവം അനുബന്ധ ചെലവുകൾ | 886981/22.1.19 |
| 7 | 21900757/ 29.11.19 | 7000 | രാജൻ.ടി.വി-JHI-II | ബ്രഷ് കട്ടർ റിപ്പയർ നടത്തുന്നതിന് | 886982/29.11.19 |
| 8 | 21900816/ 5.12.19 | 27000 | സുബൈർ.കെ.പി JHI-I | താലൂക്ക് ആശുപത്രി പരിസരം 4 തേക്ക് മരം മുറിക്കൽ | 886994/5.12.19 |
| 9 | 21900867/ 5.1.20 | 50000 | ബീനാകുമാരി-JHI-I | ഹരിതകേരളാ മിഷ ൻ- നീർച്ചാലുകൾ കൈവഴികൾ മാലിന്യമുക്തമാക്കൽ | 887020/5.1.20 |
| 10 | 21900868/ 5.1.20 | 50000 | നാരായണി-JHI-I | ഹരിതകേരളാ മിഷ ൻ- നീർച്ചാലുകൾ കൈവഴികൾ മാലിന്യമുക്തമാക്കൽ | 887021/5.1.20 |
| 11 | 2100914/ 30.1.20 | 50000 | സ്മിത.പി.പി-JHI-I | പ്ലാസ്റ്റിക്ക് നിരോധ നം- പ്ലാസ്റ്റിക്ക് ബദൽ ഉൽപ്പന്നങ്ങൾ പ്രദർശനം | 004636/30.1.20 |
| 12 | 21900977/ 13.2.20 | 50000 | അനുജിത്ത്.കെ.എ | ദുരന്തനിവാരണ ആസൂത്രണ രേഖ- പരിശീലനം | 968659/13.2.20 |
| 13 | 21901054/ 12.3.20 | 20000 | നാരായണി-JHI-I | KL-60N-8461- IZUZU വാഹനം -ഫിറ്റ്നസ്സ് ടെസ്റ്റ് അടിയന്തിര പ്രവർത്തി | 968700/12.3.20 |
| | ആകെ | 3,67,000/- | | | |

മുൻകൂർ തുക നൽകുന്നതിന് തയ്യാറാക്കിയ വിവിധ നടപടിക്രമങ്ങളിൽ 2 ആഴ്ചയ്ക്കകം ചെലവ് നടത്തി ബില്ലുകളും വൗച്ചറുകളും ഹാജരാക്കി തുക ക്രമവൽക്കരിക്കണമെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക 18% പലിശ സഹിതം തിരിച്ചുപിടിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ സൂചനാ (1)ഉത്തരവ് പ്രകാരം ക്രമവൽക്കരണത്തിന് സമയം 3മാസമാണ്, ഈ കാലയളവിൽ ക്രമവൽക്കരണം നടത്തിയില്ലെങ്കിൽ 18% പലിശ സഹിതം തിരിച്ചുപിടിക്കണമെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു.

മേൽ പട്ടിക ക്രമ നം.(6) പ്രകാരമുള്ള മുൻകൂറുകൾ നൽകിയത് ക്രമീകരിച്ചതായി മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്, പക്ഷെ ബില്ലുകളും വൗച്ചറുകളും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ബാക്കി നൽകിയ മുൻകൂറുകൾ നാളിതുവരെയായി ക്രമീകരിച്ചിട്ടില്ല. അതിനാൽ ആകെ 3,67,000/- രൂപ മുൻകൂർ നൽകിയത് ക്രമീകരിക്കാത്തതിന് സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് ഓഡിറ്റ് എൻക്വയറി നം.07/21.10.2021 വിശദീകരണം ആവശ്യപ്പെട്ടതിന് 26.10.2021 ന് മറുപടി നൽകിയിട്ടുണ്ട്. ക്രമ നം.(1),(2),(3),(5),(6),(7),(10),(11),(12) എന്നീ മുൻകൂറുകൾ ക്രമീകരിച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയിട്ടുള്ളത്, പക്ഷെ ബില്ലുകളും വൗച്ചറുകളും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ഇവ ഹാജരാക്കുന്നത് വരെ 3,67,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-29 2019-20 ന് മുമ്പുള്ള സാമ്പത്തിക വർഷങ്ങളിൽ മുൻകൂർ നൽകിയത് നാളിതുവരെ ക്രമീകരിക്കാത്തത്

സൂചന(1)സർക്കാർ ഉത്തരവ് (അച്ചടി) നം.419/11/ഫിൻ/തിയ്യതി 4.10.2011/ഫിനാൻസ് (എക്സ്പെൻഡിച്ചർ-ബി) വകുപ്പ്.

സൂചന(2)ആർട്ടിക്കിൾ-99, കെ.എഫ്.സി-വാല്യം-1

2011-12 വർഷം മുതൽ 2018-19 വർഷം വരെ വിവിധ അടിയന്തിര പ്രവർത്തനങ്ങൾ നടത്തുന്നതിന് നഗരസഭയിലെ വിവിധ ജീവനക്കാർക്ക് മുൻകൂർ ആയി തുക അനുവദിച്ചിട്ടുണ്ട്. പക്ഷെ നാളിതുവരെയായി ഈ തുക ക്രമീകരിച്ചിട്ടില്ല എന്ന് ഓഡിറ്റ് പരിശോധനയിൽ കാണുന്നു. ആകെ 1,40,000/- രൂപ മുൻകൂർ അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം./ തിയ്യതി | മുൻകൂർ തുക അനുവദിച്ചത് | മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | എന്താവശ്യത്തിന് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 2011-12 37/7/11-12/ Dt.12.7.11 | 5000 | ശിശുപാലൻ PWO-I | അടിയന്തിര പ്രവർത്തി |
| 2 | 2014-15 91/3/14-15/Dt.31.3.2015 | 9000 | രൂപേഷ്.ഇ JHI | കണ്ടിൻജന്റ് യൂണിഫോം |
| 3 | 2017-18 40/9/17-18/Dt.8.9.2017 | 50000 | പ്രമോദ്.കെ സീനിയർ ക്ലാർക്ക് | കില പരിശീലനം |
| 4 | 2018-19 40/4/18-19/Dt.11.4.18 | 14000 | രജനി.പി PWO-III | KL-14-F-6530 ഓഫീസ് വാഹനം ടയർ വാങ്ങുന്നതിന് |
| 5 | 2018-19 27/5/18-19/Dt.15.5.18 | 25000 | രജനി.പി PWO-III | അനധികൃത കൈയ്യേറ്റം കണ്ടത്തുന്നതിന് |
| 6 | 2018-19 65/5/18-19/Dt.20.5.18 | 15000 | രജനി.പി PWO-III | അനധികൃത കൈയ്യേറ്റം കണ്ടത്തുന്നതിന് |
| 7 | 2018-19 18/7/18-19/Dt.11.7.18 | 2000 | വി.മോഹനൻ PWO-I | അംഗൻവാടി മെയിന്റനൻസ് |
| 8 | 2018-19 81/1/18-19/Dt.28.1.19 | 20000 | രൂപേഷ്.ഇ JHI | വിമുക്തി ലഹരിവിരുദ്ധ പരിപാടി |
| | ആകെ | 1,40,000/- | | |

മേൽ സൂചനാ (1)ഉത്തരവ് പ്രകാരം ക്രമവൽക്കരണത്തിന് സമയം 3മാസമാണ്, ഈ കാലയളവിൽ ക്രമവൽക്കരണം നടത്തിയില്ലെങ്കിൽ 18% പലിശ സഹിതം തിരിച്ചുപിടിക്കണമെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു.

2011-12 വർഷത്തിൽ നൽകിയ മുൻകൂർ വരെ ക്രമീകരിക്കാൻ ബാക്കിയുണ്ട്, മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. 1,40,000/- രൂപ മുൻകൂർ നൽകിയത് ക്രമീകരിക്കാത്തതിന് സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് ഓഡിറ്റ് എൻക്വയറി നം.09/22.10.2021 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ എത്രയും പെട്ടെന്ന് സൂചനാ (1)ഉത്തരവ് പ്രകാരം ടി ഉദ്യോഗസ്ഥരിൽ നിന്നും പലിശ സഹിതം തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത കാലയളവിലെ സെക്രട്ടറിയിൽ നിന്നും ഈ തുക ഈടാക്കേണ്ടതാണ്.

**1-30 2016-17,2017-18 വർഷത്തിൽ മുൻകൂർ നൽകിയത് ക്രമീകരിക്കാത്തത്, ക്യാരി ഓവർ ചെയ്യാതെ ഒഴിവാക്കി.**

സൂചന(1)സർക്കാർ ഉത്തരവ് (അച്ചടി) നം.419/11/ഫിൻ/തിയ്യതി 4.10.2011/ഫിനാൻസ് (എക്സ്പെൻഡിച്ചർ-ബി) വകുപ്പ്.

സൂചന(2)ആർട്ടിക്കിൾ-99, കെ.എഫ്.സി-വാല്യം-1

(1) 2016-17വർഷം അടിയന്തിര പ്രവർത്തനം നടത്തുന്നതിന് നഗരസഭയിലെ വിവിധ ജീവനക്കാർക്ക് മുൻകൂർ ആയി തുക അനുവദിച്ചിട്ടുണ്ട്. മുൻകൂർ രജിസ്റ്റർ പരിശോധന നടത്തിയപ്പോൾ ആ വർഷം ഈ തുക ക്രമീകരിച്ചിട്ടില്ല, അതിനാൽ അടുത്ത വർഷത്തിലേക്ക് ക്യാരി ഓവർ ചെയ്ത് മുൻകൂർ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. എന്നാൽ 2017-18 വർഷത്തെ മുൻകൂർ രജിസ്റ്റർ പരിശോധന നടത്തിയപ്പോൾ ഈ തുകകൾ ക്യാരി ഓവർ ചെയ്ത് ചേർത്തിട്ടില്ല എന്ന് കാണുന്നു. ആകെ 2,40,000/- രൂപയാണ് ഈ രീതിയിൽ ഒഴിവാക്കിയിട്ടുള്ളത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ | വൗച്ചർ നം./തിയ്യതി | മുൻകൂർ തുക | മുൻകൂർ കൈപ്പറ്റിയ | എന്താവശ്യത്തിന് |
|---|---|---|---|---|

| നം | | അനുവദിച്ചത് | ഉദ്യോഗസ്ഥൻ | |
|---|---|---|---|---|
| 1 | 2016-17<br>രജിസ്റ്ററിൽ വൗച്ചർ നം. ഇല്ല | 240000 | 1.ജിതേഷ് കുമാർ JHI<br>2.സ്മിത.പി.പി-JHI<br>3.ബീനാകുമാരി-JHI<br>(80000X3) | മഴക്കാല പൂർവ്വശുചീകരണം |
| | ആകെ | 2,40,000/- | | |

(2) 2016-17വർഷം അടിയന്തിര പ്രവർത്തനം നടത്തുന്നതിന് നഗരസഭയിലെ വിവിധ ജീവനക്കാർക്ക് മുൻകൂർ ആയി തുക അനുവദിച്ചിട്ടുണ്ട്. മുൻകൂർ രജിസ്റ്റർ പരിശോധന നടത്തിയപ്പോൾ ആ വർഷം ഈ തുക ക്രമീകരിച്ചിട്ടില്ല, അതിനാൽ അടുത്ത വർഷത്തിലേക്ക് ക്യാരി ഓവർ ചെയ്ത് മുൻകൂർ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. 2017-18 വർഷത്തെ മുൻകൂർ രജിസ്റ്ററിൽ ഈ തുക ക്യാരി ഓവർ ചെയ്ത് ചേർത്തിട്ടുണ്ട്. 2017-18 വർഷവും ഈ തുക ക്രമീകരിച്ചിട്ടില്ല. അതിനാൽ 2018-19 വർഷത്തേക്ക് ക്യാരി ഓവർ ചെയ്യണം.എന്നാൽ 2018-19 വർഷത്തെ മുൻകൂർ രജിസ്റ്റർ പരിശോധന നടത്തിയപ്പോൾ ഈ തുകകൾ ക്യാരി ഓവർ ചെയ്ത് ചേർത്തിട്ടില്ല എന്ന് കാണുന്നു. അത് പോലെ 2017-18 വർഷത്തെ ചില മുൻകൂറുകൾ ക്രമീകരിക്കാത്തത് 2018-19 ലേക്ക് ക്യാരി ഓവർ ചെയ്തിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

2018-19 വർഷത്തിലേക്ക് ക്യാരി ഓവർ ചെയ്യാത്ത മുൻകൂറുകൾ

| ക്രമ നം | വൗച്ചർ നം./ തിയ്യതി | മുൻകൂർ തുക അനുവദിച്ചത് | മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | എന്താവശ്യത്തിന് |
|---|---|---|---|---|
| 1 | 2016-17<br>35/6/16-17 | 80000 | രൂപേഷ്.ഇ JHI | മഴക്കാല പൂർവ്വശുചീകരണം |
| 2 | 36/6/16-17 | 160000 | ബീനാകുമാരി.<br>കെ.വി-JHI | മഴക്കാല പൂർവ്വശുചീകരണം |
| 3 | 21/5/16-17 | 120000<br>(40000x3) | 1.ജിതേഷ് കുമാർ.കെ.വി-JHI<br>2.രാജൻ.ടി.വി-JHI<br>3.സ്മിത.പി.പി-JHI | മഴക്കാല പൂർവ്വശുചീകരണം |
| 4 | 22/8/16-17 | 40000 | രൂപേഷ്.ഇ JHI | മഴക്കാല പൂർവ്വശുചീകരണം |
| 5 | 80/2/16-17 | 23024 | രൂപേഷ്.ഇ JHI | സാനിറ്റേഷൻ വർക്കർ യൂണിഫോം |
| 6 | 81/2/16-17 | 5000 | സ്മിത.പി.പി-JHI | ODF മായി ബന്ധപ്പെട്ട് ഫീൽഡ് വിസിറ്റ് |
| 7 | 2017-18<br>53/5/17-18 | 50000 | രാജൻ.ടി.വി-JHI | മഴക്കാല പൂർവ്വശുചീകരണം |
| 8 | 54/5/17-18 | 50000 | രൂപേഷ്.ഇ-JHI | മഴക്കാല പൂർവ്വശുചീകരണം |
| 9 | 39/6/17-18 | 46067 | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | പാലിയേറ്റിവ് കെയർ |
| 10 | 40/6/17-18 | 50000 | നാരായണി.ടി<br>JHI | മഴക്കാല പൂർവ്വശുചീകരണം |
| 11 | 28/7/17-18 | 9570 | രൂപേഷ്.ഇ-JHI | ബഡ്സ് സ്കൂൾ ബസ് റോഡ് ടാക്സ് |
| ആകെ | | 6,33,661/- | | |

മേൽ ക്രമ നമ്പർ (1),(2) പ്രകാരം ആകെ 8,73,661/-രൂപ ക്രമീകരിക്കാത്തത് 2018-19 വർഷത്തിലേക്ക് ക്യാരി ഓവർ ചെയ്യാതെ ഒഴിവാക്കിയിട്ടുണ്ട്.

മേൽ സൂചനാ (1)ഉത്തരവ് പ്രകാരം ക്രമവൽക്കരണത്തിന് സമയം 3മാസമാണ്, ഈ കാലയളവിൽ ക്രമവൽക്കരണം നടത്തിയില്ലെങ്കിൽ 18% പലിശ സഹിതം തിരിച്ചുപിടിക്കണമെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു.

8,73,661/-രൂപ മുൻകൂർ നൽകിയത് ക്രമീകരിച്ച ബില്ലുകളും വൗച്ചറുകളും ക്രമീകരിക്കാത്തതിന് ഓഡിറ്റ് എൻക്വയറി നം.10/22.10.2021 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ എത്രയും പെട്ടെന്ന് സൂചനാ (1)ഉത്തരവ് പ്രകാരം ടി ഉദ്യോഗസ്ഥരിൽ നിന്നും പലിശ സഹിതം തുക തിരികെ

ഈടാക്കാൻ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത കാലയളവിലെ സെക്രട്ടറിയിൽ നിന്നും ഈ തുക ഈടാക്കേണ്ടതാണ്.

**1-31 പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിനു ചുമത്തിയ പിഴ - തുക പിൻവലിച്ച് നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചു.**

നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കിയ ചുവടെ പരാമർശിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിലുണ്ടായിട്ടുള്ള കാലതാമസത്തിന് കരാർ വ്യവസ്ഥകൾ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടുണ്ട്. കരാറുകാർക്ക് കരാർ വ്യവസ്ഥ പ്രകാരമുള്ള സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നില്ലെങ്കിൽ പ്രവൃത്തികളുടെ നിർവഹണത്തിലുള്ള കാലതാമസത്തിനുള്ള പിഴ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി പൂരകകരാർ ചമച്ച് നിർവഹണ കാലാവധി രേഖാമൂലം നീട്ടി നൽകേണ്ടതാണ്. ഇപ്രകാരം കരാറുകാരിൽ നിന്നും കാലതാമസത്തിനുള്ള പിഴയിനത്തിൽ ഈടാക്കുന്ന തുക നഗരസഭയുടെ തനതു ഫണ്ട് അക്കൗണ്ടിൽ ഒടുക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ് എന്നിവയിൽ നിന്നുമുള്ള പ്രവൃത്തികളുടെ ബിൽ തുകകൾ നൽകുമ്പോൾ പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിനു ചുമത്തിയ പിഴ തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ച് നഗരസഭ സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ നീലേശ്വരം ശാഖയിലുള്ള സേവിങ്ങ്സ് അക്കൗണ്ടിൽ (അക്കൗണ്ട് നം 67182813170) നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. പ്രവൃത്തികളുടെ ബില്ലുകൾ തീർപ്പാക്കുമ്പോൾ പിഴ തുകകൾ ക്രമീകരിക്കുന്ന സംഗതിയിൽ യഥാർത്ഥത്തിൽ പ്രവൃത്തിയുടെ മൂല്യത്തുകയിൽ നിന്നും പിഴയിനത്തിലുള്ള തുക കുറവ് ചെയ്ത് ബാക്കി തുക മാത്രമേ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കേണ്ടതുള്ളൂ. അതിനു പകരം പിഴ തുക അടക്കമുള്ള തുക പിൻവലിച്ച് പിഴ തുക നഗരസഭയുടെ സേവിങ്ങ്സ് അക്കൗണ്ടിലേക്ക് മാറ്റുക വഴി സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും തുക പിൻവലിച്ച് നഗരസഭയുടെ വരുമാനം ആക്കി മാറ്റുന്നതിലേക്ക് വഴി വച്ചു. 2019-2020 വർഷത്തിൽ 97,763/- രൂപ ഇപ്രകാരം വകമാറ്റിയിട്ടുണ്ട്. ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ് .

(ഓഡിറ്റ് എൻക്വയറിനം. 4 തി. 20.10.2021)

| പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ. | കരാറുകാരന്റെ പേര് | എം.ബുക്ക്.നം | കരാറുകാരന് നൽകിയ തുക | ട്രഷറി ബിൽ നമ്പർ/ തീയ്യതി | ഫണ്ട് | കാലതാമസത്തിനുള്ള പിഴയിനത്തിൽ ഈടാക്കിയ തുക |
|---|---|---|---|---|---|---|
| കിഴക്കൻ കൊഴവൻ-വാരിക്കര-കൊഴുന്തിൽ റോഡ് നിർമ്മാണം (പ്രൊ.നം.216/20) | വിനോദ്.എ.കെ | 97/18-19 | ₹472947/- | 19200347000700795049 തി.08.11.2019 (ബിൽ തുക ₹497839/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹4,978/- |
| വേർക്കൈ റോഡ് ടാറിംഗ് (പ്രൊ.നം.247/20) | ഇ.രവീന്ദ്രൻ | 92/18-19 | ₹159825/- | 19200347000700795056 തി.08.11.2019 (ബിൽ തുക ₹164769/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹1,648/- |
| വീവേഴ്സ് കോളനി വടക്കേ ഭാഗം റോഡ് നിർമ്മാണം (പ്രൊ.നം.229/20) | വിനോദ്.എ.കെ | 63/18-19 | ₹420989/- | 19200347000700803639 തി.11.11.2019 (ബിൽ തുക ₹447862/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹8,957/- |
| ചിറപ്പുറം സ്റ്റേഡിയം ചുറ്റുമതിൽ പുനരുദ്ധാരണം (പ്രൊ.നം.258/20) | ചന്ദ്രൻ.കെ | 10/19-20 | ₹101843/- | 19200347000700839120 തി.19.11.2019 (ബിൽ തുക ₹104993/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹1050/- |
| കോട്ടപ്പുറം റോഡിന് മൗത്ത് വൈഡനിംഗ് (പ്രൊ.നം.251/20) | വിനോദ്.എ.കെ | 101/18-19 | ₹235457/- | 19200347000700803796 തി.11.11.2019 (ബിൽ തുക ₹ 242738/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹2427/- |
| തുക്കപാലം മൂലപ്പള്ളി റോഡ് | വിനോദ്.എ.കെ | 09/19-20 | ₹394719/- | 19200347000 | ധനകാര്യ | ₹4155/- |

| | | | | | | |
|---|---|---|---|---|---|---|
| നിർമ്മാണം (പ്രൊ.നം.213/20) | | | | 700796577 തി.08.11.2019 (ബിൽ തുക ₹415494/-) | കമ്മീഷൻ അവാർഡ് | |
| എയ്യമ്മട തെക്കൻ ബങ്കളം റോഡ് റീടാറിംഗ് (പ്രൊ.നം.238/20) | വിനോദ്.എ.കെ | 24/18-19 | ₹114428/- | 19200347000 700325687 തി.10.07.2019 (ബിൽ തുക ₹117968/-) | മെയിന്റനൻസ് ഫണ്ട് (റോഡ്) | ₹1180/- |
| പുറത്തേക്കൈ റോഡ് റീടാറിംഗ് (പ്രൊ.നം.212/20) | ബാബു.എം.ജോസഫ് | 17/18-19 | ₹474546/- | 19200347000 700325692 തി.10.07.2019 (ബിൽ തുക ₹499523/-) | മെയിന്റനൻസ് ഫണ്ട് (റോഡ്) | ₹4995/- |
| കോളനി റോഡ് റീടാറിംഗ് (പ്രൊ.നം.231/20) | വിനോദ്.എ.കെ | 56/18-19 | ₹155249/- | 19200347000 700325690 തി.10.07.2019 (ബിൽ തുക ₹161717/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹3234/- |
| വണ്ണാത്തിക്കുളം ഡ്രൈനേജ് ബാക്കി ഭാഗം നിർമ്മാണം (പ്രൊ.നം.243/20) | സേതുമാധവൻ.കെ.വി | 94/18-19 | ₹127828/- | 19200347000 700559720 തി.07.09.2019 (ബിൽ തുക ₹131782/-) | മെയിന്റനൻസ് ഫണ്ട് (റോഡ്) | ₹1318/- |
| കിഴക്കേക്കര ചാത്തമത്ത് കുടുമ്പക്ഷേമ ഉപകേന്ദ്രം റോഡ് ടാറിംഗ് (പ്രൊ.നം.181/20) | വിനോദ്.എ.കെ | 76/18-19 | ₹474280/- | 19200347000 700193376 തി.05.04.2019 (ബിൽ തുക ₹499242/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹4992/- |
| പാലാത്തടം എരവത്ത് വളപ്പിൽ മനക്കാൽ റോഡ് ടാറിംഗ് (പ്രൊ.നം.185/20) | പി.ഗോവിന്ദൻ | 41/18-19 | ₹379174/- | 19200347000 700193370 തി.05.04.2019 (ബിൽ തുക ₹399131/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹3991/- |
| പാലായി തീരവളപ്പ് തറവാട് റോഡ് ടാറിംഗ് (പ്രൊ.നം.183/20) | ബാബു.എം.ജോസഫ് | 36/18-19 | ₹467445/- | 19200347000 700193377 തി.05.04.2019 (ബിൽ തുക ₹492047/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹4920/- |
| ഭക്തവത്സലം കോറ നീലായി വായനശാല റോഡ് പുനരുദ്ധീരണം (പ്രൊ.നം.197/20) | എം.ചന്ദ്രൻ | 65/17-18 | ₹201216/- | 19200347000 700193380 തി.05.04.2019 (ബിൽ തുക ₹284542/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹2074/- |
| ചിറപ്പുറം അങ്കണവാടി റോഡ് മുതൽപട്ടേന വയൽ വരെനടപ്പാത (പ്രൊ.നം.219/20) | സേതുമാധവൻ.കെ.വി | 93/18-19 | ₹415685/- | 19200347000 700966694 തി.19.12.2019 (ബിൽ തുക ₹437565/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹4376/- |
| കരുവാച്ചേരി എസ്.സി. കമ്മ്യൂണിറ്റി ഹാൾ തുടർവിദ്യാകേന്ദ്രം കെട്ടിട നിർമ്മാണം (പ്രൊ.നം.209/20) | വിനോദ്.എ.കെ | 112/17-18 & 113/17-18 | ₹888914/- | 19200347000 700715882 തി.21.10.2019 (ബിൽ തുക ₹935699/-) | വികസന ഫണ്ട്-എസ്.സി.പി | ₹9357/- |
| കൊയാമ്പുറം കുറ്റിക്കടവ് പരുത്തിക്കാമുറി തെക്കഭാഗം റോഡ് നിർമ്മാണം (പ്രൊ.നം.180/20) | പി.രാജേഷ് | 80/18-19 | ₹474009/- | 19200347000 700193374 തി.05.04.2019 (ബിൽ തുക ₹498959/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹4990/- |
| കൊല്ലാട റോഡ് റീടാറിംഗ് (പ്രൊ.നം.214/20) | വിനോദ്.എ.കെ | 98/18-19 | ₹264622/- | 19200347000 700557854 തി.06.09.2019 (ബിൽ തുക ₹278552/-) | മെയിന്റനൻസ് ഫണ്ട് (റോഡ്) | ₹2786/- |

| | | | | | | |
|---|---|---|---|---|---|---|
| പാലാത്തടം കൊല്ലംവീട് അങ്കക്കളരി റോഡ് ബാക്കി ഭാഗം ടാറിംഗ് (പ്രൊ.നം.184/20) | പി.ഗോവിന്ദൻ | 43/18-19 | ₹372192/- | 19200347000700193371 തി.05.04.2019 (ബിൽ തുക ₹391782/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹3918/- |
| ഇടിച്ചൂടി റോഡ് ടാറിംഗ് (പ്രൊ.നം.178/20) | ബാബു.എം.ജോസഫ് | 38/18-19 | ₹192175/- | 19200347000700193382 തി.05.04.2019 (ബിൽ തുക ₹198118/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹1981/- |
| പ്രിയദർശിനി ഹൗസിംഗ് കോളനി റോഡ് വൈഡനിംഗ് & റീടാറിംഗ് (പ്രൊ.നം.195/20) | വിനോദ്.എ.കെ | 54/18-19 & 5/19-20 | ₹1196167/- | 19200347000700193387 തി.05.04.2019 (ബിൽ തുക ₹1042087/-) & 19200347000700795607 തി.08.11.2019 (ബിൽ തുക ₹ 326731/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹13688/- |
| കടിഞ്ഞിമൂല ജി.ഡബ്ല്യു.എൽ.പി.സ്കൂളിന് ചുറ്റുമതൽ (പ്രൊ.നം.197/20) | കടവത്ത് ചന്ദ്രൻ | 87/2018-19 | ₹233985/- | 19200347000700193383 തി.05.04.2019 (ബിൽ തുക ₹275278/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹2753/- |
| അയ്യപ്പൻകോട്ട വനശാസ്ത അമ്പലം റോഡ് ടാറിംഗും കൽവർട്ട് നിർമ്മാണവും (പ്രൊ.നം.182/20) | ബാബു.എം.ജോസഫ് | 39/18-19 | ₹379482/- | 19200347000700193378 തി.05.04.2019 (ബിൽ തുക ₹399457/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹3995/- |
| | | | | | ആകെ | ₹ 97,763/- |

## 1-32 മരാമത്ത് പ്രവൃത്തികളുടെ കരാർ ഒപ്പിടാൻ കരാർ തുകയ്ക്ക് ആനുപാതികമായ മൂല്യമുള്ള മുദ്ര പേപ്പർ ഉപയോഗിച്ചില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

31-3-2018 ൽ പ്രാബല്യത്തിൽ വന്ന 2018 കേരള ഫിനാൻസ് ആക്ട് പ്രകാരം മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് തയാറാക്കുന്ന കരാറുകൾക്ക് പ്രവൃത്തിയുടെ കരാർ തുകയ്ക്ക് ആനുപാതികമായി ഓരോ ആയിരം രൂപയ്ക്കും ഒരു രൂപാ നിരക്കിൽ ഏറ്റവും കുറഞ്ഞത് 200/-രൂപയുടെയും, പരമാവധി 1,00,000/- രൂപയുടെയും മുദ്ര പേപ്പർ ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും, താഴെച്ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് തയാറാക്കിയ കരാറുകൾക്ക് പ്രവൃത്തിയുടെ കരാർ തുകയ്ക്ക് ആനുപാതികമായ മൂല്യമുള്ള മുദ്രപ്പേപ്പർ ഉപയോഗിച്ചിട്ടില്ല.

| പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ. | കരാറുകാരന്റെ പേര് | കരാർ തുക (പി. എ.സി) | എഗ്രിമെന്റ് നം /തിയതി | കരാർ ഒപ്പിടാൻ ഉപയോഗിച്ച മുദ്ര പേപ്പറിന്റെ മൂല്യം | കരാർഒപ്പിടാൻ ഉപയോഗിക്കേണ്ടിയിരുന്ന മുദ്ര പേപ്പറിന്റെ മൂല്യം | കുറവുള്ള മുദ്ര പേപ്പറിന്റെ മൂല്യം |
|---|---|---|---|---|---|---|
| നീലേശ്വരം ഹോമിയോ ആശുപത്രി കെട്ടിടം നവീകരണം (പ്രൊ.നം.239/20) | ഇ.കൃഷ്ണൻ | 2,91,562/- | നം.109/18-19 തീയതി: 30.01.2019 | 200/- | 300/- | 100/- |
| കരുവാച്ചേരി എൻ.എച്ച്. പള്ളിക്കര അമ്പലം റോഡ് റീടാറിംഗും | എ.വി.ശ്രീധരൻ | 9,75,354/- | നം.111/18-19 തീയതി: 23.02.2019 | 500/- | 1,000/- | 500/- |

| | | | | | | |
|---|---|---|---|---|---|---|
| വൈഡനിംഗം (പ്രൊ.നം.239/20) | | | | | | |
| | | | | | ആകെ കുറവ് | 600/- |

കരാർ ഒപ്പിടാൻ കുറഞ്ഞ തുകയ്ക്കുള്ള മുദ്ര പത്രം ഉപയോഗിക്കുന്നത് മൂലം സംസ്ഥാന സർക്കാരിന് വരുമാന നഷ്ടമുണ്ട്. ഇത്തരം വീഴ്ചകൾ ഒഴിവാക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറിനം. 30 തി. 25.10.2021).

## 1-33 സ്ട്രക്ചറൽ ഡിസൈൻ & സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് കൺസൾട്ടൻസി ചാർജ് നൽകിയപ്പോൾ ആദായനികുതി ഈടാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

2019-2020 വർഷത്തിൽ നഗരസഭ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ സ്ട്രക്ചറൽ ഡിസൈൻ, സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി കൺസൾട്ടൻസി ചാർജ് ഇനത്തിൽ LBS College Of Engineering, Kasaragod എന്ന സ്ഥാപനത്തിന് 2 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ | LBS College Of Engineering, Kasaragod-ന് നൽകിയ തുക | ബിൽ നം/ചെക്ക് നം തീയതി. |
|---|---|---|
| അഴിവാതുക്കൽ തോടിന് പാലം നിർമ്മാണം-സോയിൽ ഇൻവെസ്റ്റിഗേഷൻ (പ്രൊജക്ട് നമ്പർ 262/20) | ₹ 1,00,000/- | BRN 192003470007007823600<br>തീയതി: 06.11.2019 |
| നഗരസഭ ഓഫീസ് കെട്ടിട നിർമ്മാണം (പ്രൊജക്ട് നമ്പർ 141/20).(ബിൽഡിംഗ് കോംപൗണ്ട്, സെപ്റ്റിക്ക് ടാങ്ക് എന്നിവയുടെ സോയിൽ ഇൻവെസ്റ്റിഗേഷൻ) | ₹ 1,00,000/- | ചെക്ക് നം ജെ.സി. 4646448<br>തീയതി: 20.02.2020 |

ആദായ നികുതി നിയമം സെക്ഷൻ 194 J പ്രകാരം പ്രൊഫഷണൽ/ടെക്നിക്കൽ ഇനത്തിൽ നൽകുന്ന തുകയ്ക്ക് 10% നികുതി സ്രോതസിൽനിന്നും ഈടാക്കണം. എന്നാൽ ആദായ നികുതി ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 10% ഈടാക്കാതെയാണ് കൺസൾട്ടൻസി ചാർജ് നൽകിയത്. ആയതിനാൽ 20,000/-രൂപ ആദായ നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. - 34 തീയതി 25.10.2021).

## 1-34 ജി.എസ്.ടി ഘടകം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയപ്പോൾ നിരക്കിൽ കുറവുണ്ടായിട്ടില്ല.

നീലേശ്വരം പ്രത്യാശ ബഡ്സ് സ്കൂളിന് കുടിവെള്ള സൗകര്യമൊരുക്കൽ (പ്രൊജക്ട് നമ്പർ 58/20) പദ്ധതിക്കായി ബോർവെൽ നിർമ്മിക്കുന്നതിനായി ചുവടെ വിവരിക്കും പ്രകാരമുള്ള എസ്റ്റിമേറ്റ് കേരള ഭൂജല വകുപ്പ്, കാസറഗോഡ് ജില്ലാ ഓഫീസർ തയ്യാറാക്കി നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്.

| Sl No | Particulars | Rate | Quantity | Amount |
|---|---|---|---|---|
| 1 | Drilling Bore Well Of Suitable Size To Accommodate Well Casing Pipe Of Inner Diameter Not Less Than 150mm Etc.. | 665/Meter | 90 Meter | 59,850/- |
| 2 | Supply And Errection Of 180mm (6Kg/Cm2) Or Above Dia Casing Etc.. | 750/Meter | 24 Meter | 18,000/- |
| 3 | Cost F 180mm PVC End Cap | 200/Nos | 1 No | 200/- |
| | | | Total | 78,050/- |
| | | | Add 12% GST | 9,366/- |
| | | | Grand Total | 87,416/- |

ഈ പ്രവൃത്തിയുടെ നിർവഹണത്തിനായി 87416/- രൂപ നഗരസഭ കേരള ഭൂജല വകുപ്പ് നൽകിയിട്ടുണ്ട് (ബിൽ റഫറൻസ് നം 19200347000700861236/23.11.2019).

ജി.എസ്.ടി ഘടകം ഉൾപ്പെടുത്തുന്നതിനു മുൻപ് കുഴൽ കിണറുകൾ കുഴിക്കുന്നതതിന് ഭൂജല വകുപ്പ് തയ്യാറാക്കുന്ന എസ്റ്റിമേറ്റിലെ നിരക്കും മേൽ പറഞ്ഞവ തന്നെയാണ്. അതായത് ജി.എസ്.ടി ഘടകം

ഉൾപ്പെടുത്താത്ത എസ്റ്റിമേറ്റിലെയും ജി.എസ്.ടി ഘടകമായി 12% തുക കൂടി ഉൾപ്പടുത്തിയ എസ്റ്റിമേറ്റിലെയും നിരക്കുകൾ സമാനമാണ്. എസ്റ്റിമേറ്റിൽ ജി.എസ്.ടി ഘടകം ഉൾപ്പടുത്തുമ്പോൾ നിരക്കുകളിൽ ഉൾപ്പെടുന്ന VAT/GST ഒഴിവാക്കേണ്ടതാണെന്ന് സർക്കുലർ നം 18/2019/ഫിൻ തീയതി 01.03.2019 വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഭൂജല വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ജി.എസ്.ടി ഘടകം ഉൾപ്പടുത്തിയപ്പോൾ നിരക്കിൽ കുറവുണ്ടായിട്ടില്ല. ഈ അപാകത ഭൂജല വകുപ്പിന്റെ ശ്രദ്ധയിൽപെടുത്തേണ്ടതും അധികം തുക നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. - 33 തീയതി 25.10.2021).

## <u>1-35 നിക്ഷേപ പ്രവർത്തികൾക്ക് കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക തിരികെ നല്കിയത്, സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചിട്ടില്ല.</u>

നഗരസഭ മുൻ വർഷങ്ങളിൽ വിവിധ പദ്ധതികൾക്ക് വേണ്ടി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക വിനിയോഗിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചതായി കത്ത് നം A-5-5964/2019 തീയ്യതി-3.1.2020 പ്രകാരം കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ നഗരസഭയെ അറിയിച്ചിരുന്നു. വിശദവിവരം താഴെ കൊടുക്കുന്നു,

| നിർവ്വഹണ ഏജൻസി | പ്രൊജക്റ്റിന്റെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | തിരിച്ച് നല്കിയ തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | മുതിര കൊവ്വൽ കുടിവെള്ള പദ്ധതി | ₹21,10,000/- | 20,60,160 | 49,840 |
| കേരള വാട്ടർ അതോറിറ്റി | ആനചാലിൽ നിന്ന് ഓർച്ച റോഡിലേക്ക് പൈപ്പ് ലൈൻ നീട്ടൽ. | ₹4,50,000/- | 3,52,124 | 97,876 |
| കേരള വാട്ടർ അതോറിറ്റി | ഇടിച്ചൂടി കുടിവെള്ള പദ്ധതി. | ₹21,20,000/- | 19,21,645 | 1,98,355 |
| കേരള വാട്ടർ അതോറിറ്റി | ചെറപ്പുറം കുടിവെള്ള പദ്ധതി. | ₹8,40,000/- | 6.97,213 | 1,42,787 |
| | ആകെ | 55,20,000 | 50,31,142 | 4,88,858 |

നാല് പദ്ധതിക്ക് വേണ്ടി 55,20,000രൂപ നിക്ഷേപിച്ചതിൽ 50,31,142രൂപയാണ് ചെലവഴിച്ചത് ബാക്കി 4,88,858 രൂപ ചെക്ക് നമ്പർ 659293 തീയ്യതി 3.1.2020 പ്രകാരം നഗരസഭയ്ക്ക് തിരികെ നല്കുകയും ചെയ്തു. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, വികസന ഫണ്ട് ജനറൽ എന്നീ ഇനങ്ങളിലെ തുകയാണിത്. നഗരസഭയ്ക്ക് കൈമാറിയ ഈ തുക തനത് ഫണ്ട് അക്കൗണ്ടിൽ ആണ് നിക്ഷേപിച്ചിട്ടുള്ളത് . ( ഈ തുക ബാലൻസ് ഷീറ്റിൽ 350409900- Refund Payable- Others എന്ന ഹെഡ്ഡിൽ നിലനിർത്തിയിരിക്കുകയാണ്). പ്രസ്തുത തുക സർക്കാറിന്റെ സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ച് ചലാൻ രസീതി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## <u>1-36 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് -അർഹതപ്പെട്ട തുക നൽകിയിട്ടില്ല.</u>

പ്രോജക്റ്റ് നം: 10/2018 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള-സ്കോളർഷിപ്പ് വകയിരുത്തൽ - വികസന ഫണ്ട് (സാധാ) ₹ 10,00,000/-

ചെലവ് 6,27,300 രൂപ(ബില്ല് നം12 തീ.6.12.2019)

നിർവ്വഹണം: ഐ.സി.ഡി.എസ്, സൂപ്പർവൈസർ

14.02.2018-ലെ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക നിർബന്ധമായും വകയിരുത്തേണ്ടതുണ്ട്. പ്രസ്തുത ഉത്തരവിലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക നമ്പർ 7.1.6 പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകുകയും നിശ്ചിത നിരക്കുകൾ പ്രകാരം സ്കോളർഷിപ്പ് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾ താഴെ കൊടുക്കുന്നു.

(എ)ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ | സ്റ്റാന്റേർഡ് / ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ്/ | വാർഷിക |
|---|---|---|---|

| നം. | | ബത്തയുടെ നിരക്ക് (രൂപ) | | ബത്ത(പ്രതിമാസ സ്കോളർഷിപ്പിനുപുറമെ) |
|---|---|---|---|---|
| | | ഡേസ്കോളർ | ഹോസ്റ്റലർ | |
| 1 | 1-4/ നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |
| 3 | 9,10,+1,+2 | 600 | 800 | 800 |
| 4 | ബിരുദം | 800 | 1,250 | 1,000 |
| 5 | ബിരുദാനന്തര ബിരുദം | 1,000 | 1500 | 1,500 |
| 6 | വൊക്കേഷനൽ പരിശീലനം | 1,000 | 1,500 | 1,500 |
| 7 | ചലന വൈകല്യമുള്ളവർക്ക് യാത്രാ ബത്ത (വിദ്യാലയങ്ങളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | 400 | - | |

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ-നം. | ഇനം | സ്കോളർഷിപ്പ് ബത്ത(രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1,000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത(വാർഷികം) | 1,500 |
| 3 | പഠനസഹായി/സാമഗ്രികൾക്ക് ബത്ത(വാർഷികം) | 2,000 |
| 4 | ഡേ സ്കോളർക്ക് യാത്രാബത്ത(പ്രതിമാസം) | 1,000 |
| 5 | ഉല്ലാസയാത്ര/പഠനയാത്ര-രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പെടെ | 1,000 |

ഡേ സ്കോളറായ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര/പഠനയാത്ര നടത്താത്ത പക്ഷം വർഷത്തിൽ 27,500/- രൂപ സ്കോളർഷിപ്പ്/ബത്തയായി ലഭിക്കാൻ അർഹതയുണ്ട്. ഉല്ലാസയാത്ര/പഠനയാത്ര നടത്തിയാൽ 28,500/-രൂപയും അർഹതയുണ്ട്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചുള്ള നിരക്കിൽ സ്കോളർഷിപ്പ് ലഭിക്കാനും അർഹതയുണ്ട്. സർക്കാർ ഉത്തരവിലൂടെ നൽകാൻ നിർദ്ദേശിച്ച നിരക്കിൽ നിന്നും കുറവാണ് മുനിസിപ്പാലിറ്റി നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം വിതരണം ചെയ്ത സ്കോളർഷിപ്പ് തുക.

1.ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയത് (ഡേ സ്കോളർ)

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | അർഹതയുള്ള തുക | വിതരണം ചെയ്ത തുക | വ്യത്യാസം |
|---|---|---|---|---|
| 1-4/ നഴ്സറി ക്ലാസ് | 06 | [(400x12)+500]X6=31,800 | 21600 | 10,200 |
| 5-8 | 11 | [(500x12)+600]X11 =72,600 | 49,500 | 23,100 |
| 9,10,+1,+2 | 03 | [(600x12)+800]X03 =24,000 | 16200 | 7,800 |
| ബിരുദം | 01 | [(800x12)+1500] X08=10,600 | 9,000 | 2,100 |
| ബിരുദാനന്തര ബിരുദം | 04 | [(1,000x12)+1,500] X01=54,000 | 36,000 | 18,000 |
| ആകെ | 25 | | 1,32,300 | 61,200 |

2. മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയത്

| കുട്ടികളുടെ എണ്ണം | അർഹതയുള്ള തുക | വിതരണം ചെയ്ത തുക | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|
| 55 | (55x28,500) = 15,67,500 | 4,95,000 | 10,72,500 | ഡേസ്കോളർ യാത്രാബത്ത, ഉല്ലാസയാത്ര/പഠന യാത്രാ ബത്ത പരിഗണിച്ചിട്ടില്ല |

സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ സ്കോളർഷിപ്പ് തുക നൽകാത്തതിനാൽ ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ആകെ 11,33,700/-(61,200+10,72,500) രൂപയുടെ സ്കോളർഷിപ്പ്, ബത്ത എന്നിവ നഷ്ടപ്പെട്ടിട്ടുണ്ട്. സർക്കാർ ഉത്തരവനുസരിച്ച് നിശ്ചിത നിരക്ക് പ്രകാരം തന്നെ സ്കോളർഷിപ്പ് തുക നൽകുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. ഈ വിഷയം നഗരസഭാ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## <u>1-37 പഠനമുറി നിർമ്മാണം-ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.</u>

| | |
|---|---|
| പ്രോജക്ട് നം. | 159/2020 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിന് ധനസഹായം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ | 8,00,000/-രൂപ വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് തുക | 1,50,000/- രൂപ |
| ട്രഷറി ബിൽ നമ്പർ, തീ/യ്യതി | 12/2019-20 തീയ്യതി 09.03.2020,<br>13/2019-20 തീയ്യതി 09.03.2020,<br>14/2019-20 തീയ്യതി 13.03.2020, |

നീലേശ്വരം മുനിസിപ്പാലിറ്റിയുടെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതി മുഖേന ഉന്നത/പൊതു വിദ്യാഭ്യാസ വകുപ്പുകൾ അംഗീകരിച്ചിട്ടുള്ള കോഴ്സിനു പഠിക്കുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികമാകാത്ത വീടിനോട് ചേർന്ന് 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി പ്രകാരം വികസന ഫണ്ടിൽ (എസ്.സി.പി) നിന്നും ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് ആദ്യ ഗഡുവായി 50,000/-രൂപ വീതം ആകെ 1,50,000/-രൂപ നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | മായ, D/O പ്രീജ എം, രാംങ്കണ്ടം ഹൗസ്, ബങ്കളം പി. ഒ | 50,000/- |
| 2 | മഹിമ പി, D/O പൂർണ്ണിമ പി, മാട്ടുമ്മൽ ഹൗസ്, പടിഞ്ഞാറ്റം കൊഴവൽ | 50,000/- |
| 3 | അതുൽ കൃഷ്ണൻ പി, S/O വിനു പി, കൊട്ടറ ഹൗസ്, തൈക്കടപ്പുറം | 50,000/- |

പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും നിർമാണം പൂർത്തിയാക്കാത്തത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മായ, മഹിമ പി എന്നീ ഗുണഭോക്താക്കളുടെ വാല്യേഷൻ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും തുടർ ഗഡുക്കൾ അനുവദിച്ചതായി കാണുന്നില്ല.

2) ഗുണഭോക്താവായ അതുൽ കൃഷ്ണൻ പി യുടെ വാല്യേഷൻ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയിട്ടില്ല. നിർമാണ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

പഠനമുറി നിർമ്മാണത്തിന്റെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതും പഠനമുറി നിർമ്മാണം എത്രയും വേഗം പൂർത്തീകരിച്ച് തുടർ ഗഡുക്കൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.27/22.10.2021)

## 1-38 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ-രേഖകൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 140/2020 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി സ്കൂൾ വിദ്യാർത്ഥികൾക്ക് മേശയും കസേരയും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ | 1,05,000/-രൂപ വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് തുക | 1,04,983/-രൂപ |
| ട്രഷറി ബിൽ നമ്പർ, തീയ്യതി | 08/2019-20 തീയ്യതി 29.09.2019 |

നീലേശ്വരം മുനിസിപ്പാലിറ്റിയുടെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതി മുനിസിപ്പാലിറ്റിയുടെ പരിധിയിൽ താമസിക്കുന്ന 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി സ്കൂൾ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം വർദ്ധിപ്പിക്കുന്നതിലേക്കായി മേശയും കസേരയും നൽകുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിക്കായി വികസന ഫണ്ടിൽ (എസ്.സി.പി) നിന്നും ബിൽ നമ്പർ 08/2019-20

തീയ്യതി 29.09.2019 പ്രകാരം 1,04,983/-രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള ആർട്ടിസൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും ഇൻവോയ്സ് നം. NRO/SALES/109 തിയ്യതി 26.09.2019 പ്രകാരം

21 വിദ്യാർത്ഥികൾക്ക് സ്റ്റീൽ മേശയും കസേരയും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും ഗുണഭോക്താക്കളായ വിദ്യാർത്ഥികൾ അപേക്ഷയോടൊപ്പം ചുവടെ ചേർത്തിട്ടുള്ള രേഖകൾ ഹാജരാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | വിദ്യാർത്ഥിയുടെ പേരും വിലാസവും | ഹാജരാക്കേണ്ടുന്ന രേഖകൾ |
|---|---|---|
| 1 | ആര്യ എം, D/O ഭാസ്കരൻ വി, കൊട്ടറ കോളനി, തൈക്കടപ്പുറം | ജാതി സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസ സ്ഥാപന മേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രം |
| 2 | പ്രണവ് വി, S/O പ്രകാശൻ വി, പാലിച്ചോൻ റോഡ്, തൈക്കടപ്പുറം | ജാതി സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസ സ്ഥാപന മേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രം |

വിദ്യാർത്ഥികളിൽ നിന്നും മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കി ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മേൽ പരാമർശിത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ചെലവ് തുക 1,04,983/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.22/22.10.2021)

## 1-39 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വയോജങ്ങൾക്ക് കട്ടിൽ - രേഖകൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 162/2020 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വയോജങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ | 4,61,100/-രൂപ വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് തുക | 4,61,042/- രൂപ |
| ട്രഷറി ബിൽ നമ്പർ, തീയ്യതി | 07/2019-20 തീയ്യതി 28.09.2019 |

നീലേശ്വരം മുനിസിപ്പാലിറ്റിയുടെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതി മുനിസിപ്പാലിറ്റി പരിധിയിലെ 60 വയസ് പൂർത്തിയായ പട്ടികജാതിയിൽപ്പെട്ട വയോജനങ്ങൾക്ക് സ്റ്റീൽ/മരം കൊണ്ടുള്ള കട്ടിൽ വാങ്ങി നൽകുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിക്കായി വികസന ഫണ്ടിൽ (എസ്.സി.പി) നിന്നും ബിൽ നമ്പർ 07/2019-20 തീയ്യതി 28.09.2019 പ്രകാരം 4,61,042/-രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള ആർട്ടിസൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും ഇൻവോയ്സ് നം. NRO/SALES/107,108 തിയ്യതി 26.09.2019 പ്രകാരം 106 പേർക്ക് കട്ടിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും ഗുണഭോക്താക്കൾ അപേക്ഷയോടൊപ്പം ചുവടെ ചേർത്തിട്ടുള്ള രേഖകൾ ഹാജരാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|
| 1 | യശോദ എം, W/O ഹംസ, കരുവാച്ചേരി | ജാതി സർട്ടിഫിക്കറ്റ് |
| 2 | കുഞ്ഞിരാമൻ എം, കൊട്ടറ കോളനി, തൈക്കടപ്പുറം | ജാതി സർട്ടിഫിക്കറ്റ്, പ്രായം തെളിയിക്കുന്നതിനുള്ള രേഖകൾ |
| 3 | എം കുഞ്ഞിരാമൻ, S/O അമ്പു പണിക്കർ, കടിഞ്ഞിമൂല | ജാതി സർട്ടിഫിക്കറ്റ് |
| 4 | കമലം വാസുദേവ്, W/O കൊട്ടറ വാസുദേവ്, കടിഞ്ഞിമൂല | ജാതി സർട്ടിഫിക്കറ്റ് |
| 5 | സാവിത്രി വി, W/O കണ്ണൻ വി, കൊട്ടറ കോളനി | ജാതി സർട്ടിഫിക്കറ്റ്, പ്രായം തെളിയിക്കുന്നതിനുള്ള രേഖകൾ |
| 6 | ശാരദ കെ വി, W/O ചിണ്ടൻ, കടിഞ്ഞിമൂല | ജാതി സർട്ടിഫിക്കറ്റ് |
| 7 | കാർത്യായണി കെ വി, W/Oഅമ്പു, കടിഞ്ഞിമൂല | ജാതി സർട്ടിഫിക്കറ്റ് |
| 8 | കെ വി ഭാസ്കരൻ, S/O അമ്പു, | ജാതി സർട്ടിഫിക്കറ്റ് |

| | | |
|---|---|---|
| | കടിഞ്ഞിമൂല | |
| 9 | ഗംഗ കെ വി, W/O അമ്പു വൈദ്യർ, കൊടക്കാട് വീട് | ജാതി സർട്ടിഫിക്കറ്റ് |

ഗുണഭോക്താക്കളിൽ നിന്നും മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കി ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതുവരെ ചെലവ് തുക 4,61,042/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 23/22.10.2021)

**<u>1-40 നീലേശ്വരം താലൂക്ക് ആശുപത്രി എക്സറേ യൂണിറ്റ് സ്ഥാപിക്കൽ</u>**

നീലേശ്വരം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി കെട്ടിടം നിർമ്മിക്കുന്നതിനും, ഉപകരണങ്ങൾ വാങ്ങുന്നതിനുമായി കാസറഗോഡ് വികസന പാക്കേജിൽ നിന്നും 30 ലക്ഷം രൂപ അനുവദിച്ചിരുന്നു.(കാസറഗോഡ് ജില്ലാ കലക്ടറുടെ 01.2.2016 ലെ 1539(12)/15-16/KDP/DPO/KSDനമ്പർ ഉത്തരവ്). ഇതനുസരിച്ചുള്ള അലോട്ട്മെന്റ് ജില്ലാ മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രിക്ക് 17.6.2016 ന് അനുവദിക്കുകയുണ്ടായി. പദ്ധതി പ്രകാരം നിർമ്മിതി കേന്ദ്രം മുഖേന 15 ലക്ഷം രൂപ മുടക്കി നിർമ്മിച്ച കെട്ടിടം 30.6.2017 ൽ നിർമ്മാണം പൂർത്തീകരിച്ചു. തുടർന്ന് 8.91 ലക്ഷം രൂപ വിനിയോഗിച്ച് 28.3.2018 ൽ എക്സ്റേ മെഷീൻ സ്ഥാപിച്ചു. അവശേഷിച്ച തുകയിൽ 4.58 ലക്ഷം രൂപയും നഗരസഭാ വിഹിതം 6.58 ലക്ഷം രൂപയും കൂടി 11.46 ലക്ഷം രൂപ വിനിയോഗിച്ച് 2019-20 വർഷം കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി മെഷീനും സ്ഥാപിക്കുകയുണ്ടായി . പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു. അവ പരിശോധിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1) മേൽ പരാമർശിച്ച പദ്ധതി പ്രവർത്തനങ്ങൾ താലൂക്ക് ആശുപത്രി അധികൃതർ 2016-17 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വന്നിരുന്നുവെങ്കിലും നഗരസഭാ വാർഷിക പദ്ധതിയുമായി ബന്ധപ്പെടുത്തിയത് 2019-20 വർഷത്തെ പ്രൊ.നം129-എക്സ്റേ യൂണിറ്റിലേയ്ക്ക് കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി മെഷീൻ സ്ഥാപിക്കൽ എന്ന പദ്ധതിയിൽ മാത്രമാണ്. പ്രസ്തുത പ്രൊജക്ട് പ്രകാരം മേൽ ഉപകരണം വാങ്ങുന്നതിനായി സംരക്ഷണഗ്രാന്റ് നോൺ റോഡ് വിഹിതത്തിൽ നിന്നും 6,87,906 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. എന്നാൽ പ്രസ്തുത തുകയ്ക്ക് പുറമേ കാസറഗോഡ് വികസന പാക്കേജ് വിഹിതത്തിൽ നിന്നും 4,58,419 രൂപ കൂടി ചെലവഴിച്ചുവെങ്കിലും കാസറഗോഡ് വികസനപാക്കേജ് വിഹിതം പ്രൊജക്ടിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ വാർഷിക പദ്ധതി ചെലവിൽ പ്രസ്തുത ചെലവ് ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. പദ്ധതിയ്ക്കായി തുക വകയിരുത്തിയപ്പോൾ കാസറഗോഡ് വികസനപാക്കേജ് വിഹിതം കൂടി ഉൾപ്പെടുത്തേണ്ടതായിരുന്നു.

2) കാസറഗോഡ് വികസന പാക്കേജ് ധനസഹായത്തോടെ സ്ഥാപിച്ച എക്സ്റേ യൂണിറ്റിലേയ്ക്ക് കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി മെഷീൻ സ്ഥാപിക്കുന്നതിനായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 11.46 ലക്ഷം രൂപ (പ്രൊ.നം 129/2019-20) ഓഡിറ്റ് വർഷം നൽകിയിട്ടുണ്ട്. (₹687906 MGNR ട്രഷറി ബിൽ നം.00326711/10.7.2019 & ₹458419 കാസറഗോഡ് വികസന പാക്കേജ് ) മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ നൽകിയ പ്രൊഫോർമ ഇൻവോയ്സ് 19/2019-20 തിയതി 15.6.2019 പ്രകാരമാണ് തുക നൽകിയിട്ടുള്ളത് . ഉപകരണം സപ്ലെ ചെയ്യുതുമായി ബന്ധപ്പെട്ട് മെഡിക്കൽ സർവ്വീസ് കേർപ്പറേഷനുമായി റേറ്റ് കോൺട്രാക്ട് ഉള്ള, ഉപകരണം വിതരണം ചെയ്ത Fujifilm India Private Limited -Chennai എന്ന സ്ഥാപനം നൽകിയ 9.44 ലക്ഷം രൂപ രേഖപ്പെടുത്തിയ ടാക്സ് ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായി. ടാക്സ് ഇൻവോയ്സിൽ ഉള്ളതിനേക്കാൾ 2.02 ലക്ഷം രൂപ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഇതുപ്രകാരമുള്ള ഫൈനൽ ഇൻവോയ്സ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ നൽകിയിട്ടില്ല. വിതരണ സ്ഥാപനം നൽകിയ ഇൻവോയ്സിൽ രേഖപ്പെടുത്തിയ തുകയേക്കാൾ അധികമായി നൽകിയ തുക (2.02. ലക്ഷം) മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുള്ള കമ്മീഷൻ/ സർവ്വീസ് ചാർജ്ജ് ആണെങ്കിൽ ആയത് സാധൂകരിക്കുന്ന രേഖകൾ/ഇൻവോയ്സ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഇക്കാര്യം പരിശോധിച്ച് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ അധികമായി കമ്മീഷൻ/സർവ്വീസ് ചാർജ്ജ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) കാസറഗോഡ് വികസനപാക്കേജ് ഫണ്ട് വിനിയോഗിച്ച് സ്ഥാപിച്ച എക്സ്‌റേ യൂണിറ്റിന് അനുമതി നൽകിക്കൊണ്ട് AERB(ആറ്റമിക് എനർജി റഗുലേറ്ററി ബോർഡ്) നൽകിയ അനുമതിപത്രത്തിൽ മെഷീൻ സ്ഥാപിച്ച് 3 മാസത്തിനുള്ളിൽ ലൈസൻസിനുള്ള അപേക്ഷ സമർപ്പിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട് (KL-61093-RF-XR-001 Dt.01.06.2018). കാസറഗോഡ് വികസന പാക്കോജ് ഫണ്ട് വിനിയോഗിച്ച് (₹8.91 ലക്ഷം) KMSCL മുഖേന വാങ്ങിയ എക്സ്റേ മെഷീൻ 28.3.2018 ന് ആശുപത്രിയിൽ ലഭ്യമായെങ്കിലും വൈദ്യുതി സൗകര്യം ഇല്ലാത്തതിനാൽ 03.11.2020 ന് മാത്രമാണ് ഇൻസ്റ്റാൾ ചെയ്തത് . എന്നാൽ AERB അനുമതിയിൽ നിർദ്ദേശിച്ച പ്രകാരമുള്ള ലൈസൻസ് ലഭ്യമായിക്കാണുന്നില്ല. ലൈസൻസ് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4) മേൽ പരാമർശിച്ച കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി മെഷീൻ 30.12.2019 ന് ലഭ്യമായെങ്കിലും ഇൻസ്റ്റാൾ ചെയ്തത് 19.1.2021 ന് മാത്രമാണ് .അതുപോലെ മേൽ ക്രമ നം 2 പ്രകാരമുള്ള എക്സറേ മെഷീൻ 28.3.2018 ന് ആശുപത്രിയിൽ ലഭ്യമായെങ്കിലും 03.11.2020 ന് മാത്രമാണ് ഇൻസ്റ്റാൾ ചെയ്തത് . വൈദ്യുതി സൗകര്യം ഇല്ലാത്തതിനാലാണ് അവ യഥാസമയം ഇൻസ്റ്റാൾ ചെയ്യാത്തത് എന്ന് ഇൻസ്റ്റലേഷൻ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. മേൽ ഉപകരണങ്ങളുടെ വാറന്റി കാലാവധിയുടെ നല്ലൊരുഭാഗം അവ പ്രവർത്തിപ്പിക്കാതെ നഷ്ടപ്പെടുത്തുകയുണ്ടായി. വൈദ്യുതി ലഭ്യത ഉറപ്പുവരുത്താതെ ഉപകരണങ്ങൾ വാങ്ങുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ് . എക്സറേ യൂണിറ്റ് പ്രവർത്തനമാരംഭിച്ച 2021 ജനവരി മുതൽ 2021 ഒക്ടോബർ 20 വരെയുള്ള കാലയളവിൽ 2.36 ലക്ഷം രൂപ യൂസർ ഫീസ് ഇനത്തിൽ ലഭിച്ചതായി അധികൃതർ അറിയിക്കുകയുണ്ടായി. ഉപകരണങ്ങൾ സ്ഥാപിച്ചിട്ടും യഥാസമയം പ്രവർത്തനം ആരംഭിക്കാത്തതിനാൽ പ്രസ്തുത കാലയളവിൽ ആശുപത്രി വികസന സമിതിയ്ക്ക് ലഭിക്കേണ്ട യൂസർഫീസ് ഇനത്തിലുള്ള വരവ് നഷ്ടപ്പെടുകയുണ്ടായി.

5) നഗരസഭാ ഫണ്ടിൽ നിന്നും 6.88 ലക്ഷം രൂപയും കാസറഗോഡ് വികസനപാക്കേജ് ഫണ്ടിൽ നിന്നും 4.58 ലക്ഷം രൂപയും കൂടി 11.46 ലക്ഷം രൂപ വിനിയോഗിച്ച് കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി മെഷീൻ വാങ്ങിയതിന് ശേഷം, എക്സറേ യൂണിറ്റ് പദ്ധതിയ്ക്കായി കാസറഗോഡ് വികസനപാക്കേജ് ഫണ്ടിൽ നിന്നും ലഭിച്ച തുകയിൽ അവശേഷിച്ച 1.43 ലക്ഷം രൂപ 2020 ഡിസംബർ മാസം തിരിച്ചടയ്ക്കുകയുണ്ടായി. പ്രസ്തുത തുക കൂടി റേഡിയോഗ്രാഫി മെഷീൻ വാങ്ങുന്നതിന് ഉപയോഗിച്ചിരുന്നെങ്കിൽ നഗരസഭാ ഫണ്ടിൽ നിന്നുമുള്ള ചെലവ് ഇതനുസരിച്ച് കുറയ്ക്കാമായിരുന്നു. ആയതിന് നടപടികൾ സ്വീകരിക്കാതെ തുക തിരിച്ചടയ്ക്കുവാനുണ്ടായ സാഹര്യം വിശദമാക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുന്നതുവരെ തൻ വർഷം പദ്ധതിയ്ക്കായി നഗരസഭ ഫണ്ടിൽ നിന്നും നടത്തിയ 6,87,906/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം 25 തി.23.10.2021)

## <u>1-41 താലൂക്ക് ആശുപത്രിയിലേയ്ക്ക് ലാബ് റീ ഏജന്റ് വാങ്ങൽ- ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.</u>

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 125/2019-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട് ,താലൂക്ക് ആശുപത്രി നീലേശ്വരം |
| അടങ്കൽ തുക , ഫണ്ട് | 3,00,000/- മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് |
| ചെലവ് തുക & ബിൽ നം | ട്രഷറി ബിൽ നം. 14 തി.8/8/2019 ₹5,600/- |
| | ട്രഷറി ബിൽ നം. 15 തി.8/8/2019 ₹5,600/- |
| | ട്രഷറി ബിൽ നം. 17 തി.20/8/2019 ₹43,990/- |
| | ട്രഷറി ബിൽ നം. 27 തി.15/11/2019 ₹50,998/- |
| | ട്രഷറി ബിൽ നം. 26 തി.11/11/2019 ₹24,360/- |
| | ട്രഷറി ബിൽ നം. 35 തി.04/01/2020 ₹42,687/- |
| | ട്രഷറി ബിൽ നം. 36 തി.04/01/2020 ₹47,342/- |
| | ട്രഷറി ബിൽ നം. 38 തി.04/01/2020 ₹ 9,532/- |
| | |

| | |
|---|---|
| | ട്രഷറി ബിൽ നം. 47 തി.29/02/2020 ₹ 35,256/- |
| | ട്രഷറി ബിൽ നം. 48 തി.7/3/2020 ₹13,080/- |
| | ട്രഷറി ബിൽ നം. 51 തി.20/3/2020 ₹14,661 |
| | ട്രഷറി ബിൽ നം. 53 തി.31/03/2020 ₹6,893/- |

താലൂക്ക് ആശുപത്രി ലബോറട്ടറി ആവശ്യത്തിലേയ്ക്കായി ലാബ് റീ എജന്റ് വാങ്ങുന്നതിന് പ്രൊ.നം 125/2019-20 പ്രകാരം 2,99,999/- രൂപ ഓഡിറ്റ് വർഷം ചെലവഴിക്കുകയുണ്ടായി. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വാങ്ങൽ നടപടികളിൽ നിലവിലെ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ.(പി) നം.259/2010/തസ്വഭവ തിയതി 08.11.2010) പ്രകാരം 1,00,000 രൂപയിൽ അധികം അടങ്കലുള്ള എല്ലാ വാങ്ങൽ നടപടികളും ഓപ്പൺ ടെണ്ടർ മുഖേനയാണ് നടത്തേണ്ടത്. എന്നാൽ 3 ലക്ഷം രൂപ അടങ്കലുള്ള മേൽ പദ്ധതി പ്രകാരം ലാബ് റീ ഏജന്റ് വാങ്ങിയിട്ടുള്ളത് നാല് പ്രവശ്യമായി ക്വട്ടേഷൻ ക്ഷണിച്ചാണ്.

ബി) നാല് പ്രാവശ്യം ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ടെങ്കിലും, ഇവ പരസ്യപ്പെടുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സി) ജി.ഒ. (പി) നം.1/2019 /എസ്.പി.ഡി തിയതി 02.01.2019 പ്രകാരം സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.51 ൽ ഭേദഗതി വരുത്തി ആരോഗ്യ മേഖലയിൽ ലാബ് റീ ഏജന്റ് റെന്റൽ കോൺട്രാക്ട് എന്ന പുതിയ വാങ്ങൽ രീതി ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചല്ല ഓഡിറ്റ് വർഷം ലാബ് റീഏജന്റ് സമാഹരിച്ചിട്ടുള്ളത്.

വാങ്ങൽ നടപടികളിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയങ്ങൾ പരിശോധിച്ച് മറുപടി ലഭ്യമാക്കുന്നതു വരെ പദ്ധതിയ്ക്കായി ഓഡിറ്റ് വർഷം നടത്തിയ 2,99,999/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം 2 തി.16.10.20121)

## 1-42 ബഡ്സ് സ്കൂളിന് ഫർണിച്ചർ വാങ്ങൽ -അപാകതകൾ

2019-20 സാമ്പത്തിക വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രൊജക്ട് ഓഫീസർ നഗരദാരിദ്ര്യ ലഘൂകരണ വിഭഗം നടപ്പിലാക്കിയ ബസ്ഡ് സ്കൂളിലേയ്ക്ക് ആവശ്യമായ ഫർണീച്ചർ വാങ്ങൽ (പ്രൊജക്ട് നമ്പർ 186/19-20 -സ്പിൽ ഓവർ) ) പദ്ധതി പ്രകാരം 2,49,844/- രൂപ വിലയുള്ള ചുവടെ ചേർത്ത സാധനങ്ങൾ കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്. BRN ..0043292/ 05.04.2019 പ്രകാരം 2,49,844/- രൂപ സാധനങ്ങളുടെ വിലയായി മേൽ സ്ഥാപനത്തിന് നിർവ്വഹണോദ്യോഗസ്ഥൻ നൽകിയിട്ടുണ്ട്.

| ക്രമ നം | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | Jeferson Chair With Try/Side Box (S182033) | 20 | 71,980.00 |
| 2 | Steel Computer Table With Keyboard (S182016) | 1 | 6,867.60 |
| 3 | Steel Wooden Desk (S182233) | 5 | 26,774.20 |
| 4 | Steel Wooden Bench (S182234) | 5 | 21,098.40 |
| 5 | Fiber Arm Chair | 101 | 1,11,099.60 |
| 6 | Steel Cabinet With 4 Fixed Shelves(S18203) | 1 | 12,024.20 |
| | ആകെ | | 2,49,844/- |

പ്രൊജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ജി.ഒ.(ആർ.ടി.) നം.4/2018/SPD തീയതി 02.02.2018 പ്രകാരമുള്ള ഉത്തരവിൽ അനുബന്ധമായി ചേർത്തിട്ടുള്ള സ്റ്റീൽ /മരം / ആശുപത്രി ഫർണിച്ചർ എന്നിവ കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങുന്നതിന് തദ്ദേശ സ്വയം ഭരണ

സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഓരോ ഇനം ഫർണിച്ചറിനും സർക്കാർ നിശ്ചയിച്ച വിലയും അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. അനുബന്ധത്തിൽ ഉൾപ്പെടാത്ത ഫർണിച്ചറുകൾ ടെണ്ടർ നടപടികൾ പ്രകാരം മാത്രമേ വാങ്ങാവൂ എന്നും മേൽപരാമർശിച്ച ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ പദ്ധതി പ്രകാരം വാങ്ങിയ മേൽ പട്ടികയിലെ ക്രമ നം.5 പ്രകാരമുള്ള ഫൈബർ കസേര (Proforma Invoice No.2158/ തി.25.01.2019) കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാവുന്ന സാധനങ്ങളിൽ ഉൾപ്പെടുന്നില്ല.

2) ആർട്കോ നൽകിയ Proforma Invoice No.2158/ തി.25.01.2019 പ്രകാരമാണ് പ്രസ്തുത സ്ഥാപനത്തിന് തുക നൽകിയത് . സാധനങ്ങൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട ടാക്സ് ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) പദ്ധതി പ്രകാരം വാങ്ങിയ 101 ഫൈബർ കസേരകളിൽ 25 എണ്ണം മാത്രമാണ് ബഡ്സ് സ്കൂളിന് കൈമാറിയിട്ടുള്ളത്. അവശേഷിച്ച 76 എണ്ണം നഗരസഭാ കൗൺസിൽ ഹാൾ ആവശ്യത്തിന് ഉപയോഗിക്കുകയാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി . ബഡ്സ് സ്കൂളിലേയ്ക്കായി ആവശ്യത്തിലും അധികം കസേരകൾ വാങ്ങുകയും അവ നഗരസഭാ ആവശ്യത്തിനായി ഉപയോഗിക്കുകയും ചെയ്തത് ശരിയായ നടപടിയല്ല. ബഡ്സ് സ്കൂൾ പദ്ധതിപ്രകാരം വാങ്ങിയ കസേരകൾ നഗരസഭ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനാൽ , ആയതിന്റെ മൂല്യത്തിന് തുല്യമായ തുകയ്ക്കുള്ള (76x1,099.99= 83,599/-) പദ്ധതി ബഡ്സ് സ്കൂളിനായി ആവിഷ്കരിച്ച് നടപ്പാക്കി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

മേൽ പരാമർശിക്കുന്ന അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ പദ്ധതിക്കായി ചെലവഴിച്ച 2,49,844/- രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 26 തിയതി 23.10.2021)

## <u>1-43 സ്വച്ഛ് ഭരത് മിഷൻ (നഗരം) - ഖരമാലിന്യപരിപാലനം പദ്ധതി - ഫണ്ട് നഷ്ടപ്പെടുത്തി.</u>

കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ സ്വച്ഛ് ഭരത് മിഷൻ (നഗരം) പദ്ധതി പ്രകാരമുള്ള ഖരമാലിന്യ പരിപാലന പദ്ധതി നഗരസഭയിൽ നടപ്പാക്കുന്നതിന് 1.68 കോടി രൂപ അടങ്കലുള്ള പദ്ധതിയ്ക്ക് (DPR) സംസ്ഥാന തല ഉന്നതാധികാര സമിതി 27.04.2018 ന് അംഗീകാരം നൽകിയിരുന്നു. ഇതനുസരിച്ച് ആദ്യഘട്ട വിഹിതം ഇനത്തിൽ 36.77 ലക്ഷം രൂപ 2018-19 വർഷം നഗരസഭയ്ക്ക് ലഭിക്കുകയും ചെയ്തിരുന്നു. ഇതുപ്രകാരം പദ്ധതികൾ നടപ്പിലാക്കുന്നതിന് 2018-19, 2019-20 വാർഷിക പദ്ധതികളിൽ പദ്ധതികൾ രൂപീകരിച്ചിരുന്നുവെങ്കിലും അങ്കണവാടികൾക്ക് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ എന്ന പദ്ധതിയാണ് നടപ്പാക്കുവാൻ സാധിച്ചത്. റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ എന്ന പദ്ധതി ഭാഗീകമായി നടപ്പിലാക്കിയിട്ടുണ്ട്. സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുവാൻ സാധിക്കാത്തതിനാൽ കേന്ദ്ര വിഹിതമിനത്തിൽ ലഭിച്ച തുക വിനിയോഗിക്കപ്പെടാതെ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ സ്ഥിതി ചെയ്യുകയാണ്. പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ (ICICI ബാങ്ക്) 31.3.2020 ൽ 40.88 ലക്ഷം രൂപ (പലിശയുൾപ്പടെ) വിനിയോഗിക്കുവാൻ അവശേഷിക്കുന്നുണ്ട്.

2) സ്വച്ഛ് ഭരത് മിഷൻ (നഗരം) പദ്ധതി- കേന്ദ്ര /സംസ്ഥാന വിഹിതം ഇനത്തിലെ ബാലൻസ് തുക പദ്ധതി നടപ്പാക്കുന്ന നഗരസഭകൾക്കായി വീതിച്ച് നൽകുവാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.2.2020 ലെ 2641/ഡി1/2018/എസ്.എം നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇത് പ്രകാരം നീലേശ്വരം നഗരസഭയ്ക്ക് 12,28,610/- രൂപ അനുവദിച്ചിരുന്നതാണ്. തുക മാറിയെടുക്കുന്നതിനായി 31.3.2020 ന് ട്രഷറിയിൽ ബിൽ സമർപ്പിച്ചുവെങ്കിലും ബിൽ പാസ്സായി തുക നഗരസഭാ അക്കൗണ്ടിൽ വരവ് വന്ന് കാണുന്നില്ല. തുടർന്ന് 2020-21 വർഷവും തുക മാറിയെടുക്കുവാനുള്ള നീക്കം നഗരസഭയുടെ ഭാഗത്ത് നിന്നും ഉണ്ടായിക്കാണുന്നില്ല. ഇതുമൂലം ശുചിത്വ മിഷനിൽ നിന്നും ലഭ്യമാവേണ്ട 12.28 ലക്ഷം രൂപ നഗരസഭയ്ക്ക് നഷ്ടപ്പെടുകയുണ്ടായി .

പദ്ധതി നടത്തിപ്പിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിക്കാത്തതിനാൽ അംഗീകരിച്ച DPR പ്രകാരമുള്ള അടങ്കൽ വ്യത്യാസപ്പെടാതെ ഓരോ ഘടകത്തിന്റേയും എണ്ണത്തിലോ തുകയിലോ ഭേദഗതി വരുത്തി സംസ്ഥാന ശുചിത്വ മിഷന് സമർപ്പിക്കുവാൻ 15.6.2020 ലെ 275/സി2/2008/എസ്.എം കത്ത് പ്രകാരം ജില്ലാ ശുചിത്വമിഷനിൽ നിന്നും ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് ഭേദഗതി വരുത്തിയ പ്രൊപ്പോസൽ 27/72020 നഗരസഭ സമർപ്പിച്ചിരുന്നു. തുടർന്ന് ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭിച്ച് കാണുന്നില്ല.

പദ്ധതി നടത്തിപ്പ് പുരോഗതി സംബന്ധിച്ചും, രണ്ടാം ഗഡു നഗരസഭയ്ക്ക് ലഭിക്കാതെ പോയത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം 26/23.10.2021 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ഖരമാലിന്യ പരിപാലന പദ്ധതിയ്ക്കായി ലഭിച്ച തുക എത്രയും വേഗം ഫലപ്രദമായി വിനിയോഗിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-44 പി.എം.എ.വൈ. ഭവന പദ്ധതി.

സ്വന്തമായി സ്ഥലമുള്ള വാസയോഗ്യമായ ഭവനം ഇല്ലാത്ത എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് സംസ്ഥാന സർക്കാരിന്റെയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ നീലേശ്വരം നഗരസഭയിൽ 2016-17 വർഷം പൂർത്തീകരിക്കുകയും 153 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന ആദ്യഘട്ട ഡി.പി.ആറിന് ബന്ധപ്പെട്ട സംസ്ഥാനതല സമിതികൾ 2017 ഫെബ്രുവരി മാസം അംഗീകാരം നല്കുകയും ചെയ്യുകയുണ്ടായി. തുടർന്ന് പദ്ധതിയ്ക്കായി കൂടുതൽ ഗുണഭോക്താക്കൾ അപേക്ഷിച്ചതിനാൽ 298 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി രണ്ടാം ഘട്ട ഡി.പി.ആറും,153 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി മൂന്നാം ഘട്ട ഡി.പി.ആറും,82 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി നാലാം ഘട്ട ഡി.പി.ആറും,64 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി അഞ്ചാം ഘട്ട ഡി.പി.ആറും തയ്യാറാക്കി അംഗീകാരം വാങ്ങുകയും ചെയ്തു. പദ്ധതി പ്രകാരം ഗുണഭോക്താക്കൾ കരാറുടമ്പടി ഒപ്പുവെച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് 2017-18 സാമ്പത്തിക വർഷമാണ്. ആദ്യ ഘട്ടത്തിൽ പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് മൂന്ന് ലക്ഷം രൂപയായിരുന്നു (1,50,000രൂപ കേന്ദ്ര വിഹിതം, 50,000 രൂപ വീതം സംസ്ഥാന സർക്കാർ വിഹിതം,തദ്ദേശസ്വയംഭരണ സ്ഥാപനം വിഹിതം, ഗുണഭോക്തൃവിഹിതം). പദ്ധതിപ്രകാരമുള്ള ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് ലൈഫ് പദ്ധതി ഭവനങ്ങളുടെ യൂണിറ്റ് നിരക്കുമായി ഏകീകരിച്ച് നാലു ലക്ഷം രൂപയാക്കി സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്(ജി.ഒ.(എം.എസ്.)നം.29/2018 L.S.G.D. തി.28.02.2018). എന്നാൽ ഇതു പ്രകാരമുള്ള അധിക നിരക്ക് ഇതുവരെയും ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടില്ല. തദ്ദേശസ്വയം ഭരണ സ്ഥാപന വിഹിതം, ഗുണഭോക്തൃ വിഹിതം,കേന്ദ്ര-സംസ്ഥാന വിഹിതം,ബാങ്ക് പലിശ എന്നീയിനങ്ങളിൽ 31.03.2020 വരെ 8,32,33,179/-രൂപ പദ്ധതിയ്ക്കായി ലഭ്യമായിട്ടുണ്ട് . ഇതിൽ 8,31,97,951/- രൂപ 31.03.2020 വരെ പദ്ധതിയ്ക്കായി വിനിയോഗിച്ചിട്ടുണ്ട്.

31.03.2020 വരെ ഉള്ള പദ്ധതി പുരോഗതി സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ഇനം | വിശദാംശങ്ങൾ (31-03-2020) |
|---|---|---|
| 1 | ആകെ DPR | 5 |
| 2 | ആകെ ഗുണഭോക്താക്കൾ (അഞ്ച് DPR പ്രകാരം) | 750 |
| 3 | അർഹതപ്പെട്ട ഗുണഭോക്താക്കൾ (പരിശോധനയ്ക്ക് ശേഷം) | 597 |
| 4 | കെട്ടിട നർമ്മാണ പെർമിറ്റ് ലഭിച്ചവർ | 595 |
| 5 | എഗ്രിമെന്റ് ഒപ്പുവെച്ചവർ | 569 |
| 6 | നിർമ്മാണം ആരംഭിച്ചവർ | 559 |
| 7 | നിർമ്മാണം പൂർത്തിയാക്കിയവർ | 439 |
| 8 | ആകെ ലഭ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം | 240 ലക്ഷം |
| 9 | ആകെ ലഭ്യമായ കേന്ദ്ര-സംസ്ഥാന വിഹിതം | 970.4 ലക്ഷം |
| 10 | ആകെ ലഭ്യമായ ബാങ്ക് പലിശ | 12.41 ലക്ഷം |
| 11 | ഹഡ്കോ ലോൺ | 874 ലക്ഷം |
| 12 | ജിയോ ടാഗിംഗ് പൂർത്തീകരിച്ചത് | 450 |
| 13 | ആകെ വരവ് | 6,51,56,534 |

| | | |
|---|---|---|
| 14 | 29.01.2020 വരെ ആകെ ചെലവ് | 2070.4ലക്ഷം |
| 15 | എഗ്രിമെന്റ് വെയ്ക്കുവാൻ അവശേഷിക്കുന്നവർ | 28 |

പദ്ധതിയ്ക്കായി ലഭ്യമാവേണ്ട കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ലഭ്യമാക്കുവാനും, ഇതിനനുസൃതമായ തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം ഉൾപ്പെടുത്തി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-45 ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നില്ല- തീർപ്പാക്കുവാനവശേഷിക്കുന്നത് 524 ഖണ്ഡികകൾ

സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള നീലേശ്വരം നഗരസഭയുടെ 1987-88 മുതൽ 2018-19 വരെയുള്ള കാലയളവുകളിലെ 27 ഓഡിറ്റ് റിപ്പോർട്ടുകളിലായി 524 പരാമർശങ്ങൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നു. നീലേശ്വരം ഗ്രാമ പഞ്ചായത്ത് നഗരസഭയായി മാറിയ 2010-11 വർഷത്തിന് മുമ്പുള്ള 20 റിപ്പോർട്ടുകളും 2010-11 വർഷം മുതലുള്ള 7 റിപ്പോർട്ടുകളും ഇതിൽ ഉൾപ്പെടുന്നു. ഗ്രാമ പഞ്ചായത്ത് ആയിരുന്ന കാലഘട്ടത്തിലെ റിപ്പോർട്ടുകളിലെ പരാമർശങ്ങൾ പരിഹരിക്കുന്നതിന് നഗരസഭാ അധികൃതർ നിലവിൽ യാതൊരു നടപടിയും സ്വീകരിച്ച് കാണുന്നില്ല. അതു പോലെ തന്നെ നഗരസഭ രൂപീകൃതമായ ശേഷം പുറപ്പെടുവിച്ച റിപ്പോർട്ടുകൾക്ക് സമയബന്ധിതമായി മറുപടി നൽകുവാനും തടസ്സങ്ങൾ തീർപ്പാക്കുവാനും അധികൃതർ ശ്രദ്ധ പുലർത്തിക്കാണുന്നില്ല. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് നാളിതുവരെ പ്രഥമ മറുപടി സമർപ്പിച്ചിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചുകഴിഞ്ഞാൽ , കേരള മുനിസിപ്പാലിറ്റി ( പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2), 14(3), 15 (1), 15(2), 15(3), 21 എന്നിവയനുസരിച്ച് ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്. പലപ്പോഴും ഇപ്രകാരമുള്ള നടപടികൾ യഥാസമയം സ്വീകരിക്കപ്പെടാത്തത് മൂലമോ വൈകി സ്വീകരിക്കപ്പെടുന്നതുമൂലമോ ഓഡിറ്റ് പരാമർശങ്ങൾ പൂർണ്ണമായും തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്ന സാഹചര്യം ഉണ്ടാകുന്നു.

ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്കും അപാകതകൾ പരിഹരിക്കുന്നതിന് നല്കുന്ന നിർദ്ദേശങ്ങൾക്കും അർഹമായ പ്രാധാന്യം നൽകാൻ ഭരണസമതിയും ഉദ്യോഗസ്ഥ സംവിധാനവും ശ്രദ്ധിക്കേണ്ടതാണ്. വിവിധ റിപ്പോർട്ടുകളിലായി പരാമർശിച്ചതും നിലവിലും ആവർത്തിക്കുന്നതുമായ അപാകതകൾ പരിഹരിക്കുന്നതിനും, ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടം അനുശാസിക്കുന്ന പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേകശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിലുള്ള പുരോഗതി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡമാകയാൽ ഓഡിറ്റ് പരാമർശങ്ങൾ ചട്ടപ്രകാരം യഥാസമയം തന്നെ തീർപ്പാക്കുന്നതിന് നഗരസഭ കൗൺസിൽ പ്രത്യേക പരിഗണന നൽകേണ്ടതാണ്. പഴയ ഓഡിറ്റ് റിപ്പോർട്ടുകൾ (2010-11 ന് മുമ്പുള്ളവ) തീർപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നഗരസഭാ സെക്രട്ടറി, സൂപ്രണ്ട് എന്നിവരുടെ നേതൃത്വത്തിൽ ഊർജ്ജിതപ്പെടുത്തേണ്ടതും, പരാമർശങ്ങൾക്കുള്ള മറുപടികൾ ക്രോഡീകരിച്ച് എത്രയും വേഗം ഓഡിറ്റിന് സമർപ്പിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് നഗരസഭാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടേയും, കൗൺസിലിന്റേയും പ്രത്യക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-46 ചെയർമാന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

2003ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം നീലേശ്വരം നഗരസഭയിൽ ചെയർമാന്റെ ദുരിതാശ്വാസ നിധിരൂപീകരിച്ചിട്ടുണ്ട്. നീലേശ്വരം കോപ്പറേറ്റീവ് അർബൻ ബാങ്കിലുള്ള ദുരിതാശ്വാസ നിധിയുടെ അക്കൗണ്ടിൽ (അക്കൗണ്ട് നം-102349) 2019-2020 വർഷം വരവ്-ചെലവ് ഒന്നുമില്ല. 2015 നവംബർ മാസത്തിനുശേഷം ഈ അക്കൗണ്ടിൽ ഇടപാടുകളൊന്നും ഇല്ല. ഈ അക്കൗണ്ടിൽ 31.03.2021 ന് 15,360/-രൂപ നീക്കിയിരിപ്പുണ്ട്. ചെയർമാന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-47 നഗരസഭ പെൻഷൻഫണ്ട്- അവലോകനം

1996 ലെ കേരളാ മുനിസിപ്പൽ (ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2), 8, 10 എന്നിവ പ്രകാരം നഗരസഭയിലെ റഗുലർ ജീവനക്കാരുടെയും, 1996 ലെ കേരളാ മുനിസിപ്പൽ

(കണ്ടിൻജന്റ് ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം നഗരസഭയിലെ കണ്ടിൻജന്റ് ജീവനക്കാരുടെയും 2019-20 വർഷത്തെ പെൻഷൻ വിഹിതത്തിന്റെ ഒടുക്ക്, പെൻഷൻ വിതരണത്തിനായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച തുക അവയുടെ വിനിയോഗം, പെൻഷൻ വിതരണം എന്നിവ പരിശോധിച്ചു.

A)നഗരസഭാ റഗുലർ ജീവനക്കാരുടെ പെൻഷൻഫണ്ട്.

1996 ലെ കേരളാ മുനിസിപ്പൽ (ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി സെക്രട്ടറി സർക്കാർ ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ് ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും, പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നഗരകാര്യ ഡയറക്ടർ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നൽകുന്ന തുക ഈ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്. എന്നാൽ നീലേശ്വരം നഗരസഭയിൽ റഗുലർ ജീവനക്കരുടെ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി ഇത്തരത്തിലുള്ള മുനിസിപ്പൽ പെൻഷൻ ഫണ്ട് ഇല്ല. നിലവിൽ നഗരസഭയുടെ തനത് ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നീലേശ്വരം ശാഖയിലുള്ള അക്കൗണ്ടിൽ (നം.67182813170) നിന്നാണ് പെൻഷൻ സംബന്ധിച്ച ഇടപാടുകൾ നടത്തുന്നത്. നഗരസഭയിൽ റഗുലർ ജീവനക്കരുടെ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി മുനിസിപ്പൽ പെൻഷൻ ഫണ്ട് ആരംഭിക്കാത്തത് ചട്ടവിരുദ്ധമാണ്. എത്രയും പെട്ടെന്ന് പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക അക്കൗണ്ട് തുടങ്ങി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2019-20 സാമ്പത്തിക വർഷം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് തുകയൊന്നും ലഭിച്ചിട്ടില്ല. തൻവർഷം നഗരസഭയിൽ നിന്നും 2 പേരാണ് പെൻഷൻ കൈപ്പറ്റുന്നത്. നഗരസഭയിൽ നിന്നും വിരമിച്ച ശ്രീ.ശശി.കെ.വി (സീനിയർ ക്ലാർക്ക്), ശ്രീ.ബാബു.പി.എം. (സൂപ്രണ്ട്) എന്നിവർക്ക് പെൻഷൻ നൽകുന്നതിന് തൻവർഷം 2,99,892/- രൂപ ചെലവഴിച്ചിട്ടുണ്ട്.

1996 ലെ കേരളാ മുനിസിപ്പൽ (ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം നഗരസഭയിലെ റഗുലർ ജീവനക്കാരുടെ പ്രതിമാസ മൊത്ത വേതനത്തിന്റെ 15% തുക പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്, കൂടാതെ ചട്ടം 8 പ്രകാരം പെൻഷൻ വിഹിതം അതേ മാസത്തെ ശമ്പള ബില്ലിനോടൊപ്പം പിൻവലിച്ച് 25-ാം തീയതിക്ക് മുൻപായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. നിലവിൽ നഗരസഭയിലെ 24 റഗുലർ ജീവനക്കാർ പെൻഷൻ വിഹിതം ഒടുക്കുന്നുണ്ട്. തൻ വർഷം 11,75,279/-രൂപ പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. ജീവനക്കാരിൽ നിന്നും ഈടാക്കുന്ന പെൻഷൻ വിഹിതം ചട്ടം പ്രകാരമുള്ള സമയപരിധിക്കകം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നുണ്ട്. ഇതു കൂടാതെ 10 ജീവനക്കാർ എൻ.പി.എസ് പെൻഷൻ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ട്. ഇവരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും കോൺട്രിബ്യൂഷൻ തുക കുറവ് ചെയ്ത് നഗരസഭാ വിഹിതവും ചേർത്ത് ഒടുക്കുന്നുണ്ട്.

B)നഗരസഭാ കണ്ടിൻജന്റ് ജിവനക്കാരുടെ പെൻഷൻഫണ്ട്.

1996 ലെ കേരളാ മുനിസിപ്പൽ (കണ്ടിൻജന്റ് ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(1) പ്രകാരം നഗരസഭയിലെ കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ വിതരണത്തിന് നീലേശ്വരം നഗരസഭ പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടില്ല. ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരുടെയും അതാത് മാസത്തെ മൊത്തവേതനത്തിന്റെ 15% തുക പെൻഷൻ വിഹിതമായി പിരിച്ച് ഈ ഫണ്ടിൽ ഒടുക്കേണ്ടതാണ്. നിലവിൽ ഈ വിഹിതം പിരിക്കുന്നില്ല എന്നാണ് നഗരസഭ അറിയിച്ചത്. ഇത് ചട്ടപ്രകാരം തെറ്റായ നടപടിയാണ്. കണ്ടിൻജന്റ് പെൻഷൻ ഫണ്ടിലേക്ക് വിഹിതം നൽകേണ്ട 7 ജീവനക്കാർ നിലവിൽ നഗരസഭയിൻ ജോലിചെയ്യുന്നുണ്ട്. ഇതു കൂടാതെ ഒരു ജീവനക്കാരൻ എൻ. പി.എസ് പെൻഷൻ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ടെങ്കിലും അദ്ദേഹത്തിന് പ്രാൺ നമ്പർ ലഭ്യമാക്കിയിട്ടില്ല. 09.01.2015ന് നീലേശ്വരം നഗരസഭയിൽ സാനിറ്റേഷൽ വർക്കർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ഇദ്ദേഹത്തിന്റെ പ്രതിമാസ ശമ്പളത്തിൽ നിന്നും കോൺട്രിബ്യൂഷൻ തുക കുറവ് ചെയ്ത് നഗരസഭയുടെ തനത് ഫണ്ടിൽ സൂക്ഷിക്കുകയാണ് ചെയ്തുവരുന്നത്.നിലവിൽ ആരുംതന്നെ നഗരസഭയിൽ നിന്നും കണ്ടിജന്റ് പെൻഷൻ കൈപ്പറ്റുന്നില്ല. എത്രയും പെട്ടെന്ന് കണ്ടിൻജന്റ് പെൻഷൻ വിതരണത്തിനായി പ്രത്യേക അക്കൗണ്ട് തുടങ്ങി ചട്ട പ്രകാരമുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക എല്ലാ മാസവും പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്, ശ്രീ. മെബിൻ. എ.പി,

സാനിറ്റേഷൽ വർക്കർക്ക് എത്രയും വേഗത്തിൽ പ്രാൺ നമ്പർ ലഭ്യമാക്കി എൻ.പി.എസ് പെൻഷൻ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഈ 2 കാര്യങ്ങളും അടുത്ത വർഷത്തെ ഓഡിറ്റിന് മുമ്പ് ചെയ്ത് വിശദവിവരങ്ങൾ അറിയിക്കേണ്ടതാണ്

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന്റെ ഭാഗമായി കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/തിയതി |
|---|---|---|
| 2019-20 | 11.10.2021 മുതൽ 13.10.2021 വരെ | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിൽ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| സ്ഥാപനത്തിന്റെ പേര് | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം / ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | ബഡ്സ് സ്കൂൾ കുടിവെള്ള സൗകര്യം | ബിൽ.നം.00861236/ തി.23.11.2019 | 87,416/- | - | 87,416/- |
| KSEB | ഇ.എം.എസ്.സ്റ്റേഡിയം HT ലൈൻ ഷിഫ്റ്റിംഗ് | ബിൽ.നം.07/ തി.13.06.2019 | 1,18,155/- | - | 1,18,155/- |
| KSEB | താലൂക്ക് ആശുപത്രിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | ബിൽ.നം. 00422072/ തിയതി 06.08.2019 | 9,74,360/- | 9,74,360/- | 0 |

### 4-4 മൊബലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

### 4-5 വായ്പ /വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ 5.30 കോടി രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ

കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC PMAY-LIFE | GO(MS)No. 68/2018 Dtd.18.5.2018 | 690 Lakhs (Upto 31.3.2020) | 1,60,00,000/- + തൻവർഷ വരവ് 5,30,00,000/- = ആകെ 6,90,00,000/- | 5533333 | 0 | 6,34.66,667 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 50,25,000/- |
| തൻവർഷം നിക്ഷേപിച്ചത് | ഇല്ല |
| ആകെ | 50,25,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന തുക | 50,25,000 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം.(31-03-2020)**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | എ.കെ.ജി ഹോസ്പിറ്റലിന്റെ 5 ഷെയറുകൾ (5000x5) | ലഭ്യമല്ല | ലഭ്യമല്ല | 25,000/- | - |
| 2 | സർട്ടിഫിക്കറ്റ് നം 69/ 26.12.2016 (ക്ലീൻ കേരള കമ്പനി) | 26.12.2016 | ലഭ്യമല്ല | 50,00,000/- | - |
| | | | ആകെ | 50,25,000/- | - |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,33,274/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2.2(A) | 33649/- | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | 119060-400005 Dtd. 11.7.2019 |
| 2017-18 | 2-2 | 99,625/- | വൊഡാഫോൺ ഐഡിയ ലിമിറ്റഡ് | 119060-400018 Dtd. 15-10-2019 |
| | ആകെ | 1,33,274 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 83 | 2003-04 | 3-14-3-1 | നീലേശ്വരം കോട്ടപ്പുറം കടഞ്ഞിമൂല നടപ്പാലം റിപ്പയർ അധിക നിരക്ക് അനുവദിച്ചത് | നഷ്ട തുക നാളിതുവരെ ഈടാക്കിയിട്ടില്ല . ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി (2021-23)- പരിഗണനയിൽ. 02.9.2021 ന് സമിതി സിറ്റിംഗ് നടത്തി . |
| ഖരമാലിന്യ പരിപാലനം പ്രവർത്തന അവലോകനം 2012-13 | - | 2012-13 | 3.1.5.6 പട്ടിക പേജ് 51 | മാലിന്യ ശേഖരണ സംവിധാനമില്ല | സമിതി നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധന റിപ്പോർട്ട് 27.4.2017 ന് സമർപ്പിച്ചിട്ടുണ്ട് . തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു (സമിതി പരിഗണനയിൽ- LFAC(2014-16) 65മത് റിപ്പോർട്ട് ) |
| -ടി- | - | 2012-13 | 3.1.5.10 പട്ടിക പേജ് 57 | മാലിന്യ പ്ലാന്റ് പ്രവർത്തിക്കുന്നില്ല | സമിതി നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധന റിപ്പോർട്ട് 27.4.2017 ന് സമർപ്പിച്ചിട്ടുണ്ട് . തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു (സമിതി പരിഗണനയിൽ LFAC(2014-16) 65 മത് റിപ്പോർട്ട് ) |
| -ടി- | - | 2012-13 | 3.1.5.11 പട്ടിക പേജ് 62 | മാലിന്യ പ്ലാന്റിന് അനുവദിച്ച തുക കെട്ടിക്കിടക്കുന്നു | സമിതി നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധന റിപ്പോർട്ട് 27.4.2017 ന് സമർപ്പിച്ചിട്ടുണ്ട് . തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു (സമിതി പരിഗണനയിൽ LFAC(2014-16) 65 മത് റിപ്പോർട്ട് ) |
| -ടി- | - | 2012-13 | 3.1.5.13 പട്ടിക പേജ് 69 | വകയിരുത്തിയ തുക പൂർണ്ണമായി വിനിയോഗിക്കുന്നില്ല | സമിതി നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധന റിപ്പോർട്ട് 27.4.2017 ന് സമർപ്പിച്ചിട്ടുണ്ട് .തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു (സമിതി പരിഗണനയിൽ LFAC (2014-16) 65 മത് റിപ്പോർട്ട് ) |
| തദ്ദേശ | - | 2017-18 | 2-1 | സർക്കാർ | മറുപടി |

| | | | | | |
|---|---|---|---|---|---|
| സ്ഥാപനങ്ങളിലെ ഈ ഗവേൺൻസ് സംവിധാനം -അവലോകന റിപ്പോർട്ട് 2017-18 | | | (പേജ് 307to 320 & 467 To 482) | നിഷ്കർഷിച്ച പ്രകാരമുള്ള കമ്പ്യൂട്ടറുകൾ ഇല്ല | ലഭ്യമാക്കിയിട്ടില്ല . പരാമർശം തുടരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക

ഇല്ല.

ബി) സർചാർജ്ജ് നടപടി മുഖേന ഈടാക്കിയ /ഈടാക്കുവാനുള്ള തുകയുടെ വിവരം

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക. നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രശീതി നമ്പർ, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക ,/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2013-14 2014-15 | 3-1, 3-15 Part | ജാക്സൺ ജോസഫ് മുനിസിപ്പൽ എഞ്ചിനിയർ) | KSA.2851/ Spl.Cell/Csc/ C2/18 തി. 20.08.20 | 106216 | 106216 | | | | 106216 | 0 | Rt.No.01/ 120060 111145/ Dt 12.03.21 പ്രകാരം തുക ഒടുക്കി |
| 2 | 2013-14 2014-15 | ഖ. 3.8, 3-14 (Part) , 3.15 (Part) | ടി.ടി രമേശൻ അസി. എക്സി. എഞ്ചിനിയർ. | KSA.2851/ Spl.Cell/Csc/C2/18 തിയതി. 27.10.20 | 53,233 | ₹53,233 | | | | ₹53,233/- | 0 | Rt.No.01/ 120060 106495/ Dt 30.11.20 പ്രകാരം തുക ഒടുക്കി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 18,02,70,760 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 19,66,11,412 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 27,63,763/- |

**ബി).** നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖ.നം | തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| | | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 22.057/- | മനോജ് കുമാർ.ടി , സെക്രട്ടറി |
| 1-19 | 15,188/- | മനോജ് കുമാർ.ടി , സെക്രട്ടറി |
| 1-20 | 21,371/- | ശിവജി സി.കെ , സെക്രട്ടറി |
| 1-21 | 24,785/- | ശിവജി സി.കെ , സെക്രട്ടറി |
| 1-22 | 17,922/- | ശിവജി സി.കെ , സെക്രട്ടറി |
| 1-23 | 1,18,155/- | മനോജ് കുമാർ.ടി , സെക്രട്ടറി |
| 1-24 | 31,200/- | മനോജ് കുമാർ.ടി , സെക്രട്ടറി |
| 1-25 | 42,311/- | മനോജ് കുമാർ.ടി , സെക്രട്ടറി |
| 1-26 | 1,60,000/- | മനോജ് കുമാർ.ടി , സെക്രട്ടറി |
| 1-27 | 1,40,000/- | മനോജ് കുമാർ.ടി , സെക്രട്ടറി |
| 1-28 | 1,47,000/- | മനോജ് കുമാർ.ടി , സെക്രട്ടറി |
| | 2,20,000/- | ശിവജി സി.കെ |
| 1-38 | 1,04,983/- | സതീഷ് കുമാർ.പി.വി , പട്ടിക ജാതി വികസന ഓഫീസർ |
| 1-39 | 4,61,042/- | സതീഷ് കുമാർ.പി.വി , പട്ടിക ജാതി വികസന ഓഫീസർ |
| 1-40 | 6,87,906/- | ഡോ.ജമാൽ അഹമ്മദ് .എ , സൂപ്രണ്ട് താലൂക്ക് ആശുപത്രി |
| 1-41 | 2,99,999/- | ഡോ.ജമാൽ അഹമ്മദ് .എ , സൂപ്രണ്ട് താലൂക്ക് ആശുപത്രി |
| 1-42 | 2,49,844/- | പ്രമോദ്.കെ , പ്രൊജക്ട് ഓഫീസർ ദാരിദ്ര്യ ലഘൂകരണ വിഭാഗം |
| ആകെ | 27,63,763/- | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 20,000/-<br>ആദായനികുതി | ഗണേശൻ .കെ<br>മുനിസിപ്പൽ എഞ്ചിനിയർ |

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

**(ഇ)** ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1987-88, 1988-89 | എൽ.എഫ്.കെ.എസ്.ഡി5/233/99തിയ്യതി.09.12.2000 | 3 |
| 1989-90,90-91 | എൽ.എഫ്.കെ.എസ്.ഡി5/212/00തിയ്യതി.19.12.2000 | 6 |
| 1991-92 | എൽ.എഫ്.കെ.എസ്.ഡി7/491/93തിയ്യതി.22.12./1993 | - |
| 1992-93,93-94, 94-95,95-96 | എൽ.എഫ്.കെ.എസ്.ഡി4/628/05തിയ്യതി.6.6.06 | 6 |
| 1996-97 | എൽ.എഫ്.കെ.എസ്.ഡി4/612/97തിയ്യതി.14.5.99 | 15 |
| 1997-98 | എൽ.എഫ്.കെ.എസ്.ഡി5/539/99തിയ്യതി.3.4.00 | 21 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി5/694/00തിയ്യതി.21.12.02 | 25 |
| 1999-00 | എൽ.എഫ്.കെ.എസ്.ഡി5/348/01തിയ്യതി.27.8.03 | 34 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി5/589/04തിയ്യതി.18.5.06 | 10 |

| | | |
|---|---|---|
| 2001-02 | എൽ.എഫ്.കെ.എസ്.ഡി4119/06തിയ്യതി.23.1.07 | 20 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി4/590/04തിയ്യതി.3.4.06 | 5 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി3/1011/07തിയ്യതി.15.9.04 | 14 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി3/772/09തിയ്യതി.10.5.11 | 22 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി3/773/09തിയ്യതി.12.7.11 | 16 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി3/773/09തിയ്യതി.8.7.11 | 30 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി3/498/10തിയ്യതി.29.9.2011 | 15 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി3/499/10തിയ്യതി.12.09.2011 | 23 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി3/622/10തിയ്യതി.22.9.11 | 21 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി4/689/10തിയ്യതി.20.10.2011 | 23 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി4/397/11തിയ്യതി.13.12.2011 | 21 |
| 2010-11 | എൽ.എഫ്.കെ.എസ്.ഡി6/364/11തിയ്യതി.05.09.2012 | 34 |
| 2011-12& 2012-13 | എൽ.എഫ്.കെ.എസ്.ഡി6/602/14 തിയ്യതി.16.2.15 | 28 |
| 2013-14 & 2014-15 | എൽ.എഫ്.കെ.എസ്.ഡി4/309/14 തി.27.07.2016 | 17 |
| 2015-16 | കെ.എസ്.എ.കെ.എസ്.ഡി4/103/17 തി.02.02.2017 | 21 |
| 2016-17 | കെ.എസ്.എ.കെ.എസ്.ഡി4/1039/17 തി.04.10.2017 | 31 |
| 2017-18 | കെ.എസ്.എ.കെ.എസ്.ഡി4/173/19 തി.08.03.2019 | 37 |
| 2018-19 | കെ.എസ്.എ.കെ.എസ്.ഡി4/173/19 തി.08.03.2019 | 26 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുൻസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുൻസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | **Nileswaram Municipality**<br>**INCOME & EXPENDITURE STATEMENT** | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 14837740.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 6292.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 677226.00 |
| 140000000 | Fee & User Charges | I-4(b) | 3910394.00 |
| 150000000 | Sale & Hire Charges | I-5(b) | 792270.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 190704403.00 |
| 171000000 | Interest Earned | I-8 | 708836.00 |
| 180000000 | Other Income | I-9 | 583927.00 |
| | **Total Income** | | **212221088.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 25156384.00 |
| 220000000 | Administrative Expenses | I-11(b) | 8883564.00 |
| 230000000 | Operations & Maintenance | I-12(b) | 3396717.00 |
| 240000000 | Interest & Finance Charges | I-13 | 57539.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 132428528.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 8904705.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 10315396.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 3034891.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 17224.00 |
| | **Total Expenditure** | | **192194948.00** |
| | **Gross Surplus/ Deficit of income over Expenditure** | | **20026140.00** |
| 280000000 | Prior Period Item | I-18 | 2298024.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **17728116.00** |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം - 4
## റസീറ്റ് & പെമെന്റ് സ്റ്റേറ്റ്മെന്റ്

| Nileswaram Municipality<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 71914543.49 |
| Cash | Cash | RP-40(a) | 52449.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 2733695.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 6292.00 |
| 130000000 | Rental income from Panchayat Properties | RP-3 | 9083.00 |
| 140000000 | Fees & User Charges | RP-4 | 2739144.00 |
| 150000000 | Sale & Hire Charges | RP-5 | 792270.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 75796509.00 |
| 171000000 | Interest Earned | RP-8 | 708836.00 |
| 180000000 | Other Income | RP-9 | 883927.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 8121989.00 |
| | **Non Operating** | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 79975506.00 |
| 340000000 | Deposits Received | RP-27 | 522980.00 |
| 350000000 | Other Liabilities | RP-29 | 7948604.00 |
| 460000000 | Loans, Advances and Deposits | RP-41 | 31925.00 |
| | **Grand total** | | **252237752.49** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-10 | 9401687.00 |
| 220000000 | Administrative Expenses | RP-11 | 3063459.00 |
| 230000000 | Operations & Maintenance | RP-12 | 3111207.00 |
| 240000000 | Interest & Finance Charges | RP-13 | 57539.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-14 | 99700988.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 1000000.00 |
| 251000000 | Decentralised Plan Programme-Service Sector | RP-45 | 13501769.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | RP-46 | 10420389.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-47 | 3285791.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 17224.00 |
| 350000000 | Other Liabilities | RP-29 | 8914275.00 |
| 430000000 | Stock-in-hand | RP-36 | 34610.00 |
| | **Non Operating** | | |
| 280000000 | Prior Period Item | RP-19 | 537547.00 |
| 311000000 | Earmarked Funds | RP-22 | 7588.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 2195961.00 |
| 340000000 | Deposits Received | RP-27 | 39400.00 |
| 350000000 | Other Liabilities | RP-29 | 20549319.00 |
| 410000000 | Fixed Assets | RP-31 | 10484551.00 |
| 412000000 | Capital work in Progress | RP-33 | 9296108.00 |
| 460000000 | Loans, Advances and Deposits | RP-41 | 992000.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 55626340.49 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **252237752.49** |

## അനുബന്ധം - 5

## ബാലൻസ് ഷീറ്റ്

**Nileswaram Municipality**

## BALANCE SHEET

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 96557664.30 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 1992989.00 |
| 312000000 | Reserves | B-3 | 144039488.00 |
| | **Total Reserve & Surplus** | | **242590141.30** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13252091.00 |
| | **Total Grants, Contributions for Specific Purposes** | | **13252091.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 0.0 |
| | **Total Loans** | | **0.0** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 3266053.50 |
| 350000000 | Other Liabilities | B-9 | 11298198.48 |
| | **Total Current Liabilities and Provisions** | | **14564251.98** |
| | **TOTAL LIABILITIES** | | **270406484.28** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 185201399.00 |
| 411000000 | Accumulated Depreciation | B-11 | -22430996.00 |
| 412000000 | Capital Work in Progress | B-11 | 28883189.00 |
| | **Total Fixed Assets** | | **191653592.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 5025000.00 |
| | **Total Investments** | | **5025000.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 16710143.79 |
| 450000000 | Cash and Bank Balance | B-17 | 55626340.49 |
| 460000000 | Loans, Advances and Deposits | B-18 | 1391408.00 |
| | | | |
| | **Total Current Assets, Loans and Advances** | | **73727892.28** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **270406484.28** |